RM 1

# മാതേക്കൽ കുടുംബം

പ്രൊഫ. സണ്ണി ടി. മാതേക്കൽ

LM2

**MATHEKAL KUDUMBAM**
(Family History)

By

**Prof- SUNNY T. MATHEKAL**
PULIYANNOOR P.O
PALAI-696573

First Impression April 1992

**PRICE Rs. 40.00**

Published by

**MATHEW C. MATHEKAL**
ARAKUZHA P.O
MUVATTUPUZHA

**Printed at**

St. Martin De Porres Press, Angamaly

RM 3

# പ്രസ്താവന

മാതേയ്ക്കൽ കുടുംബത്തിൽ സംജാതമാകുന്ന ഒരു ചെറുചരിത്ര ഗ്രന്ഥ ത്തിന്റെ പ്രസാധകത്വം വഹിക്കുവാൻ ലഭിച്ച മഹാഭാഗ്യത്തെ കണക്കിലെടുത്തു കൊ് ഈ ആനന്ദം കുടുംബക്കാരുമായി ഞാൻ പങ്കുവയ്ക്കട്ടെ. താരതമേന്യ കുടുംബചരിത്രങ്ങൾ വിരളമാണ്. അടുത്തകാലത്ത് ചെറുകുളം കുടുംബം എന്ന പേരിൽ നമ്മുടെ ഒരു കുടുംബചരിത്രം ബ. ഞറളക്കാട്ടച്ചൻ രചിച്ചിറക്കിയിട്ടു്. അതുപോരായിരുന്നോ, പിന്നെ എന്തിന് ഈ പാഴ്ച്ചെലവ് എന്ന് ബ. ജോണ ച്ചന്റെ ആസ്വാദനത്തിൽ ഒരു ചോദ്യം ഇട്ടുതന്നിട്ടു്. അതിനോടൊപ്പം മറ്റു ചില പോരായ്മകളും അദ്ദേഹം ചൂിക്കാണിച്ചിട്ടു്. അവയ്ക്കുത്തരം പറയാ നുള്ള ചുമതല പ്രസാധകനെയാണ് ഏല്പിച്ചിരിക്കുന്നത്. അതുകൊ് അദ്ദേഹം സംതൃപ്തനായാലും ഇല്ലെങ്കിലും എനിക്കു പറയാനുള്ളത് ഞാനിവിടെ രേഖ പ്പെടുത്തട്ടെ.

ചെറുകുളം കുടുംബം എന്ന പുസ്തകം വായിച്ചിട്ട് മാതേയ്ക്കൽ ശാഖ യിലെ ചില കാരണവന്മാർ അഭിപ്രായപ്പെട്ടു; ഇതൊരു കുടുംബചരിത്രമാണെന്നു പറഞ്ഞുകൂടാ. ഇതിനെ ഒരു വംശാവലി എന്നു പറയുന്നതായിരിക്കും നല്ലത്. മാത്രമല്ല., ചേർക്കേ പല ഭാഗങ്ങളും വിട്ടുപോയിട്ടു്. മാതേയ്ക്കൽക്കാരുടെ സഹകരണക്കുറവുകൊായിരിക്കാം അങ്ങനെ സംഭവിച്ചത്. പ്രധാനപ്പെട്ട ചില കാര്യങ്ങൾക്ക് അവ അർഹിക്കുന്ന പ്രാധാന്യം കൊടുത്തിട്ടുമില്ല. ഇങ്ങനെ പല പോരായ്മകളും അവരെടുത്തുകാട്ടി. വളരെ വ്യാപകമായ ഒരു കുടുംബചരിത്രം എല്ലാവരുടേയും സഹകരണംകൂടാതെ ഇത്രയും ശരിപ്പെടുത്തി എടുത്ത ബ. ഞറ ളക്കാട്ടച്ചനെ എത്ര സ്തുതിച്ചാലും പോരാ. എന്നിരുന്നാലും കുടുംബത്തിന്റെ വ്യാപ്ത്തി കുറച്ചിട്ട് മാതേയ്ക്കൽ ശാഖയുടെ മാത്രം ഒരു ചരിത്രമെഴുതിയാൽ നന്നായിരിക്കും എന്നവർ അഭിപ്രായപ്പെടുക മാത്രമല്ല, നിർബന്ധിക്കുകകൂടി ചെയ്തു. അതിന്റെ ഫലമായിട്ടാണ് ഇങ്ങനെ ഒരു ചെറിയ യത്നത്തിനു മുതിർന്നത്. ഇതേ അഭിപ്രായം പലരും പ്രകടിപ്പിക്കുകയും ചെറുപ്പക്കാർ ഒന്ന ടക്കം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അങ്ങനെ വളരെ വ്യാപകമായി കിട ക്കുന്ന ചെറുകുളം കുടുംബത്തിന്റെ വ്യാപ്തി ഒന്നു കുറച്ചിട്ട് അതിലെ ഒരു ശാഖ മാത്രമായ മാതേയ്ക്കൽ കുടുംബത്തിന്റെ മാത്രം ചരിത്രം എഴുതാമെന്നു പലരും കൂടി തീരുമാനമെടുത്തു. ആ ജോലി പ്രൊഫ. സണ്ണി ടി. മാതേയ്ക്കലിനെ ഏല്പി ക്കയും ചെയ്തു.

..

LM4

ബ.. ജോണച്ചന്റെ രാമത്തെ ആരോപണം ചിലരുടെ ഫോട്ടോകൾ വിട്ടുപോയി എന്നുള്ളതാണ്. പുസ്തകം എഴുതാൻ തീരുമാനമെടുത്ത അവസരത്തിൽത്തന്നെ ബ്ലോക്ക് എടുത്തുതരുന്ന സകല കുടുംബാഗങ്ങളുടേയും ഒറ്റയ്ക്കോ കുടുംബസമേതമോ ആയ ചിത്രങ്ങൾ പുസ്തകത്തിൽ ചേർക്കുമെന്ന് അറിയിച്ചിരുന്നു. ചിലർ തന്നു, പലരും തന്നില്ല. പുസ്തകം അച്ചടി തീരാറായിട്ടും പലരുടേയും ബ്ലോക്ക് കിട്ടിയിരുന്നില്ല. വളരെ ബുദ്ധിമുട്ടിയാണ് പിന്നീട് പലരുടേയും ശേഖരിക്കാൻ സാധിച്ചത്. കിട്ടിയത് എല്ലാം പുസ്തകത്തിൽ ചേർത്തു. കിട്ടാത്തതു ചേർക്കാൻ നിവൃത്തിയില്ലല്ലോ. മനഃപൂർവ്വം ആരുടേയും വിട്ടുകളഞ്ഞിട്ടില്ല. ഫോട്ടോകൾ അതതു വീട്ടുക്കാരുടെ ഭാഗത്തു ചേർത്തിരുന്നെങ്കിൽ നന്നായിരുന്നു.പക്ഷേ, കിട്ടാൻ താമസിച്ചതുകൊ് കിട്ടിയതനുസരിച്ച് സൗകര്യപ്പെട്ട സ്ഥാനങ്ങളിൽ ചേർത്തെന്നുമാത്രം. മാത്രമല്ല, അങ്ങനെ ചിത്രങ്ങൾ ചേർക്കുവാൻ പ്രസ്സുകാർക്ക് അവരുടേതായ ചില സാങ്കേതിക തടസ്സങ്ങളുമു്. വൈദികരുടേയും കന്യാസ്ത്രീകളുടേയും ചിത്രങ്ങൾ മിക്കതും ഒരുമിച്ചാണ് കൊടുത്തിരിക്കുന്നതെങ്കിലും റഫറൻസിന് പേജു നമ്പറും കൊടുത്തിട്ടു്. തീയതികളെ സംബന്ധിച്ചിടത്തോളം എഴുതിക്കിട്ടിയത് അപ്പാടെ ചേർത്തിട്ടു്. എഴുതികിട്ടാത്തത് ചെറുകുളം കുടുംബത്തിൽ നിന്നും എടുത്തു ചേർത്തു. അതിൽ തെറ്റു പറ്റിയിട്ടുോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

ഈ ചെറുഗ്രന്ഥം ഈ തലമുറയ്ക്കും വരും തലമുറയ്ക്കും ഉപകരിക്കുമെന്നുള്ള വിശ്വാസത്തിൽ ഞാനിത് കുടുംബാംഗങ്ങൾക്കു വേി പ്രസാധനം ചെയ്തുകൊള്ളുന്നു.

പ്രസാധകൻ
മാത്യു സി. മാതേയ്ക്കൽ

RM 5

# ഗ്രന്ഥകർത്താവിനു പറയാനുള്ളത്

അവിചാരിതമായിട്ടാണ് ഇങ്ങനെ ഒരുത്തരവാദിത്വം എന്റെ തോളിലേറ്റി വച്ചത്. ആദ്യമാദ്യം ഞാനതിനു വിസമ്മതിച്ചെങ്കിലും എന്റെ സഹോദരങ്ങളുടേയും കാരണവന്മാരുടേയും സമ്മർദ്ദത്തിനു ഞാൻ തലകുനിക്കുകയാണു ചെയ്തത്.

ഈ ചെറുഗ്രന്ഥത്തിന്റെ ആരംഭത്തിനും പൂർത്തീകരണത്തിനും ഞാൻ പലരോടും കടപ്പെട്ടിരിക്കുന്നു. അവരിൽ എടുത്തുപറയേ പേരുകൾ ആണ്–ഒന്ന് ബ. ജോണച്ചൻ. അദ്ദേഹമാണ് ഈ ഗ്രന്ഥത്തിന് ആവശ്യമായ പ്രധാന രേഖകൾ എല്ലാം ശേഖരിച്ചു തന്നത്. രാമത്തേത് മാത്യു സി. മാതേയ്ക്കനാണ്. അദ്ദേഹം വളരെ ബുദ്ധിമുട്ടി പലരേയും പല പ്രാവശ്യം സമീപിച്ച് ബ്ലോക്കുകൾ ശേഖരിച്ചു തന്നു. ഒരു പരിധിവരെ ചെറുകുളം കുടുംബം എന്ന ഗ്രന്ഥം ഈ പുസ്തകത്തിനു രൂപം കൊടുക്കാൻ സഹായിച്ചിട്ടു്. ധാരാളം ജോലിത്തിരക്കുായിട്ടും ഈ ഗ്രന്ഥത്തിന്റെ അച്ചടി ഏറ്റെടുത്തു നന്നായി നടത്തിത്തന്ന അങ്കമാലി അമ്മ പ്രസ്സിനോടു ഞങ്ങൾക്കു കടപ്പാടു്. യഥാസമയം പ്രൂഫ് നോക്കിയും വേ നിർദ്ദേശങ്ങൾ തന്നു സഹായിച്ച സി. ജമ്മ C.S.N.-നോടും ഞങ്ങൾക്കു നന്ദിയു്. ഇതിലെല്ലാം ഉപരിയായി ഈ ഗ്രന്ഥത്തിന്റെ നിർമ്മാണത്തിനു വേി വന്ന സകല ചെലവുകളും തന്നു സഹായിച്ച ബ. മാതേയ്ക്കൽ ജോണച്ചനോടും ബ. കണ്ണാത്തുകുഴി (കല്യേൽ) ജോസഫച്ചനോടും മാതേയ്ക്കൽ കുടുംബം മുഴുവനും കടപ്പെട്ടിരിക്കുന്നു. ഈ ചെറുഗ്രന്ഥത്തിനു ഉചിതമായ ഒരവതാരിക എഴുതിത്തന്ന ബ. മാർസൽ സി.എം. ഐ. അച്ചനും ഞങ്ങളുടെ അകൈതവമായ നന്ദി.

ഈ കുടുംബചരിത്രം അതിന്റെ പൂർണ്ണതയിൽ എത്തിയിട്ടുന്ന് ഞാൻ അഭിമാനിക്കുന്നില്ല. പല തെറ്റുകളും പോരായ്മകളും വന്നുപോയിട്ടുന്ന് എനിക്കറിയാം. എങ്കിലും കഴിവുപോലെ നന്നാക്കാൻ ശ്രമിച്ചിട്ടു്. ഗ്രന്ഥരചനയ്ക്കുശേഷം ചിലരുടെ വിവാഹം നടന്നിട്ടു്. ചിലർ മരിച്ചിട്ടു്. അച്ചടി തീരും മുമ്പ് അറിഞ്ഞിടത്തോളം അതും ചേർക്കാൻ ശ്രമിച്ചിട്ടു്. വല്ലതും വിട്ടുപോയിട്ടുങ്കെിൽ അതും ഇനി സംഭവിക്കാവുന്നതുമായ കാര്യങ്ങൾ എഴുതിച്ചേർക്കുന്നതിന് പുസ്തകത്തിന്റെ അവസാനം ഏതാനും പേജുകൾ പ്രത്യേകം ചേർത്തിട്ടു്. ഈ ഗ്രന്ഥത്തിന്റെ രൂപീകരണത്തിൽ ഏതെങ്കിലും വിധത്തിൽ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ കുടുംബാംഗങ്ങൾക്കും എന്റെ ഹൃദ്യമായ കൂപ്പുകൈ.

പ്രൊഫ. സണ്ണി ടി. മാതേയ്ക്കൽ

LM6

# ആസ്വാദനം

ഈ ഗ്രന്ഥത്തിനു ഒരു ആസ്വാദനം എഴുതിത്തരണമെന്ന് ഗ്രന്ഥകർത്താവു എന്നോടാവശ്യപ്പെട്ടപ്പോൾ ഞാൻ ഏറ്റവും ആസ്വാദിച്ച കാര്യം ആദ്യം എടുത്തു പറയട്ടെ. മാതേയ്ക്കൽ കുടുംബത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന വൈദികരിൽ ഏറ്റവും പ്രായം കൂടിയ ആൾ എന്ന നിലയിൽ ആസ്വാനകർത്താവാകുക എന്നത് തികച്ചും ന്യായവും യുക്തവുമായി എനിക്കു തോന്നി. അതിൽ ഞാൻ അത്യധികം സന്തോഷിക്കുകയും അഭിമാനം കൊള്ളുകയും ചെയ്തു. ആ അഭിമാന ചിന്തയോടെയാണു ഞാൻ ഗ്രന്ഥം ആദ്യന്തം വായിച്ചത്. അതിലെ പല വസ്തുതകളും ഞാൻ തന്നെ ചൂിക്കാണിച്ചുകൊടുത്തതാകയാൽ അവയെല്ലാം വള്ളിപുള്ളി വിടാതെ ഗ്രന്ഥകാരൻ എഴുതിച്ചേർത്തിട്ടുള്ളത് എന്നെ കൂടുതൽ സന്തോഷവാനാക്കി.

നമ്മൾ ഒരു കാര്യം ആസ്വാദിക്കുമ്പോൾ അതിന്റെ മധുരം മാത്രം നോക്കിയാൽ പോരല്ലോ. ചിലപ്പോൾ അതിൽ മധുരമില്ലാത്ത വല്ലതും കണ്ണെുവന്നേക്കാം. അങ്ങനെ ആസ്വാദ്യകരമല്ലാതെ എനിക്കു തോന്നിയ ചില കാര്യങ്ങൾ ആദ്യം ചൂിക്കാണിച്ചിട്ട് ആസ്വാദ്യകരമായ കാര്യങ്ങൾ പിന്നാലെ പ്രസ്താവിച്ചുകൊള്ളാം. മാതേയ്ക്കൽ കുടുംബചരിത്രം വായിച്ചപ്പോൾ ഇങ്ങനെ ഒരു ഗ്രന്ഥത്തിന്റെ പ്രസക്തി എന്താണെന്നാണ് എനിക്കു മനസ്സിലാകാത്ത അല്ലെങ്കിൽ ഞാനാസ്വദിക്കാത്ത ഒരു കാര്യം. കാരണം മാതേയ്ക്കൽ കുടുംബത്തേയും ഉൾക്കൊള്ളുന്ന ചെറുകുളം കുടുംബം എന്ന ഒരു ഗ്രന്ഥം നിലവിലുല്ലോ. അതു പോരായിരുന്നോ? നമ്മൾ എല്ലാവരും കൂടി പണം മുടക്കി അങ്ങനെ ഒരു ചരിത്ര ഗ്രന്ഥമുാക്കിയശേഷം വീും ഒരു നല്ല ചെലവു വഹിച്ച് ഇങ്ങനെ ഒരു ചരിത്രഗ്രന്ഥം കൂടെ രചിക്കണമായിരുന്നോ? രാമതായി എന്റെ ശ്രദ്ധ ആകർഷിച്ചത് ഈ ഗ്രന്ഥത്തിലെ ഫോട്ടോകളുടെ ബാഹുല്യമാണ്. കാര്യം നല്ലതു തന്നെ. പക്ഷേ, ചേർക്കേ ചില ഫോട്ടോകൾ വിട്ടുപോയിട്ടുള്ളതായി കാണുന്നു, അതു അവർക്കു വിഷമത്തിനു ഇടയാകുകയില്ലേ? ജീവിച്ചിരിക്കുന്നവരുടെ ജനനതത്തീയതിയും മരിച്ചവരുടെ മരണത്തീയതിയും ചേർക്കാമായിരുന്നു. ചിലരുടെ ചേർത്തിട്ടുങ്കെിലും ചിലരുടെ ചേർത്തുകാണുന്നില്ല. മറ്റൊരു പോരായ്മ എന്റെ ദൃഷ്ടിയിൽപ്പെട്ടത് വൈദികരുടെയും സന്യാസികളുടെയും ഫോട്ടോകൾ അധികവും ഒരുമിച്ച് ഒരിടത്തു കൊടുത്തിരിക്കുന്നു. വിവിധശാഖകളെപ്പറ്റി പ്രതിപാദിച്ചിരിക്കുന്ന ഭാഗത്ത് അതതു ശാഖകളിൽപ്പെട്ട വൈദികരേയും കന്യാസ്ത്രീകളെയും ചേർത്തിരുന്നെങ്കിൽ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും ഓർക്കുന്നതിനും സാധിക്കുമായിരുന്നില്ലേ? അതുപോലെ തന്നെ ഇതരവ്യക്തികളുടെയും പടങ്ങൾ അതതു

ശാഖാവിഭാഗത്തോടനുബന്ധിച്ച് കൊടുത്തിരുന്നെങ്കിൽ കൂടുതൽ ഭംഗിയായിരുന്നില്ലേ? എനിക്കാസ്വാദ്യകരവമല്ലാതെ തോന്നിയ ഇക്കാര്യങ്ങൾ മറ്റുള്ളവർക്കും അനുഭവപ്പെട്ടേക്കാം ഇതിനു ചില ന്യായങ്ങൾ പ്രസാധകനു പറയാനുാവും. അതുപ്രതീക്ഷിച്ചുകൊ് ആസ്വാദ്യകരമായ കാര്യങ്ങളിലേയ്ക്കു കടക്കട്ടെ.

എല്ലാ കുടുംബങ്ങളുടേയും ശക്തികേന്ദ്രവും ആശ്രയവുമായ നമ്മുടെ ഭവനമായ പള്ളിയുടെ ചിത്രം കവർപേജിൽ ചേർത്തിരിക്കുന്നത് വളരെ അർത്ഥവത്തും ഉചിതവുമായിരിക്കുന്നു എന്നു പറയാതെ വയ്യ. അതുപോലെ തന്നെ മാതേയ്ക്കൽ കുടുംബത്തിന്റെ തറവാടായ മാതേയ്ക്കലെ വീട് അന്നത്തെ നിലയിലെങ്കിലും ഇന്നത്തെ നിലയിൽ ചേർത്തിരിക്കുന്നതും ശ്ലാഘനീയം തന്നെ. ചെറുകുളമാണ് നമ്മുടെ മൂലകുടുംബമായി പ്രസ്തുത കുടുംബചരിത്രത്തിൽ എടുത്തു പറഞ്ഞിരിക്കുന്നതെങ്കിലും അങ്ങനെ ഒരു വീടോ, അതിലെ അംഗങ്ങൾ ആരെങ്കിമോ ഇന്ന് ആരക്കുഴയിൽ ഉള്ളതായി അറിവില്ലാത്ത സ്ഥിതിക്ക് മാതേയ്ക്കൽ ശാഖയുടെ തറവാട് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നതു ഒട്ടും അസ്ഥാനത്തല്ല എന്നു എനിക്കു തോന്നുന്നു. ഞാൻ പല കുടുംബചരിത്രങ്ങളും വായിക്കാനിടയായിട്ട്. അവയിൽ പൂരിഭാഗവും പകലോമറ്റം കുടുംബത്തിൽ നിന്നു ആവിർഭവിച്ചിട്ടുള്ളതായിട്ടാണു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഒറ്റ കുടുംബം പോലും ശങ്കരപുരി കുടുംബത്തിന്റെ പിന്തുടർച്ചാവകാശികളായി പ്രത്യക്ഷപ്പെട്ടിട്ടില്ല. എന്നാൽ നമ്മുടെ ഗ്രന്ഥകാരൻ മാതേയ്ക്കൽ കുടുംബം ശങ്കപുരി (ശങ്കൂരി) കുടുംബത്തെ മൂല കുടുംബമായി കത്തെുകയും ചരിത്രന്യായേന അല്ലെങ്കിലും ഐതിഹങ്ങളുടേയും യുക്തിയുടേയും വെളിച്ചത്തിൽ അതു സ്ഥാപിക്കുന്നതിനു ശ്രമിക്കുകയും ചെയ്തിരിക്കുന്നത് അർത്ഥവത്തായിരിക്കുന്നു. ''Nemo Negat Nisi Probeture'' - തെളിയിക്കാത്തത് ആരും നിഷേധിക്കാറില്ല എന്ന ലത്തീനിൽ ഒരു ചൊല്ലു്. ആ ന്യായം തന്നെയാണ് ഗ്രന്ഥക്കാരൻ ഇവിടേയും സ്വീകരിച്ചിരിക്കുന്നത്. മാതേയ്ക്കൽ കുടുംബം ശങ്കപുരിയുടെ പുത്രീകുടുംബമല്ലെന്ന് ആരെങ്കിലും തെളിയിക്കുന്നത് വരെ തന്റെ പ്രസ്താവന ന്യായീകരിക്കപ്പെടുമെന്നാണ് അദ്ദേഹത്തിന്റെ അഭിമതം. ഒരു വിധത്തിൽ  അതു ശരിയാണു താനും.

മാതേയ്ക്കൽ ശാഖയിലെ ചരിത്രപുരുഷന്മാരാണ് ഫാ. ബർണ്ണാദ് C.M.I., ഏഴു വ്യാകുലങ്ങളിൽ ഒരാളായ ഫാ. മാത്യു, ഫാ. മാത്യു C.M.I., ഫാ. ജോസഫ് മാതേയ്ക്കൽ, ജസ്റ്റീസ് തോമസ്, അടുത്തകാലത്തു പരേതനായ മാതേയ്ക്കൽ ഫാദർ മാത്യു തുടങ്ങിയവർ. ഇവരെപ്പറ്റി കുറഞ്ഞ അറിവെങ്കിലും വരും തലമുറയ്ക്ക് പകർന്നുകൊടുക്കുവാൻ ഗ്രന്ഥകർത്താവ് ശ്രമിച്ചിരിക്കുന്നത് ശ്ലാഘനീയമാണ്. അങ്ങനെതന്നെ നമ്മുടെ മാതൃഭവനമായ ആരക്കുഴപ്പുള്ളിയുടെ ഒരു ചെറു വിവരണം സ്ഥാനത്തത്രേ. ഇങ്ങനെ പല നേട്ടങ്ങളും ചില കോട്ടങ്ങളും അടങ്ങിയ ഈ ഗ്രന്ഥം എന്നെ സംബന്ധിച്ചിടത്തോളം ആസ്വാദ്യകരം തന്നെ. എന്നെ കരുതി എല്ലാവർക്കും അത് ഹിതകരമാകണമെന്നില്ല. ഒരാൾക്ക് മധുരം ഇഷ്ടമാകാം.അ

പരന് കയ്പു ഇഷ്ടമാകാം. അത് ഓരോത്തരുടെ ചിന്താഗതിയും ഇഷ്ടാനിഷ്ട ങ്ങളും അനുസരിച്ചിരിക്കും. ആ സ്ഥിതിക്ക് ഈ ഗ്രന്ഥം വായിക്കുന്നവർ അവ രവർക്കിഷ്ടമുള്ള വിധത്തിൽ കൊള്ളുകയോ തള്ളുകയോ ചെയ്യട്ടെ.

ഒരു കോളേജിന്റെ വൈസ് പ്രിൻസിപ്പിൽ എന്ന നിലയിലും അതിലുപരി അവിടത്തെ ഗണിതശാസ്ത്രമേധാവി എന്ന നിലയിലും ഏറെ ജോലിത്തിരക്കുള്ള പ്രൊഫ. സണ്ണി ഇങ്ങനെ ഒരു ഗ്രന്ഥരചനയ്ക്കു മുതിർന്നതിൽ അദ്ദേഹത്തിന് കുടുംബത്തോടുള്ള സ്നേഹവും, വരും തലമുറയ്ക്ക് കുടുംബത്തെപ്പറ്റി തനി ക്കറിയാവുന്ന കാര്യങ്ങൾ പകർന്നുകൊടുക്കുന്നതിൽ ഉള്ള താല്പര്യവുമാണ് പ്രകടമാവുക. ഈ ഗ്രന്ഥത്തിൽ ഉടനീളം ആ താല്പര്യം തെളിഞ്ഞുകാണുന്നു്. ഞാൻ സണ്ണിയെ അഭിനന്ദിക്കുകയും കുടുംബാംഗങ്ങൾ ഈ ഗ്രന്ഥം വായിച്ച് ആവുന്നിടത്തോളം ആസ്വാദിക്കുന്നതോടൊപ്പം മൺമറഞ്ഞവരെ സ്മരിക്കുകയും ജീവിച്ചിരിക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുകയും ചെയ്യട്ടെ എന്നു ആശംസിക്കുകയും ചെയ്യുന്നു.

ഫാ. ജോൺ മാതേയ്ക്കൽ

RM9

# അവതാരിക

അവതരിക്കപ്പെടേ പുസ്തകം 'മാതേയ്ക്കൽ കുടുംബം' അവതാരകൻ പ്രസ്തുത കുടുംബത്തിലെ ഒരർദ്ധാംഗം. ഈ ഗ്രന്ഥത്തിന് ഒരവതാരകയുടെ ആവശ്യമില്ല. എങ്കിലും ഏല്പിക്കപ്പെട്ടതുകൊ് ഞാനതു സസന്തോഷം നിർവഹിക്കുന്നു.

പ്രശസ്തമായ മാതേയ്ക്കൽ കുടുംബം, ശാഖോപശാഖകളോടുകൂടിയ ചെറുകുളം കുടുംബത്തിന്റെ ഒരു വിഭാഗമാണ്. നടുക്കരെയുള്ള കുമ്പാട്ടു കുടുംബത്തിൽ നിന്നാണു ചെറുകുളം കുടുംബത്തിന്റെ ആരംഭം. ഇടപ്പള്ളിയിലുള്ള അമ്പാട്ടുകുടുംബത്തിൽനിന്ന് കമ്പാട്ടുകുടുംബം സംജാതമായി. ഞാറയ്ക്കലിലുള്ള ശങ്കൂരിക്കൽ കുടുംബമാണ് അമ്പാട്ടുകുടുംബക്കാരുടെ തറവാട് എന്ന് ഐതിഹ്യം പറയുന്നു. ഞാറയ്ക്കലെ ശങ്കൂരിക്കുടുംബക്കാർ കാളികാവിലെ ശങ്കപുരി ഇല്ലക്കാർ തന്നെയാണ് എന്നാണ് പാരമ്പര്യം.

മൂല തറവാടുകളെക്കുറിച്ച് ചരിത്രരേഖയൊന്നുമില്ലാത്ത അനേകം കുടുംബങ്ങളു്. അവ ഓരോന്നിനും ഒരു മൂലതറവാടുായിരിക്കണമല്ലോ. അവ ഏതെല്ലാമാണെന്നും, എവിടെയെല്ലാംമാണെന്നും തേടിപ്പിക്കുന്നതിനുള്ള മാർഗ്ഗം, പാരമ്പര്യത്തെ അല്ലെങ്കിൽ ഐതിഹ്യത്തെ അടിസ്ഥാനമാക്കിയുള്ള അഭ്യൂഹങ്ങൾ മാത്രമാണ് മാതേയ്ക്കൽ കുടുംബത്തിന്റെ ആ മൂലവംശാവലി തേടിപ്പുറപ്പെട്ട ഗ്രന്ഥകാരൻചെയ്തിരിക്കുന്നത് ഇതുതന്നെയാണ്. ഗ്രന്ഥകാരൻ എടുത്തു പറയുന്നു്- ചരിത്രരേഖയില്ലാത്തിടത്തു പാരമ്പര്യത്തേയും ന്യായമായ ഊഹാപോഹങ്ങളേയും തന്റെ നിഗമനങ്ങൾക്ക് നിദാനമായി ഉപയോഗിച്ചിട്ടുന്ന്. ഈദൃശസാഹചര്യങ്ങളിൽ ആ ഒരു വഴിയേ ഉള്ളൂ.

കുടുംബചരിത്രങ്ങളെ പൂർവ്വകാലം, ഇടക്കാലം, വർത്തമാനക്കാലം എന്നിങ്ങനെ തരംതിരിക്കാം. ശുഷ്ക്കമായ ആദ്യത്തെ രിലും വ്യക്തികളെക്കുറിച്ചുള്ള പരാമർശം കുറഞ്ഞിരിക്കും. കാലദേശങ്ങളിൽ കൂടിയുള്ള അവയുടെ ഗതിയേയും വളർച്ചയേയും അവ സാമാന്യമായ് രേഖപ്പെടുത്തുന്നു. നാനാദേശങ്ങളിൽ വിവിധപേരുകളിൽ ഇന്നു ജീവിക്കുന്ന കുടുംബാംഗങ്ങളെക്കുറിച്ചുള്ള ഗ്രന്ഥഭാഗമാണ് സജീവവും ആകർഷകവുമായിട്ടുള്ളത്. കുടുംബക്കാരും കുടുംബാംഗങ്ങളും പരസ്പരം അറിയുന്നതിനും, അവർ തമ്മിലുള്ള ബന്ധവും അടുപ്പവും, സ്നേഹവും ഗ്രഹിക്കുന്നതിനും കുടുംബചരിത്രത്തിന്റെ ഈ വംശാവലിഭാഗമാണ് കൂടുതൽ ഉപകരിക്കുന്നത്. നാനാതരത്തിലുള്ള ബദ്ധപ്പാടുകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന, പരസ്പരം അറിയാൻ തരപ്പെടാത്ത ആധുനിക തലമുറക്കാർക്ക് ഈ ഭാഗം ഒരാവശ്യവും അനുഗ്രഹവുമാണ്.

# LM10

ആഭിജാത്യവും പാരമ്പര്യവുമുള്ള കുടുംബങ്ങളിലെ അംഗങ്ങൾ അവരുടെ കുടുംബശ്രേഷ്ഠതയും നല്ല പാരമ്പര്യാദികളും ഗ്രഹിക്കുന്നതു വഴി, അവർക്കു തങ്ങളുടെ കുടുംബങ്ങളെക്കുറിച്ച് അഭിമാനവും, ഉന്നമനത്തിനായുള്ള അഭിവാഞ്ഛയും ഉളവാകുന്നതാണ്. ഇതു അധർമ്മമാർഗ്ഗങ്ങളിലേയ്ക്കു വഴുതിപ്പോകാതെ ഒരു പരിധിവരെ അവരെ തടഞ്ഞുനിർത്തും.

കുടുംബന്ധങ്ങളിൽ നിന്നെല്ലാം വിമുക്തരായി ഉറ്റ ബന്ധുക്കളെപ്പോലും അറിയാതെ, അറിയാൻ ആഗ്രഹിക്കപോലും ചെയ്യാതെ വ്യാപരിക്കുന്നവരു്. ചില കാര്യങ്ങളിലെങ്കിലും അജ്ഞതയുടെ അന്ധകാരത്തിലാണ് ഇവർ. ഇവർക്ക് ഇപ്രകാരമുള്ള കുടുംബചരിത്രഗ്രന്ഥം ഒരു പ്രകാശരേഖയായിരിക്കും; സ്വന്തം നിലയും വിലയും മനസ്സിലാക്കി ആത്മാഭിമാനമുള്ളവരാകാനും വിവിധകുടുംബാംഗങ്ങൾ തമ്മിൽ ഐക്യവും സഹകരണവും പരസ്പരധാരണയും പുലർത്തി കുടുംബാന്തര ബന്ധം ശക്തിപ്പെടുത്താനും, തദ്വാരാ ദേശീയോദ്ഗ്രഥനത്തിനും ഐശ്വര്യത്തിനും വലിയ സംഭാവന നല്കാനും.

'മാതേയ്ക്കൽ കുടുംബമെന്ന ഈ ഗ്രന്ഥം വഴി അതിന്റെ ഗ്രന്ഥകർത്താവു നേടിയിരിക്കുന്നത് മുകളിൽ പ്രസ്താവിച്ച നല്ല കാര്യങ്ങളെല്ലാമാണ്. അതൊരു വലിയ നേട്ടമാണു താനും. ഗ്രന്ഥകാരനു അഭിനന്ദനങ്ങൾ.

സ്വന്തസിദ്ധമായ ആത്മാഭിമാനത്താൽ പ്രേരിതരായി കുടുംബാംഗങ്ങളും ബന്ധുക്കളും ഈ ഗ്രന്ഥത്തിന് ആവേശപൂർണ്ണമായ സ്വാഗതമരുളുമെന്നു പ്രതീക്ഷിക്കുന്നു. കുടുംബാംഗങ്ങളുടെ പേരിൽ ഗ്രന്ഥകാരനു ഹൃദയം നിറഞ്ഞ നന്ദിയും അനുമോദനങ്ങളും സന്തോഷപൂർവ്വം 'മാതേയ്ക്കൽ കുടുംബ 'ത്തെ കുടുംബാംഗങ്ങളുടെ സമക്ഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകാരനേയും മാതേയ്ക്കൽ കുടുംബത്തേയും നല്ല ദൈവം ഇനിയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഫാ. ജെ. മാർസൽ സി. എം. ഐ.

വാഴക്കുളം
5–3–92

RM **11**

# മാതേയ്ക്കൽ കുടുംബം

രാഷ്ട്രീയരംഗത്തും സാമൂഹ്യതലത്തിലും വലിയ പേരും പെരുമയും വെട്ടിപ്പിടിച്ച ഒന്നല്ല മാതേയ്ക്കൽ കുടുംബമെങ്കിലും പൗരാണികത്വത്തിലും കുലീനത്വത്തിലും സർവ്വോപരി ദൈവസേവനത്തിലും അതു മുൻപന്തിയിൽ തന്നെയാണെന്നു പറയുന്നതിൽ യാതൊരു തെറ്റുമുന്നെു തോന്നുന്നില്ല. ഇതിന് ഉപോദ്ബലകമായി ചൂക്കാണിക്കാവുന്ന ഒരു വസ്തുതയാണ് ഒരു നൂറ്റാിനുള്ളിൽ ഈ കുടുംബത്തിൽ പതിനൊന്നോളം വൈദികരും മുപ്പത്തിനാലോളം സന്യാസിനികളും ഉായിട്ടുന്നെുള്ളത്.

പുരാതനമാണു മാതേയ്ക്കൽ കുടുംബം എന്നു പറയുമ്പോൾ അതിന്റെ പൗരാണികത്വത്തിന്റെ ആഴം നിർണ്ണയിക്കുക അത്ര എളുപ്പമല്ല. ഏതാ് ആയിരം കൊല്ലക്കാലത്തേ ചരിത്രമു് ആരക്കുഴ ഇടവകയ്ക്ക്. ഇപ്പോൾ ആരക്കുഴപ്പള്ളിയിൽ അവശേഷിക്കുന്ന രേഖകളിൽ മാതേയ്ക്കൽ കുടുംബത്തിന്റെ മൂലകുടുംബങ്ങളെപ്പറ്റിയുള്ള പരാമർശങ്ങൾ കാണാൻ സാധിക്കുന്നതാണ്.

## ആരക്കുഴപ്പള്ളി

ആരക്കുഴ ഇടവകയേയും പള്ളിയേയുംകുറച്ച് ഒരുവാക്ക്. ആയിരം മാപ്പിളമാരെ ഉദ്ദേശിച്ച് ആയിരാമാിൽ (999 A D) ആരക്കുഴപ്പള്ളി സ്ഥാപിതമായി എന്നാണ് ഐതിഹ്യം. മൈലക്കൊമ്പ് പള്ളിമാത്രമാണ് അന്നു നാട്ടിലുായിരുന്നത്. വിസ്തൃതമായ ഒരു ഭൂപ്രദേശം മുഴുവനിലും അധിവസിച്ചിരുന്ന കത്തോലിക്കക്ക് ഈ ഒരു ദൈവാലയം അപര്യാപ്തമായിത്തോന്നിയതുകൊ് 999–ൽ ആരക്കുഴയിൽ ഒരു പുതിയ ദൈവാലയം ഉടലെടുത്തു. അയൽപ്രദേശങ്ങളായ വാഴക്കുളം, മുവാറ്റുപുഴ, പെരിങ്ങഴ, പെരുമ്പല്ലൂർ, നടുക്കര, ചിററൂർ, അരിക്കുഴ, തോട്ടക്കര, മാറിക, മീംകുന്നം., മാറാടി, കോതമംഗലം തുടങ്ങിയ അനവധി

# LM12

പ്രദേശങ്ങളിലെ കത്തോലിക്കരുടെ ആദ്ധ്യാത്മികാവശ്യങ്ങളെല്ലാം ആരക്കുഴ പള്ളിയിലാണു നിർവ്വഹിച്ചിരിക്കുന്നത്. ഫലഭ്രയിഷ്ടവും പ്രകൃതിരമണീയവു മായ ആരക്കുഴയും പരിസരങ്ങളും ധാരാളം ആളുകളെ ആകർഷിക്കുകയും അങ്ങനെ വളരെപ്പേർ ആരക്കുഴയിൽ കുടിയേറുകയും ചെയ്തു. ആരക്കുഴയുടെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന മുവാറ്റുപുഴയാർ അങ്ങോട്ടേയ്ക്കുള്ള ഒരു ഗതാഗതമാർഗ്ഗവുമായിത്തീർന്നു. മൈസൂർക്കടുവ എന്നറിയപ്പെടുന്ന ടിപ്പു സുൽത്താന്റെ കൊച്ചിരാജ്യത്തെ ആക്രമിച്ചു. തുടർന്നു ടിപ്പുവിന്റെ സൈന്യം ആലുവാപ്പുഴവരെയെത്തി. പണം കൊും പടകൊും ഉഗ്രനായിരുന്ന മൈസൂർക്കടുവയെ ഭയപ്പെട്ടിട്ട് തങ്ങളുടെ നാടും വീടും വിട്ട് വളരെപ്പേർ തെക്കൻനാടുകളിലേയ്ക്ക് ഓടി രക്ഷപ്പെട്ടു. അങ്കമാലി, പറവൂർ, ആലങ്ങാട്, ഇടപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും നിരവധി കത്തോലിക്കർ ആരക്കുഴ യിലേയ്ക്കു കുടിയേറാൻ ഇടയായി.

ഇങ്ങനെ പതിനെട്ടാം നൂറ്റാിന്റെ മദ്ധ്യദശയിൽ കേരളത്തിലെ സുറി യാനി കത്തോലിക്കാകേന്ദ്രങ്ങളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഒന്നായി ത്തീർന്നു ആരക്കുഴ പള്ളിയും ഇടവകയും എന്നു പറഞ്ഞാൽ തെറ്റുന്നെു തോന്നുന്നില്ല. ഇതിനു ഉപോൽബലകമായി പല കാര്യങ്ങളും ചൂിക്കാണി ക്കാൻ സാധിക്കും. വരാപ്പുഴ ഭരണാധികാരികളിൽ നിന്നു സുറിയാനിക്കാർ അനു ഭവിക്കേിവന്ന പീഡനങ്ങൾക്കു പരിഹാരം കത്തെുന്നതിനായി 1773–ൽ അങ്ക മാലിയിൽ വച്ചു നടത്തിയ മഹായോഗത്തിൽ ആരക്കുഴ ഇടവകയെ പ്രതിനിധീ കരിച്ച് മുടിയിൽ കൊച്ചിട്ടിത്തരകനും സിൽബന്ധികളും സംബന്ധിച്ചു സംസാ രിച്ചതായി പ്രസിദ്ധനായ വർത്തമാനപ്പുസ്തകത്തിൽ പാറേമാക്കൽ ഗോവർണ്ണ ദോരച്ചൻ വിവരിക്കുന്നു്. എല്ലാ കൊല്ലവും ആഗസ്റ്റ് മാസം 15–ാം തീയതി മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാൾ ദിവസം ആരക്കുഴ പള്ളിയിൽ നട ത്തിവരാറുള്ള പാച്ചോർ നേർച്ച പ്രസിദ്ധമാണല്ലോ. ഇതിനോടനുബന്ധിച്ചുള്ള കഥയും നാട്ടിൽ പരക്കെ അറിയപ്പെടുന്ന ഒരു വസ്തുതയാണ്. 1770–നോടടുത്ത് ആരക്കുഴയിൽ ജീവിച്ചിരുന്ന ഒരു ഇടപ്രഭുവായിരുന്നു ഉണ്യാതിരി. ഉണ്യാതിരി യുടെ മകൾ പുഴയിൽ കളിച്ചുകൊിരുന്നപ്പോൾ ഒരു വിടൻ അടുത്തുള്ള മര ത്തിൽ കയറി നോക്കിയിരുന്നുവെന്നും അവളുടെ ശ്രദ്ധയെ ആകർഷിക്കുന്ന തിന് മീൻപിടിക്കാനെന്നുള്ള ഭാവേന വെള്ളത്തിലേയ്ക്കു തെറ്റാലി എയ്തു എന്നും പറയപ്പെടുന്നു. ഭയചകിതയായ പെൺകുട്ടി നിലവിളിച്ചു കൊ് ഓടി തന്റെ അച്ഛനോടു പോയി വിവരങ്ങൾ അറിയിച്ചു. കുപിതനായ ഉണ്യാതിരി ആ വിടനെ ഒരു പാഠം പഠിപ്പിക്കുന്നതിന് അവനെ പിന്തുർന്നു. ഭയന്നോടിയ ആ മനുഷ്യൻ പള്ളിയെയാണു ശരണം ഗമിച്ചത്. അയാളെ ഉണ്യാതിരി പള്ളി യിൽ നിന്നു വലിച്ചിറക്കി പ്രധാന കവാടത്തിൽ വച്ചു വെട്ടിക്കൊന്നു. ഈ നിഷ്ഠൂര കൃത്യംവഴി പള്ളി അശുദ്ധമായെന്നും തദ്വാരാ മാതാവു കോപിച്ചെന്നും

തത്ഫലമായി ഏതാ് ഒന്നര കൊല്ലത്തേയ്ക്ക് ആരക്കുഴ പ്രദേശത്തു മഴ പെയ്തില്ലെന്നും ആണ് ഐതിഹ്യം. തോടും പുഴയും കിണറുകളും ഉണങ്ങിവരും കുടിവെള്ളം കിട്ടാതെ ജനങ്ങൾ വലഞ്ഞു. ഉണ്യാതിരി പ്രശ്നം വയ്പിച്ചു നോക്കിയപ്പോൾ തന്റെ ക്രൂരകൃത്യമാണ് ഇതിനു കാരണമെന്നു മനസ്സിലായി. ഇതറിഞ്ഞ ജനങ്ങൾ ഉണ്യാതിരിക്കെതിരേ തിരിഞ്ഞു. ഭയവിഹ്വലനായ ഉണ്യാതിരി മഴയ്ക്കുവേി ആരക്കുഴ പള്ളിയിൽ ആഗസ്റ്റ് 15–ന് പാച്ചോർ നേർച്ച നടത്തി. നേർച്ച കഴിഞ്ഞതോടെ കോരിച്ചൊരിഞ്ഞ മഴ ആ പ്രദേശത്തെ ആകമാനം വെള്ളത്തിനടിയിലാക്കി. തോടും പാടങ്ങളും നിറഞ്ഞുകവിഞ്ഞു. തോണിയില്ലാത്തതിനാൽ പാച്ചോർ പാകം ചെയ്യുന്നതിനുകൊുവന്ന ചെമ്പിൽ കയറിയാണുപോലും ഉണ്യാതിരി വീട്ടിലെത്തിയത്. തുടർന്നു എല്ലാ വർഷവും ഇതേ ദിവസം പാച്ചോർ നേർച്ച നടത്തുന്നതിന് ഉണ്യാതിരി രക്കേർ കത്തിക്കുടി പുരയിടവും തൊണ്ണൂറ്റിയേഴു സെന്റ് നിലവും പള്ളിക്കെഴുതിക്കൊടുത്തെന്നു പള്ളിരേഖകളിൽ കാണുന്നു. ഇതിന്റെ ആദായം കൊ് എല്ലാ കൊല്ലവും 15 പറ അരിയുടെ നേർച്ച നടത്തിപ്പോന്നു. പിൻകാലങ്ങളിൽ ഈ സ്ഥലങ്ങൾ വിറ്റു അതിന്റെ വിലയായി കിട്ടിയ 9000 രൂപ ബാങ്കിൽ നിക്ഷേപിച്ച് അതിന്റെ പലിശകൊ് നേർച്ച മുടങ്ങാതെ ഇപ്പോഴും നടത്തിപ്പോരുന്നു.

ആരക്കുഴയുടെ പ്രശസ്തി നിലനിർത്തിപ്പോന്ന മറ്റു ചില ഘടകങ്ങളും ചൂിക്കാണിക്കാൻ സാധിക്കും. അവയിൽ ഒന്നാണു പേരുകേട്ട എട്ടാം തീയതി തിരുന്നാൾ. ഫെബ്രുവരി 18–ാം തീയതി ആഘോഷിച്ചുപോന്ന ശെമോൻ എപ്പിസ്തോപ്പായുടെ ഓർമ്മത്തിരുന്നാളാണ് ഇതു. ആരക്കുഴനിന്ന് ഒരോ കാരണങ്ങളാൽ പുറത്തുപോയി താമസിക്കുന്നവർക്കും വിദൂരസ്ഥരായ ബന്ധുകൾക്കും എല്ലാം സന്ധിക്കുന്നതിനുള്ള ഒരവസരം. ആരക്കുഴയിലും പ്രാന്തപ്രദേശങ്ങളിലും ഒരുത്സവ പ്രതീതിയാണ് എട്ടാം തീയതി തിരുനാൾ പ്രദാനം ചെയ്തിരുന്നത്. തിരുന്നാൾ അവസരങ്ങളിൽ പള്ളിമുറ്റവും അടുത്തുള്ള പാടങ്ങളും വഴികളുമെല്ലാം വിവിധ വ്യവസായികളെക്കൊു നിറഞ്ഞിരിക്കും. ' ഉപ്പുതൊട്ടു കർപ്പൂരം വരെ' എന്ന ചൊല്ലനുസരിച്ച് എന്തും ആ അവസരത്തിൽ അവിടെ കിട്ടുമായിരുന്നു. ഇന്നത്തെപ്പോലെ ഷോപ്പിംഗ് സൗകര്യമില്ലാതിരുന്ന അന്നു തിരുന്നാളിനു വരുന്നവർ ഒരു കൊല്ലത്തേയ്ക്ക് ആവശ്യമായ എല്ലാ സാധനസാമഗ്രികളും വാങ്ങുക പതിവായിരുന്നു. അങ്ങനെ ഒരു വലിയ കമ്പോളത്തിന്റെ പ്രതീതിയാണു പള്ളി പ്രദേശങ്ങളിൽ ഉളവായിരുന്നത്. അതും ഏതാ് ഒരുമാസത്തേയ്ക്കു നീുനിൽക്കുമായിരുന്നു. ആരക്കുഴിയിലേയ്ക്ക് അയൽ ഇടവകക്കാരെ ആകർഷിച്ചിരുന്ന മറ്റൊരു ഘടകമാണ് ' പങ്കപ്പാട് ' എന്നറിയപ്പെട്ടിരുന്ന ഒരു ഭക്തകൃത്യം. അമ്പതുനോമ്പിൽ എല്ലാ വെള്ളിയാഴ്ചകളിൽ പള്ളിയകത്തും ദുഃഖവെള്ളിയാഴ്ച പള്ളിക്കുപുറത്തുമാണ് അതു നടത്തിയിരുന്നത്. കർത്താവിന്റെ കുരിശിന്റെ വഴി ഒരു പ്രതേക്തതരത്തിൽ നടത്തുന്നതാണ് പങ്കപ്പാട് എന്നറിയപ്പെട്ടിരുന്നത്. ഇതിനു

# LM14

പയോഗിച്ചിരുന്ന പുസ്തകം പോർത്തുഗീസ ്ഭാഷയിൽ നിന്നും തർജ്ജിമ ചെയ്തതാണ്. ഇതു നടത്തുന്ന അച്ഛനും കുരിശു വഹിക്കുന്ന കപ്യാരും ഓരോ സ്ഥലത്തിനും ഇടയ്ക്ക് ഏതാ് ആ പുസ്കത്തിൽ പറയുന്ന ദൂരം നടക്കുക, ആ സമയത്ത് വിശ്വാസികൾ ധ്യാനനിരതരായിരിക്കുക. തുടർന്ന് പ്രാർത്ഥനകൾ. കരിയാറ്റിൽ ജോസഫ് മല്പാൻ റോമിൽ പഠിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പഠനച്ചെലവിൽ സിംഹഭാഹവും ആരക്കുഴപ്പള്ളിയാണത്രേ വഹിച്ചത്. അതിനു പ്രതിനന്ദിയായി അദ്ദേഹം പഠനം പൂർത്തിയാക്കി 1767–ൽ നാട്ടിൽ തിരിച്ചെത്തിയപ്പോൾ കർത്താവു തൂങ്ങിമരിച്ച കുരിശിന്റെ ഒരംശവും പടങ്ങളും പള്ളിയ്ക്കു നല്കിയെന്നും അന്നുമുതലാണ് ഈ ഭക്തകൃത്യം ആരംഭിച്ചതെന്നും പിതാമഹമ്മാർ പറഞ്ഞു കേട്ടിട്ടു്. എന്നാൽ 1859–ൽ പിട്ടാപ്പിള്ളിയിൽ കുര്യാക്കോസച്ചൻ വഴി വരാപ്പുഴ മെത്രാപ്പോലീത്ത നമ്മുടെ കർത്താവിന്റെ തിരുശേഷിപ്പ് തന്നിരിക്കുന്നു എന്നു പള്ളി രേഖകളിൽ കാണുന്നു്. അന്നുമുതൽ ഈ ഭക്തകൃത്യം ആരംഭിച്ചുവെന്നും പറയപ്പെടുന്നു. ഇതായിരിക്കണം കൂടുതൽ ശരി എന്നു വേണം കരുതുവാൻ. കാരണം 19–ാം നൂറ്റാിന്റെ മധ്യത്തോടെ മാത്രമേ കേരളത്തിൽ വിയാസാക്ര (കുരിശിന്റെ വഴി) പ്രചാരത്തിൽ വന്നിട്ടുള്ളൂ.

ആരക്കുഴത്തേ മറ്റൊരു ആകർഷക വിഷയമായിരുന്നു അവിടത്തേ ദർശനത്തിരുന്നാൾ. പോർച്ചുഗീസു മിഷനറിമാർ കൊുവന്ന ഈ ഭക്താഭ്യാസം സുറിയാനി പള്ളികളിൽ ആദ്യമായി ആരംഭിക്കുന്നതും ആരക്കുഴെയാണ് എന്നു പറയപ്പെടുന്നു. 1859 നവംബർ 14–ാം തീയതി ആയിരുന്നു ആരംഭം. ഈ തിരുന്നാൾ ചടങ്ങുൾ വൈവിധ്യമാർന്നതും ജനങ്ങൾക്കു പുതുമ നല്കുന്നതും ആകർഷകമായിരുന്നു. കാര്യങ്ങൾ ഇങ്ങനെ ഒക്കെ ആണെങ്കിലും ആരക്കഴയെ സംബന്ധിച്ചിടത്തോളം ചരിത്ര പ്രാധാന്യമർഹിക്കുന്ന ഈ മൂന്നു ഘടകങ്ങളും അപ്രധാനങ്ങളും ചിലതു നാമാവശേഷങ്ങളുമായിത്തീർന്നു എന്നു ഖേദപൂർവ്വം പറയേിയിരിക്കുന്നു. ആധുനികകാലത്തേ വിവിധ തീർത്ഥാടനകേന്ദ്രങ്ങളിൽ ഒന്നാണ് ആരക്കുഴ മലേക്കുരിശുപള്ളി. ഈ പള്ളി 19–ാം നൂറ്റാിന്റെ ആരംഭത്തോടെയാണു സ്ഥാപിതമായത്. അന്നുമുതൽ എല്ലാ പുതു ഞായറാഴ്ചയും അവിടെ തിരുന്നാളാഘോഷവും തുടങ്ങി. അതോടെ മലേക്കുരിശ് ഒരു തീർത്ഥാടനകേന്ദ്രമായിത്തീർന്നു. ഇന്നു മലയാറ്റൂർ മലേക്കുരിശു പോലെ അത്രയുമില്ലെങ്കിലും ആരക്കുഴ മലേക്കുരിശു തീർത്ഥാടന കേന്ദ്രമായി വളർന്നു കഴിഞ്ഞു.

ഇപ്പോഴത്തേ ആരക്കുഴ പള്ളി 18–ാം നൂറ്റാിന്റെ അവസാനത്തോടെയാണു പണിതീർന്നത്. പള്ളിയകത്തേ മദ്ബഹായും അൾത്താരയും പൂർവ്വശില്പകലയുടെ ഒരു കലവറയാണ്. അതെല്ലാം പെളിച്ചുമാറ്റി ഒരു പുതിയ പള്ളി അതും ആധുനികരീതിയിൽ പണിയണമെന്നു പല വികാരിമാരും ആഗ്രഹിച്ചു, പരിശ്രമിച്ചു. പക്ഷേ അവരുടെ യത്നം വിജയിക്കാതെ പഴയ പള്ളി തലയെടുപ്പോടെ തൽസ്ഥാനത്തുതന്നെ നിലകൊള്ളുന്നു.

RM15

# മൂലകുടുംബം

മാതേയ്ക്കരുടെ മൂലകുടുംബം കണ്ടെത്തുന്നതിനുള്ള തെരച്ചിൽ ഇടപ്പള്ളിവരെ എത്തിപ്പോഴേക്കും കണ്ണിമുറിഞ്ഞുപോയി എന്നു പറയേയിരിക്കുന്നു. എന്നിരുന്നാലും സാഹചര്യത്തെളിവുകളുടേയും ഐതിഹ്യങ്ങളുടേയും വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഊഹിക്കാവുന്ന ഒരു വസ്തുത മാതേയ്ക്കൽ കുടുംബം ശങ്കരപുരി കുടുംബത്തിന്റെ പിൻതുടർച്ചയാണെന്നാണ്. അക്കാര്യം പിന്നാലെ പ്രതിപ്പാദിക്കാം.

ഇടപ്പള്ളിയിൽ ഇന്നുള്ള അമ്പാട്ടുകുടുംബം വരെ മാതേയ്ക്കൽ കുടുംബത്തിന്റെ വംശാവലി നീുകിടക്കുന്നുവെന്നു മാത്രമേ രേഖാപരമായി കുപിടിക്കാൻ സാധിച്ചിട്ടുള്ളൂ. അതിനുള്ള പ്രധാനകാരണം പൂർവ്വികന്മാരും ഇങ്ങനെ ഒരു കുടുംബചരിത്രം എഴുതുന്നതിനു മുതിർന്നിട്ടില്ല എന്നതു തന്നെ. മാത്രമല്ല പാരമ്പര്യത്തിലേക്കു കടന്നാൽ ഈ വിഷയത്തെപ്പറ്റി പറഞ്ഞുതരുന്നതിനു പറ്റിയ നമ്മുടെ പിതാമഹന്മാരെല്ലാം മൺമറയുകയും ചെയ്തു. ഈ അവസരത്തിൽ രക്ഷകനായ മിശിഹായുടെ വംശാവലി വളരെ കൃത്യമായി വി. മത്തായി സുവിശേഷകൻ രേഖപ്പെടുത്തിരിക്കുന്നത് ഓർത്തുപോകുകയാണ്. അവിടേയും അബ്രഹാം മുതൽ തുടങ്ങുന്നതിനേ വി. മത്തായിക്കു സാധിച്ചിട്ടുള്ളൂ. “ അങ്ങനെ അബ്രഹാം മുതൽ ദാവീദുവരെ പതിന്നാലും ദാവീദു മുതൽ ബാബിലോണിലെ പ്രവാസം വരെ പതിന്നാലും, ബാബിലോണിലെ പ്രവാസം മുതൽ മിശിഹാവരെ പതിന്നാലും തലമുറകൾ ഉായിരുന്നു. ” (മത്തായി 1 :17)

മാതേയ്ക്കൽ കുടുംബചരിത്രത്തിന്റെ പിന്നിൽ ഒരു ചെറിയ ചരിത്രമു്. അതിപുരാതനമായ ശങ്കരപുരി കുടുംബത്തിന്റെ ഒരു ശാഖയാവാൻ ഭാഗ്യമുായ മാതേയ്ക്കൽ കുടുംബത്തിനു അഭികാമ്യമായ ഒരു വ്യക്തിത്വവും ചരിത്രവും ഉന്നെും അത് അഭംഗുരം കാത്തുസൂക്ഷിക്കേതാണെന്നും ചിന്തിച്ചതിന്റെ ഫലമായി തന്റെ ഡയറിയിൽ കുറിച്ചുവച്ച, ദിവംഗതനായ ബ. മാതേയ്ക്കൽ യൗസേയപ്പച്ചനാണ് ഈ ചരിത്രരചനയ്ക്കു പ്രചോദനം നല്കിയത്. അദ്ദേഹത്തിന്റെ ഡയറി പരേതനായ മാതേയ്ക്കൽ ബ. മത്തായിയച്ചൻ തെരഞ്ഞുപിടിച്ച് അതിന്റെ വെളിച്ചത്തിൽ അന്വേഷണം ആരംഭിക്കുകയും അന്വേഷണഫലങ്ങൾ കടലാസ്സിൽ പകർത്തുകയും ചെയ്തു. അദ്ദേഹം മാതേയ്ക്കൽ ജോണച്ചനോട് അതു പൂർത്തിയാക്കി പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെട്ടെങ്കിലും അന്നത്തെ ജോലിത്തിരക്കിനിടയിൽ അദ്ദേഹത്തിനു സമയം കത്തൊനായില്ല. തന്മൂലം ആ ഭാരം ഞാറക്കാട്ടു ബ. ലൂക്കോച്ചനെ ഏല്പിക്കുകയും അദ്ദേഹം വളരെ ക്ലേശങ്ങൾ സഹിച്ചു താനേറ്റ കർത്തവ്യം സ്തുത്യർഹമാം വിധം നിറവേറ്റുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിനു കിട്ടിയ അറിവുകൾ വച്ചു പ്രസിദ്ധീകരിച്ചതാണു ചെറുകുളം കുടുംബചരിത്രം എന്ന ഗ്രന്ഥം. ഈ ഗ്രന്ഥം മാതേയ്ക്കൽ കുടുംബചരിത്രഗ്രന്ഥത്തിന്റെ ആവിർഭാവത്തിനു കാരണവും സഹായവും ആയിട്ടുന്നെ് ഈ അവസരത്തിൽ നന്ദി പൂർവ്വം ഞനൊടുത്തു പറഞ്ഞുകൊള്ളട്ടെ.

# LM16

ശങ്കരപുരികുടുംബത്തിൽ നിന്നാണു മാതേയ്ക്കൽ കുടുംബം രൂപം കൊട്ടിട്ടുള്ളതെന്ന പ്രസ്താവന ഒരു ചരിത്രസത്യമാണെന്നു വരുന്നില്ല. സാഹ ചര്യത്തെളിവുകളുടേയും അസംഭവ്യമല്ലാത്ത ഊഹാഭോഗങ്ങളുടേയും തണലി ലാണു പ്രസ്തുത പ്രസ്താവന ഉടലെടുത്തിട്ടുള്ളത്. ശങ്കരപുരി എന്നു കേൾക്കു മ്പോൾ ഓർമ്മയിൽ വരുന്നതു പാലയൂരിലുള്ള തളിയക്കുളവും അതിലെ തർപ്പ ണവിധാനവും അതിനോടനുബന്ധിച്ചുായതായി പാരമ്പര്യം ഉദ്ഘോഷിക്കുന്ന അത്ഭുതസംഭവങ്ങളമാണ്. മാർതോമ്മാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി യെന്നും പല സ്ഥലങ്ങളിലായി ചില ബ്രാഹ്മണകുടുംബങ്ങളെ മാനസാന്തരപ്പെ ടുത്തിയെന്നും അവർക്കുവേി ഏഴു പള്ളികൾ സ്ഥാപിച്ചുവെന്നുമാണല്ലോ പാര മ്പര്യം. കല്യാണപ്പാട്ട്, റമ്പാൻപാട്ട്, തോമ്മാപർവ്വം തുടങ്ങിയ പുരാണകൃതിക ളിൽ അവയെപ്പറ്റി പരാമർശമു്. ഫാ. ബർന്നാദിന്റെ 'മാർത്തോമ്മാ ക്രിസ്ത്യാ നികൾ' എന്ന ഗ്രന്ഥത്തിലും 'മാർത്തോമ്മാ വിജയം'എന്ന മഹാകാവ്യത്തിലും ഇക്കാര്യങ്ങളെപ്പറ്റി പ്രതിപാദിച്ചുകാണുന്നു്. അവയിലെ ആശയങ്ങൾ ചുരു ക്കമായി ഇവിടെ പ്രതിപാദിച്ചുകൊള്ളട്ടേ. വി. തോമ്മാശ്ലീഹാ സ്ഥാപിച്ചവയെന്നു പറയപ്പെടുന്ന ഏഴു പള്ളികളിൽ ഒന്നാണു പാലയൂർ. ഈ പള്ളിക്കു സമീപം നാലു കുളങ്ങൾ ഉായിരുന്നു. ബോട്ടുകളും, ചെഞ്ചേർകുളം, പൂങ്കുളം, തളിയ ക്കുളം എന്നീ പേരുകളിലാണ് അവ അറിയപ്പെട്ടിരുന്നതു. ഇവയിൽ ഏറ്റവും വലുത് തളിയക്കുളമായിരുന്നു. ഏന്നു പാലയൂർ ബ്രാഹ്മണനിബിഡമായ ഒരു ഗ്രാമമായി രുന്നു. വി. തോമ്മാശ്ലീഹാ ഒരു സുപ്രഭാതത്തിൽ തളിയക്കുളത്തിനു സമീപമെ ത്തിയപ്പോൾ ഹൈന്ദവപുരോഹിതന്മാരായ ആഢ്യബ്രാഹ്മണന്മാർ കുളത്തിൽ കുളിക്കുന്നതും ജപിക്കുന്നതുമായ കാഴ്ചയാണു കത്. ജപത്തിനിടയിൽ അവർ കയ്യിൽ വെള്ളമെടുത്തു മുകളിലേയ്ക്കു എറിയുന്നു. എന്താണിതിന്റെ രഹസ്യം! വിശുദ്ധൻ കുറെ നേരം നോക്കിനിന്നു ചിന്തിച്ചു. പതിവില്ലാതെ ഒരാൾ ഇങ്ങനെ നോക്കിനില്ക്കുന്നതു കിട്ടു ബ്രാഹ്മണർ ചോദിച്ചു:

''എന്താണു നിങ്ങൾ ഇങ്ങനെ നോക്കിനില്ക്കുന്നത്. നിങ്ങൾക്കെന്തുവേണം.''

തോമ്മാ പറഞ്ഞു: ''നിങ്ങൾ വെള്ളം മുകളിലേയ്ക്ക് എറിയുന്നതു നോക്കി നിന്നെ ന്നേയുള്ളൂ. എന്താണിതിന്റെ പൊരുൾ എന്നറിഞ്ഞാൽ കൊള്ളാം. ഇതു വെറും ഒരു പതിവാണോ, അതോ വല്ല പ്രത്യേക ആചാരമാണോ? ''

അവർ പറഞ്ഞു: ''വെറും പതിവുമല്ല ആചാരവുമല്ല, മരിച്ചുപോയ ഞങ്ങളുടെ പിതൃക്കൾക്കുവേിയുള്ള തർപ്പണമാണിത്.''

''പിതൃക്കളെ പൂജിക്കാനാണെങ്കിൽ അവരതു സ്വീകരിച്ചുവെന്നതിനു സൂതനയായി ആ വെള്ളം താഴേക്കു വീഴാതെ അന്തരീഷത്തിൽ തന്നെ നില്ക്കണമായിരുന്നു.

അവരതു സ്വീകരിക്കുന്നില്ലന്നു തന്നെയല്ല അവരതിൽ സംപ്രീതരുമല്ല. അതു കൊാണു വെള്ളം താഴേയ്ക്കു തന്നെ പോരുന്നതു. '' വിശുദ്ധൻ തട്ടിവിട്ടു.

കുപിതരായ വിപ്രന്മാർ ചോദിച്ചു: ''വെള്ളം എപ്പോഴും കീഴോട്ടല്ലേ വീഴുക. മഴ പെയ്യുന്നതു നിങ്ങൾ കിട്ടില്ലേ.''

വിശുദ്ധൻ അവരെ വെല്ലുവിളിച്ചു: ''ഞാൻ തർപ്പണം ചെയ്താൽ ഈശ്വരൻ അതു സ്വീകരിക്കും. ആ വെള്ളം താഴേയ്ക്കു വീഴുകയില്ല. അതു മുത്തുപോലെ ആകാശത്തിൽ തങ്ങിനില്ക്കും. നിങ്ങൾക്കു സമ്മതമാണെങ്കിൽ കാണിച്ചുതരാം. പക്ഷേ ഒരു കാര്യം ഞാൻ പറഞ്ഞപോലെ സംഭവിച്ചാൽ നിങ്ങൾ എന്റെ മതം സ്വീകരിക്കണം. സംഭവിച്ചില്ലയെങ്കിൽ നിങ്ങളുടെ മതം ഞാൻ സ്വീകരിക്കാം. നിങ്ങളുടെ അമ്പലത്തിൽ വന്നു നിങ്ങളുടെ ദേവനെ തൊഴുകയും ചെയ്യാം .''

നമ്പൂതിരിമാർ വിശുദ്ധന്റെ വെല്ലുവിളി സ്വീകരിച്ചു.

'' വരൂ സമ്മതം തന്നെ കുപ്പായമൂരീ–
ട്ടിറങ്ങൂ കളത്തിൽ തുടങ്ങൂ യഥോക്തം
ഫലിച്ചാലുടൻ ഞങ്ങൾ പൂണൂൽ മാറ്റാം
മതം മാറിടാം ,'' ഭൂരിപക്ഷം സമ്മതിച്ച്. ''

അപ്പോസ്തലൻ വസ്ത്രം മാറാതെതന്നെ വെള്ളത്തിലിറങ്ങി അല്പ സമയം ധ്യാനനിരതനായി പ്രാർത്ഥിച്ചിട്ട് കൈക്കുമ്പിളിൽ വെള്ളം കോരിയെടുത്തു. വെള്ളമെടുത്ത സ്ഥലം ഒരു കുഴിയായിത്തന്നെ സ്ഥിതിചെയ്യുന്നതു ക ബ്രാഹ്മണർ സ്തബ്തരായി നിന്നു പോയി. വിശുദ്ധൻ വെള്ളം കയ്യിലെടുത്തു തന്റെ ഗുരുനാഥൻ പഠിപ്പിച്ച 'സ്വർഗ്ഗസ്ഥനായ പിതാവേ 'എന്ന പ്രാർത്ഥന ഭക്തിപൂർവ്വം ജപിച്ചുകൊ് വെള്ളം മേലോട്ടെറിഞ്ഞു. വെള്ളത്തുള്ളികൾ കണ്ണിഞ്ചിക്കുമാറ് പ്രകാശധോരണി പ്രവഹിപ്പിച്ചുകൊു കുരിശാകൃതിയിൽ വായുമണ്ഡലത്തിൽ താങ്ങിനിന്നു. ഇതു കു നിന്ന ബ്രാഹ്മണരെല്ലാം അത്ഭുതപുളകിതരായി. ചിലർ തങ്ങളുടെ പൂണൂൽ പൊട്ടിച്ചെറിഞ്ഞു ക്രിസ്തുനാമം ഉരുവിട്ടു. വിശുദ്ധൻ ആകട്ടെ കരയ്ക്കു കയറി. അദ്ദേഹത്തിന്റെ വസ്ത്രമോ ആ ദേഹമോ നനഞ്ഞിരുന്നില്ലത്രേ. വിശ്വസ്തരായ വിപ്രന്മാർ വാഗ്ദാനപ്രകാരം സത്യവേഗം സ്വീകരിച്ചു തോമായുടെ ശിഷ്യന്മാരായിത്തീർന്നു. മറ്റു ചിലർ ദൈവദൂഷണം പുലമ്പികൊു സ്ഥലം വിടുകയും ചെയ്തു. ഇങ്ങനെ പോയവർ കാളം, കിമും. ചെങ്ങല്ലം എന്നീ ഇല്ലക്കാരാണെന്നു പറയപ്പെടുന്നു. ശങ്കരപുരി , കാളികാവ്, കള്ളി, ആദിത്യമറ്റം തുടങ്ങിയ ഇല്ലക്കാർ തങ്ങളുടെ വാഗ്ദാനങ്ങളിൽ വിശ്വസ്തരായി നിലകൊള്ളുകയും വി. തോമായിൽ നിന്നും സ്നാനം സ്വീകരിച്ച് സത്യവിശ്വാസം സ്വീകരിക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം.

# LM18

'പുകൾപെട്ട ശങ്കൂരിയും, കാളികാവും
തഥാ കള്ളി, യാദിത്യമറ്റം തുടങ്ങി
പരിസ്നാതരായാഭിജാത്യം നിറഞ്ഞോർ
പവിത്രാലയത്തിനു തൂണിട്ട മട്ടിൽ .'

കല്യാണപ്പാട്ടിലും തോമാപർവ്വത്തിലും മാർഗ്ഗം കളിപ്പാട്ടിലുമൊക്കെ ഈ നാലില്ലക്കാരെക്കുറിച്ചു പരാമർശമുു്. കാലാന്തരത്തിൽ മതപീഡനംകൊമോ മറ്റെന്തെങ്കിലും കാരണങ്ങളാലോ അവരുടെ അന്തരഗാമികൾ വിവിധസ്ഥലങ്ങളിലേയ്ക്കു കുടിയേറി പാർത്തു ആദ്യം അവർ ഏറ്റുമാനൂർ ക്ഷേത്രപരിസരങ്ങളിൽ താമസമാക്കാൻ ഒരുങ്ങിയെങ്കിലും ക്ഷേത്രാധികാരികൾ അവരെ ക്ഷേത്രപരിധിയിൽ പെട്ട കാളികാവിലേയ്ക്കു പറഞ്ഞയിച്ചു. അവിടെ ഈ നാലു, ഇല്ലക്കാർക്കും പ്രത്യേകം പ്രത്യേകം സ്ഥലം നിർണ്ണയിച്ചുകൊടുത്തുവെന്നാണു ചില ചരിത്രകാരന്മാരുടെ അഭിപ്രായം. ഇത് A.D.304–ൽ ആണെന്നു ചിലർ ചൂിക്കാണിക്കുന്നു. ഇങ്ങനെ കിട്ടിയ സ്ഥലങ്ങൾക്ക് ഓരോ ഇല്ലക്കാരും അവരവരുടെ പാലയൂരിലെ ഇല്ലപ്പേർതന്നെ നല്കി. ഇതു കേവലം ഐതിഹ്യമല്ല. ചരിത്രരേഖയാണെന്നു തെളിയിക്കുന്ന സർക്കാർ രേഖകളുു്. ഓരോ പറമ്പിന്റേയും പേരും, ലക്കവും, സർവ്വെനമ്പരും ഇന്നും കാണാവുന്നതാണ്. കാളികാവു ക്ഷേത്രത്തിനു വടക്കുകിഴക്കായി കാവുങ്കൽ പുരയിടം ലക്കം 183, 184, സർവ്വെ 468/15, 468/16; കള്ളിക്കൽ പുരയിടം ലക്കം 175, സർവ്വെ 460/5, 460/6; പാലമറ്റം പുരയിടം ലക്കം 179, സർവ്വെ 519/8. ഇവരുടെ അടുത്തായി ശങ്കരപുരി പുരയിടം സ്ഥിതിചെയ്യുന്നു. എന്നാൽ അതിന്റെ ലക്കമോ സർവ്വെനമ്പറോ കാണുന്നില്ല. ഇതിൽ നിന്നൂഹിക്കാവുന്നത് സ്ഥലം പതിച്ചു കിട്ടുന്നതിനു മുമ്പ് ശങ്കൂരിക്കുടുംബക്കാർ എന്തോ കാരണത്താൽ സ്ഥലം വിട്ടിരിക്കാം എന്നാണ്.

ഏതായാലും ശങ്കൂരി എന്നപേരിൽ അറിപ്പെടുന്ന കുടുംബക്കാർ ഇന്നും ഞാറയ്ക്കൽ ഇടവകയിലുു്. ശങ്കരപുരി ലോപിച്ചു ശങ്കൂരി ആയതായിരിക്കണം. ഏതാ് നാല്പതോളം വീട്ടുക്കാർ ഈ കുടുംബത്തിന്റെ ശാഖകളിലായി അവിടെയുു്. കൊല്ലങ്ങൾക്കു മുമ്പും ഇപ്പോഴും ആ കുടുംബത്തിൽ വൈദികരുായിരുവെന്നും കാണുന്നു. ദിവംഗതരായ ശങ്കൂരിക്കൽ ഗീവർഗീസച്ചൻ, പൗലോസച്ചൻ, (വ്യാകുലങ്ങളിലെന്ന്), ഏലിയാ അച്ചൻ ജോസപ്പച്ചൻ തുടങ്ങി പലരും. ഇന്നും ജീവിച്ചിരിക്കുന്ന ഫാ. സെബാസ്റ്റ്യൻ ശങ്കൂരിക്കൽ തികഞ്ഞ വാഗ്മിയും ധ്യാനഗുരുവുമാണ്. ഇതു ഈ കുടുംബത്തിന്റെ പൗരാണികത്വത്തിനു ഒരു തെളിവായി സ്വീകരിക്കാം. കാളികാവിൽ നിന്നും സ്ഥലം വിട്ടുപോന്ന ശങ്കരപുരി ഇല്ലക്കാർ ഞാറയ്ക്കലേയ്ക്കല്ല പോന്നത് എന്നു തെളിയിക്കുന്നതുവരെ കാളികാവിലെ ശങ്കരപുരിക്കുടുംബം തന്നെയാണു ഞാറയ്ക്കലെ ശങ്കൂരി കുടുംബമെന്ന്

ഊഹിക്കുന്നതു യുക്തിസഹമായി തോന്നുന്നു. ഈ ശങ്കൂരിരിക്കുടുംബത്തിൽ നിന്നും ഒരു കാരണവർ ഇടപ്പള്ളിയിലേയ്ക്കു മാറി തമസിച്ചു. ഭൂമിശാസ്ത്രപരമായി നോക്കിയാൽ ഞാറയ്ക്കലും ഇടപ്പള്ളിയും മുഖാഭിമുഖം സ്ഥിതിചെയ്യുന്നര് കടലോര പ്രദേശങ്ങളാണ്. ഇവയെ വേർതിരിക്കുന്നതു വേമ്പനാട്ടുകായലിന്റെ ഒരു ശാഖയാണ്. വഞ്ചിമാർഗ്ഗമുള്ള ബന്ധം ഇവയെ കൂടുതൽ അടുപ്പിക്കുന്നു. മാത്രമല്ല വെള്ളത്താൽ ചുറ്റപ്പെട്ടു കിടന്നിരുന്ന ഞാറയ്ക്കൽ ഉപദ്വീപിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുവാൻ എറണാകുളം, ഇടപ്പള്ളി, ആലുവ തുടങ്ങിയ സ്ഥലങ്ങളെ ആശ്രയിക്കേിയിരുന്നു. ഈ പരാധീനതയ്ക്ക് ഒരു പരിഹാരമായിട്ടുകൂടിയായിരിക്കാം ശങ്കൂരി കാരണവർ ഇടപ്പള്ളിയിലേയ്ക്കു താമസം മാറ്റിയത്. കാലാന്തരത്തിൽ ഇവർ അമ്പാട്ടുകുടുംബമായി മാറി.

മാതേയ്ക്കൽ തറവാടിന്റെ മൂലകുടുംബാനേഷണത്തിൽ ഈ അമ്പാട്ടു കുടുംബം വരെ എത്താനേ കഴിഞ്ഞുള്ളൂ. അമ്പാട്ടുകുടുംബത്തിൽ നിന്നു ആരക്കുഴ നടുക്കരയിലുള്ള കുമ്പാട്ടുകുടുംബം രൂപം കൊുവെന്നാണു പിതാമഹന്മാർ പറഞ്ഞു കേട്ടിട്ടുള്ളത്. കുമ്പാട്ടുകുടുംബത്തിൽ നിന്നു ഒരു കാരണവർ ചെറുകുളത്തിലേയ്ക്കു മാറിത്താമസിച്ചു. ഇതൊരു വസ്തുതയാണെന്നതിനു തെളിവായി പരേതനായ മാതേയ്ക്കൽ ബ. യൗസേപ്പച്ചന്റെ ഡയറിക്കുറിപ്പിലെ ഒരുഭാഗം ഇവിടെ ഉദ്ധരിക്കട്ടെ. ''എന്റെ അപ്പന്റെ പൂർവ്വകുടുംബം നടുക്കര കുമ്പാട്ടാണ്. ആ കുടുംബത്തിൽ കുമ്പാട്ടു വലിയച്ചൻ എന്നു പരക്കെ അറിയപ്പെട്ടിരുന്ന ഒരു പുരോഹിതനുായിരുന്നു എന്നു കേട്ടിട്ടു്. കുമ്പാട്ടുനിന്നു ഒരു കാരണവർ ആരക്കുഴ ചെറുകുളത്തിൽ വന്നു കുടിപാർത്തു. ആ കാരണവരുടെ സഹോദരനായി ചെറുകുളത്തിലും ഒരു പട്ടക്കാരനുായിരുന്നു. അദ്ദേഹമാണ് ആരക്കുഴപ്പള്ളിയുടെ മുഖവാരവും മുറിത്തട്ടും പണിയിച്ചതെന്നു പറഞ്ഞു കേട്ടിട്ടു്.'' ഈ പുരോഹിതൻ കുമ്പാട്ടുനിന്നും ചെറുകുളത്തിൽ താമസമാക്കിയ കാരണവരുടെ സഹോദരനോ പുത്രനോ എന്നു തീർത്തു പറയുവാൻ ബുദ്ധിമുട്ട്. കാരണം സഹോദരനായിരുന്നുവെങ്കിൽ കുമ്പാട്ടച്ചൻ എന്നു വേണം അറിയപ്പെടുവാൻ. മകനായതുകൊായിരിക്കണം ചെറുകുളത്തിലച്ചൻ എന്നു വിളിക്കപ്പെട്ടത്. 1023 മേടമാസം 7–ാം തീയതി ചെറുകുളത്തിലച്ചൻ മരിച്ചുവെന്നാണു ആരക്കുഴ പള്ളിരേഖയിൽ കാണുന്നത്.

ചെറുകുളം കുടുംബമാണ് ആഴക്കുഴെ ഇന്നറിയപ്പെടുന്ന മണിയാട്ടു, പാരിക്കുന്നേൽ, വള്ളിക്കാട്ട്, പുറനം, മാതേയ്ക്കൽ എന്നീ കുടുംബങ്ങൾക്കു ജന്മം നല്കിയത്. ഈ അഞ്ചു കുടുംബങ്ങൾക്കു ജന്മം നല്കിയ ചെറുകുളം കുടുംബം ഇന്ന് ആരക്കുഴിയിൽ നാമാവശേഷമായിരിക്കയാണ് എന്ന സത്യം മറച്ചുവെയ്ക്കാനാവില്ല. അതു പോലെതന്നെ പുറമം കുടുംബവും. എന്നാൽ ചെറുകുളം കുടുംബത്തിനു രൂപം കൊടുത്ത കുമ്പാട്ടുകുടുംബം ആരക്കുഴ നടുക്കരകിൽ ഇന്നും ഉന്നു എടുത്തുപറയേിയിരിക്കുന്നു. കുമ്പാട്ടുനിന്നും ചെറുകുളത്തിൽ താമ

സമാക്കിയ കാരണവരുടെ പേര് ഇന്നു ജീവിച്ചിരിക്കുന്ന ആർക്കും നിശ്ചയമില്ല. എന്നിരുന്നാലും അയാൾക്കു ഏഴുപുത്രന്മാരുായിരുന്നുവെന്നും അവരിൽ ഒരാൾ വൈദികനായിരുന്നുവെന്നും മുമ്പു പറഞ്ഞല്ലോ. ആരക്കുഴപ്പള്ളിയിലെ താളിയോല ഗ്രന്ഥ ശേഖരത്തിൽ നിന്നും മനസ്സിലാക്കുന്നതു ചെറുകുളം കുടുംബത്തിൽ ഒരു വൈദികനുായിരുന്നുവെന്നും അദ്ദേഹം 1023 മേടമാസം 7–ാം തീയതി മരിച്ചുവെന്നുമാണ്. ഇദ്ദേഹം ചെറുകുളത്തിലെ കാരണവരുടെ ഏഴുമക്കളിൽ ഒരുവനായിരുന്നിരിക്കാം. ശേഷിച്ച ആറുപേരിൽ അഞ്ചുപേർ അഞ്ചു സംസ്ഥാനങ്ങളിൽ മാറിത്താമസിച്ചു. ഒരാൾ ചെറുകുളത്തിൽ തന്നെയും. മാറിത്താമസിച്ചവർ വീടുവച്ചപറമ്പുകളുടെ പേരിൽ പിന്നീട് അറിയപ്പെടുകയും അങ്ങനെ അഞ്ചു കുടുംബങ്ങൾ രൂപം കൊള്ളുകയും ചെയ്തു. ഇപ്രകാരം രൂപം കൊ കുടുംബങ്ങളിൽ ഒന്നാണു മാതേയ്ക്കൽ കുടുംബം. ഇതര കുടുംബങ്ങൾ മണിയാട്ടു, പരിക്കുന്നേൽ, വള്ളിക്കാട്ടു, പുറമഠം എന്നിവയാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുല്ലോ. ഈ കുടുംബങ്ങളെപ്പറ്റി വിശദമായി ചെറുകുളം കുടുംബം എന്ന പേരിൽ ബ. ഞാറക്കാട്ടു ലൂക്കാച്ചൻ രചിച്ച ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളതുകൊ് മാതേയ്ക്കൽ കുടുംബം മാത്രമാണ് ഇവിടെ പ്രതിപാദ്യവിഷയം.

“ IpSpw_w kvt\lw ]¦p-h-bv¡p-¶-Xn-\pÅ Øe-amWp. Kh¬saân\p ]mÀ¸n-S-§Ä ]Wn-bm³ ]äpw. F¶mÂ a\p-jy³ Ahsb IpSpw-_-am-¡p-¶p.”

tImf-dhUvPv.

RM **21**

# മാതേയ്ക്കൽ തറവാട്

ഒരു ശതാബ്ദത്തിനു മുമ്പു പരിഷ്ക്കാരം എത്തിനോക്കിയിട്ടില്ലാത്ത ഒരു കുഗ്രാമമായിരുന്നു ആരക്കുഴ. സഞ്ചാരയോഗ്യമായ റോഡുകളോ ഇന്നത്തെ പ്പോലെ ജീവിതസൗകര്യങ്ങളോ ഒന്നും അന്നുായിരുന്നില്ല. ജനസഞ്ചാരം ഊടു വഴികളിൽക്കൂടിയും തൊുകളിൽ കൂടിയുമായിരുന്നു നൂറുകൊല്ലത്തിനിപ്പുറ മാണു മൂവാറ്റുപുഴയും കൂത്താട്ടുകുളവുംം തമ്മിൽ യോജിപ്പിക്കുന്ന ഒരു നടപ്പാ തയുായതു. ഇന്നു ആറ്റൂർ കൂടി പോകുന്ന എം. സി. റോഡ് ആരക്കുഴി വിട ണമെന്നു അന്നത്തെ സർക്കാർ ആലോചിച്ചപ്പോൾ ആരക്കുഴിക്കാർ ഒന്നടങ്കം അതിനെ എതിർത്തുവെന്നാണു പറഞ്ഞു കേട്ടിട്ടുള്ളത്. റോഡു വന്നാൽ കള്ള ന്മാരുടെ ശല്യം ഉാകുമെന്നായിരുന്നുവത്രേ അവരുടെ ധാരണ. ഏതായാലും എം. സി. റോഡ് അതിലെ വിട്ടില്ലെങ്കിലും കാലാന്തരത്തിൽ ഇന്നുള്ള റോഡ് രൂപം കൊള്ളുകയും വാഹനഗതാഗതയോഗ്യമായിത്തീരുകയും ചെയ്തു. അതിലെ ബസ് ഒാടാൻ തുടങ്ങിയിട്ടു ഒരു നാല്പതു കൊല്ലത്തിൽ കൂടുതലാ യിട്ടില്ല. മൂവാറ്റുപുഴ നിന്നു ആറു കിലോമീറ്റർ വരുമ്പോൾ റോഡിനു തെക്കുവശ ത്തായി റോഡരികിൽത്തന്നെ മാതേയ്ക്കൽ പുരയിടം സ്ഥിതിചെയ്യുന്നു. ഈ പുരയിത്തിൽ വീടുവച്ചാണു ചെറുകുളത്തിൽ നിന്നും മാത്തുണ്ണി എന്ന കാരണ വർ താമസം തുടങ്ങിയത്. അതോടെ മാതേയ്ക്കൽ തറവാടിന്റെ പ്രാരംഭം കുറി ച്ചു.

നൂറിലേറെ ശാഖകൾക്കു ജന്മം നല്കിയ ഈ മാതേയ്ക്കൽ തറവാടിന്റെ പ്രഥമ പിതാമഹനാകുവാനുള്ള ഭാഗ്യം കൈവന്ന മാത്തുണ്ണി ഇലഞ്ഞി ഇടവക അരഞ്ഞാണി കുടുംബത്തിൽ നിന്നു മറിയത്തെയാണു വിവാഹം ചെയ്തിരുന്നത്. ഇവർക്കു നാലു പുത്രന്മാരും നാലു പുത്രിമാരുമുായിരുന്നു. നല്ല സാമ്പത്തിക നിലയുള്ള കുടുംബമായിരുന്നു ഇവരുടേത്. ആരക്കുഴ അന്നുായിരുന്ന രു ഇടപ്രഭൂക്കന്മാരായിരുന്നു ഉണ്ണ്യാതിരിയും വള്ളിക്കട പണിക്കാരും. ഇവർ തമ്മിൽ എപ്പോഴും വഴക്കും വക്കാണവുമായിട്ടാണു കഴിഞ്ഞുകൂടിരുന്നത്. കേസു നട ത്തുന്നതിനു പണമില്ലാതായപ്പോൾ പണിക്കാർക്കു പണം വാങ്ങി കൊടുത്തതു മാത്തുണ്ണി ആയിരുന്നുവെന്നും പ്രതിഫലമായി ഏറെ നെൽപ്പാടങ്ങൾ എഴുതി കൊടുത്തെന്നും പറഞ്ഞുകേട്ടിട്ടു്. ഏതാു ഒരു ഇടപ്രഭുതന്നെയായിരുന്നു മാത്തുണ്ണി എന്നുവേണം വിചാരിക്കാൻ. ഇന്നു ആരക്കുഴറോഡിൽ എരുമക്കാട്ടു എന്ന സ്ഥലം മുതൽ വടക്കോട്ടു തൊടുപുഴയാറ് മൂഴിവരെയും തെക്കോട്ടു വ്യാപിച്ച തെക്കും മലവരെയും കിടക്കുന്ന നെൽപ്പാടം മുഴുവനും മാതേയ്ക്കൽ തറവാട്ടു കാരണവർ മാത്തുണ്ണിയുടേതായിരുന്നുവെന്നു കരുതാൻ ന്യായങ്ങളു്. തന്റെ മക്കൾക്കു ഈ സ്ഥലങ്ങൾ വാങ്ങിച്ചു കൊടുത്തതിന്റെ ഫലമായി ഇന്നും ഈ നിലങ്ങൾ അത്രയും മാതേയ്ക്കൽ തറവാട്ടിലെ വിവിധ ശാഖകളുടെ കൈവ ശമാണ് ഇരിക്കുന്നത്. അവയിൽ ചിലതെല്ലാം വിറ്റതുമൂലം അന്യാധീനപ്പെടുകയും

ചെയ്തിട്ടു്. ഇല്ലിക്കൽ കമെന്നറിയപ്പെട്ടിരുന്ന നാലു പറ നിലം വാഴക്കുളം സന്യാസാശ്രമത്തിനു ആത്മകാര്യം വകയ്ക്കായി ഏല്പിച്ചുകൊടുത്തതിനു രേഖ യു്. ഈ നിലം മാത്തുണ്ണിയുടെ മൂത്തപുത്രൻ താമസിച്ചിരുന്ന കൊട്ടൂർ പുര യിടത്തോട് അടുത്താണു സ്ഥിതിചെയ്തിരുന്നത്. മാത്രമല്ല പൂർത്തസ്വത്തെന്ന നിലയിൽ പരമ്പരാഗതമായി മാതേയ്ക്കൽക്കാർതന്നെ ഈ നിലം കൃഷിചെയ്യു കയും ചെയ്തുപോന്നു.

മാതേയ്ക്കൽ മാത്തുണ്ണിക്കു നാലു ആൺമക്കളാണുായിരുന്നതെന്ന് മുമ്പു പ്രസ്താവിച്ചുവല്ലോ. ഇവരിൽ രാമത്തെയാളും മൂന്നാമത്തെയാളും മത്തായി എന്ന പേരുകാരായിരുന്നതുകൊ് മാത്തുണ്ണിയുടെ ആദ്യഭാര്യ മരി ച്ചെന്നും തന്മൂലം പുനർവിവാഹം ചെയ്തെന്നും വിചാരിക്കാൻ ന്യായമു്. അന്നത്തെ പള്ളിരേഖകൾ നഷ്ടപ്പെട്ടതു കൊും പഴയകാര്യങ്ങൾ അറിയാവു ന്നവരാരും ഇന്നു ജീവിച്ചിരിക്കാത്തതുകൊും രാമത്തെ വിവാഹം എവിടെ നിന്നാണെന്നോ ആരെ ആയിരുന്നെന്നോ തീർത്തുപറയാൻ വിഷമം. പക്ഷേ ആ ഭാര്യയുടെ മരണാനന്തരം ചെയ്ത വിവാഹമാകാം അരഞ്ഞാണി കുടുംബത്തിൽ നിന്നുമുള്ള മറിയവുമായുള്ളത്. ആദ്യത്തെ വിവാഹത്തിലുള്ള ആൺമക്കളാണു വർക്കിയും മത്തായിയും. രാമത്തെ വിവാഹത്തിലുള്ള മക്കളാണു മത്തായിയും ചാക്കോയും. പെൺമക്കൾ ആദ്യത്തേതിലേയോ രാമത്തേതിലേയോ അതേ രിലേയും എന്നു നിശ്ചയമില്ല. അടുത്തതായി മാത്തുണ്ണിയുടെ മക്കളേയും അവ രുടെ കുടുംബങ്ങളേയും പറ്റി കുറഞ്ഞൊന്നു പ്രതിപാദിക്കാം.

## മാത്തുണ്ണി വർക്കി

മാത്തുണ്ണിയുടെ സീമന്ത പുത്രനായ വർക്കി മാതേയ്ക്കൽ തറവാട്ടിൽ നിന്നും അകലെയല്ലാതെ കോട്ടൂർ പുരയിടത്തിലേയ്ക്കു മാറി താമസം. അങ്ങനെ കോട്ടൂർ കുടുംബം ജന്മം കൊു. വർക്കി വിവാഹം ചെയ്തിരുന്നതു അരിക്കുഴ മൂഴിക്കച്ചാലിൽ കുടുംബത്തിൽ നിന്നാണു ഇവർക്കു ര് മക്കളുായിരുന്നു. ഒരു പുത്രനും ഒരു പുത്രിയും. പുത്രൻ മത്തായി കർമ്മലീത്താസന്യാസസഭയിൽ ചേർന്നു പുരോഹിതനായി. മാതേയ്ക്കൽ തറവാട്ടിലെ ആദ്യത്തെ പുരോഹിതൻ ബ. ബർണർദീനോസച്ചനാണെങ്കിലും അദ്ദേഹം വൈദികനായിട്ടു രുകൊല്ലം മാത്രമേ ജീവിച്ചുള്ളൂ. എന്നാൽ കുടുംബത്തിലെ രാമത്തെ പുരോഹിതനും ചരിത്രം സൃഷ്ടിച്ച ഒരു വ്യക്തിയുമെന്ന നിലയ്ക്കു ബ. മത്തായിയച്ചനെപ്പറ്റി അല്പം വിശദമായി പ്രതിപാദിക്കുന്നതു ഉചിതമായി തോന്നുന്നു.

# RM 23

നല്ല സാമ്പത്തിക നിലയുായിരുന്ന ഒരു കുടുംബത്തിലെ ഏകപുത്രൻ തന്റെ പിതൃത്തും തനിക്കുാകാമായിരുന്ന സകലവിധ സുഖസൗകര്യങ്ങളും ഉപേക്ഷിച്ചു സന്യാസം വരിക്കുക ഒരു വിരോധാഭാസമായി തോന്നാം. ലൗകികസുഖത്തേക്കാൾ അലൗകികനേട്ടങ്ങളിൽ നോട്ടമിട്ട മത്തായി തന്റെ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു സന്യാസാർത്ഥിയായി കൂനമ്മാവു കൊവെന്തയിൽ ചേർന്നു. ഈ തീരുമാനത്തിൽ നിന്നു കുഞ്ഞുമത്തായിയെ പിന്തിരിപ്പിക്കുന്നതിനു തന്റെ പിതാവും വർക്കിയും അമ്മയും കൂടി അശ്രാന്തപരിശ്രമം നടത്തിയിരിക്കണം. പക്ഷേ ഫലമൊന്നുമുായില്ല. കുഞ്ഞുമത്തായി തന്റെ തീരുമാനത്തിൽ ഉറച്ചു തന്നെ നിന്നു. മാതാപിതാക്കന്മാരുടെ എതിർപ്പുായിട്ടും കുഞ്ഞുമത്തായിയെ സെമിനാരിയിൽ സ്വീകരിക്കുവാൻ അന്നത്തെ വരാപ്പുഴ മെത്രാപ്പൊലീത്തായായിരുന്ന മാർബർണദീനോസ് സമ്മതിച്ചതു ദൈവം തന്റെ നിശ്ചയത്തെ മനുഷ്യൻ വഴി നടപ്പാക്കുന്നുവെന്നതിനു ഒരുദാഹരണമാണു. ലെയോണാർദ് മെത്രാപ്പൊലീത്തായുടെ കാലത്താണു കുഞ്ഞുമത്തായി മാതേയ്ക്കൽ ക. നി. മൂ. സ. ബ. മത്തായി അച്ചനായി വൈദീകപട്ടം സ്വീകരിക്കുന്നത്. അക്കാലത്താണു ലത്തീൻ ഭരണത്തിനെതിരായി പഴേപറമ്പിൽ ബ. ലൂയീസച്ചന്റെ നേതൃത്വത്തിൽ ചില വൈദികർ സുറിയാനിക്കാർക്കായി സ്വന്ത റീത്തിലും ജാതിയിലും പെട്ട മെത്രാൻ വേണമെന്നുള്ള വാദഗതിയുമായി രംഗപ്രവേശം ചെയ്യുന്നത്. അവർ തങ്ങളുടെ സങ്കടങ്ങും ആവശ്യങ്ങളും കാണിച്ചു മാർപ്പാപ്പായ്ക്കു ഒരു അപേക്ഷ തയ്യാറാക്കി അയയ്ക്കാൻ തീരുമാനിച്ചു. ബ. പഴേപറമ്പിൽ ലൂയീച്ചന്റെ അപേക്ഷ തയ്യാറാക്കുന്നിനുള്ള ഉത്തരവാദിത്വം ഏല്പിച്ചു. വരാവുന്ന ഭവിഷ്യത്തുകളെല്ലാം മുമ്പിൽ കുകൊു തന്നെ ലൂയിസച്ചൻ അപേക്ഷ തയ്യാറാക്കി. തയ്യാരാക്കിയ ഹർജ്ജിയിൽ ആരൊക്കെയാണു ഒപ്പിടേതു എന്ന പ്രശ്നമുദിച്ചു. ഒപ്പിടുന്നതു ആപൽക്കരമായിരിക്കും. വരാപ്പുഴ മെത്രാപ്പോലീത്ത എങ്ങനേയും ഇക്കാര്യം അറിയാതിരിക്കില്ല. ആ സ്ഥിതിയ്ക്കു ഒപ്പിടുന്നവർക്കുാകുന്ന അനുഭവങ്ങൾ തിക്തകങ്ങളുമായിരിക്കുമെന്നതിനെക്കുറിച്ച് എല്ലാവരും ബോധവാന്മാരാണ്. വരാപ്പുഴ മെത്രാപ്പോലീത്ത സുറിയാനിക്കാരുടെ വികാരി അപ്പസ്തോലിക്ക മാത്രമല്ല, കർമ്മലീത്താക്കാരുടെ ശ്രേഷ്ഠനുമായതുകൊാണ് അവർക്കു കൂടുതലായി ഇക്കാര്യങ്ങളിൽ ഭയപ്പാടുായത്. ശിക്ഷ മഹറോനോ അംശമുടക്കോ കർമ്മലീത്താസഭയിൽ നിന്നു നിഷ്ക്കാസനമോ എന്നിങ്ങനെ പലതും സംഭവിക്കാം. തന്മൂലം എല്ലാവരും വളരെ വിവേകപൂർവ്വം തലപുകഞ്ഞു ചിന്തിച്ചു. അവസാനം ഹർജ്ജിയിൽ ആരും ഒപ്പിടേ, ഒപ്പിടാതെതന്നെ അതു റോമിലേയ്ക്കയയ്ക്കാമെന്ന തീരുമാനത്തിലെത്തി. അങ്ങനെ ഹർജ്ജി ആരുടേയും ഒപ്പില്ലാതെ റോമിലേയ്ക്കയച്ചു. കൂട്ടത്തിൽ ഇങ്ങനെ ഒരു കുറിപ്പും: ‘‘ഞങ്ങൾ ആരും ഈ അപേക്ഷയിൽ ഒപ്പു വയ്ക്കുന്നില്ല. കാരണം, യാദൃച്ഛികമായി ഞങ്ങളുടെ വികാരി അപ്പസ്തോലിക ഞങ്ങളുടെ പേരുകൾ അറിയുന്നതിനിടയായാൽ ഞങ്ങൾ വളരെ ക്ലേശങ്ങൾ സഹിക്കേിവരും. സകല ക്രിസ്ത്യാനികളുടേയും ക്ഷേമകാംക്ഷിയാ

യ പിതാവു ഈ ചെറിയ ന്യൂനത ക്ഷമിക്കുമല്ലോ.'' ഹർജ്ജി റോമിലേയ്ക്കയയ്ക്കുന്നതിനു മുമ്പു അച്ചന്മാരെല്ലാവരും കൂടി ഹർജ്ജിക്കത്തു അൾത്താരയിൽ വി. കുർമ്പാനയുടെ മുമ്പിൽ കൊുപോയി നിക്ഷേപിച്ചു ഇങ്ങനെ പ്രാർത്ഥിച്ചു; ''ഞങ്ങളുടെ പ്രഭുവും രക്ഷകനുമായ ദൈവമേ, ഞങ്ങൾ ഈ കത്തു റോമിലേയ്ക്കയയ്ക്കുന്നു. ഇതു ക്ലിഷ്ടതയേറിയ ഒരു പരിശ്രമമാണ്. സാധിച്ചു കിട്ടിയാൽ ഞങ്ങൾ അങ്ങയോടു കൃതജ്ഞരായിരിക്കും. ഇല്ലെങ്കിൽ അവിടത്തേ പവിത്രമായ മനസ്സു എന്നും നിറവേറട്ടെ. ഞങ്ങൾ സഭയിൽ നിന്നു നിഷ്ക്കാസിതരായേക്കാം എന്ന വിപത്തിൽ നിന്നു നീ ഞങ്ങളെ രക്ഷിക്കണമേ.''

ഹർജ്ജിയുടെ ചുരുക്കമിതായിരുന്നു. റോക്കോസ് ശീശ്മ കേരളസഭയിൽ വരുത്തിക്കൂട്ടിയ നാശം, അതിനുള്ള കാരണം, സുറിയാനിക്കാർക്കും ലത്തീൻകാർക്കും പ്രത്യേകം പ്രത്യേകം മെത്രന്മാരുായിരുന്നെങ്കിൽ ഈ അനർത്ഥങ്ങൾ ഉാകുകയില്ലായിരുന്നു. അതുകൊു പല കാര്യങ്ങളേയും പരിഗണിച്ചു സുറിയാനിക്കാർക്കുമാത്രമായി ഒരു മെത്രാനെ നല്കുന്നതിനു പ. പിതാവിനു തിരുവുള്ളമുകണം. ഈ ഹർജ്ജി അയയ്ക്കുന്നതിനു മുൻകയ്യെടുത്തു മാന്നാനം കൊവേന്തയിലുായിരുന്ന പഴേപറമ്പിൽ ലൂയിസച്ചനും തറവട്ടത്തിൽ ഹില്ലായോസച്ചനും ചാവറ യൗസേപ്പച്ചനും ആയിരുന്നു. ഹർജ്ജി റോമിലേയ്ക്കു പോകുന്ന കാലത്തു മാതേയ്ക്കൽ മത്തായി അച്ചനും മീനാട്ടൂർ മണിയച്ചനും ശങ്കൂരിക്കൽ പൗലോസച്ചനും പുളിങ്കുന്നു കൊവേന്തയിലുായിരുന്ന കൊച്ചച്ചന്മാരായിരുന്നു. മാന്നാനത്തേ കൊച്ചച്ചന്മാരുടെ നീക്കത്തിൽ ഇവരുടെ അറിവും ആലോചനയുമുായിരുന്നുവെന്നു ഇവരുടെ ഇടയ്ക്കിടയ്ക്കുള്ള മാന്നാനം സന്ദർശനം സൂചിപ്പിക്കുന്നു. തുടർന്നു ചെയ്യേ കാര്യങ്ങളെപ്പറ്റി എല്ലാവരും മാന്നാനത്തു സമ്മേളിച്ചു രൂപരേഖ തയ്യാറാക്കി. അതനുസരിച്ചു കിഴക്കൻ പ്രദേശങ്ങളിലുള്ള വൈദികരേയും വിശ്വാസികളേയും ഉദ്ബോധിപ്പിച്ച് അവരെക്കൊു റോമിലേയ്ക്കു ഹർജ്ജികൾ അയപ്പിക്കുന്ന കാര്യം മാന്നാനത്തുക്കാരെ ചുമതലപ്പെടുത്തി. കുട്ടനാടു തുടങ്ങിയ തെക്കൻ പ്രദേശങ്ങളിലെ പ്രവർത്തനം പുളിങ്കുന്നുകാർക്കും നിരവധി ഹർജ്ജികൾ റോമിലേയ്ക്കു പോയി. എല്ലാറ്റിന്റെയും ആശയം ആദ്യം പേരുവയ്ക്കാതെ വിട്ട ഹർജ്ജിയിലേതുതന്നെ.  ഇവയിൽ പലതിലും ചില ഇടവകപ്പട്ടക്കാരും ജനപ്രമാണികളും ഒപ്പുവച്ചിരുന്നു.

വരാപ്പുഴ അതിരൂപതയ്ക്കും മെത്രാപ്പോലീത്തായ്ക്കും എതിരായി ഒരു ഗണം വൈദികർ അതും യുവവൈദികർ പ്രർത്തിക്കുന്നുണ്ടെന്നും മെത്രാപ്പോലീത്തായക്കെതിരായി അനവധി ഹർജ്ജികൾ റോമിലേയ്ക്കു പോയിട്ടുന്നെും അന്നത്തെ രൂപതാദ്ധ്യക്ഷനായിരുന്ന ലെയോണാർദു മെത്രാപ്പോലീത്തായുടെ ചെവിയിലെത്തി. ഇന്നത്തെപ്പോലെ തന്നെ അന്നും മേലാധികാരികളുടെ പാദസേവകരും കൈമണികളുമായി വർത്തിച്ചിരുന്ന ചില പുരോഹിതന്മാരുായിരു

രുന്നു. അവരിൽ പ്രധാനിയായിരുന്നു പുളിങ്കുന്നുകാരനായ തട്ടാശ്ശേരിൽ സ്ക്കറിയാച്ചൻ. കൂട്ടത്തിൽ ചില യൂറോപ്യൻ പാതിരികളും. പ്രകൃതാ ശാന്തശീലനും ദൈവഭക്തനുമായിരുന്ന ലെയൊനാദു മെത്രാപ്പോലീത്ത തനിക്കെതിരായി ഹർജ്ജികൾ റോമിലേയ്ക്കു പോയിട്ടുണ്ടെന്നു കേട്ടിട്ടു ഒട്ടും കുലുങ്ങാതെ ദൈവ തിരുമനസ്സിനു എല്ലാം കയ്യാളിച്ചു കഴിഞ്ഞുകൂടായിരുന്നു.എന്നാൽ തട്ടാശ്ശേരിലച്ചനും മറ്റു ചില വിദേശ മിശണറിന്മാരുംകൂടി മെത്രാപ്പോലീത്തയെ കർമ്മധീരനാക്കിക്കൊ‌ു അദ്ദേഹത്തിനെതിരായി വർത്തിക്കുന്നവരെ കുപിടിക്കുന്നതിനും അവരുടെമേൽ നടപടി എടുക്കുന്നതിനും പ്രേരിപ്പിച്ചു. അവരുടെ പ്രേരണയ്ക്കു വഴങ്ങിയ മെത്രാപ്പോലീത്ത പ്രക്ഷോഭകാരികളെ കുപിടിക്കുന്നതിനുള്ള ചുമതല തട്ടാശ്ശേരിലച്ചനെത്തന്നെ ഏല്പിച്ചു. അദ്ദേഹം എല്ലാ ആശ്രമങ്ങളിലും ഇടവകകളിലും ചുറ്റിസഞ്ചരിച്ച് പുതിയ പ്രസ്ഥാനത്തിന്റെ ഉള്ളുകളില്ലൊം മനസ്സിലാക്കിയതിനുശേഷം വിശദമായ ഒരു റിപ്പോർട്ട് മെത്രാപ്പോലീത്തയ്ക്കു നല്കി. പിന്നെ അങ്ങോട്ട് മെത്രാപ്പോലീത്തകക്ഷികളും യുവവൈദികകക്ഷികളും തമ്മിലുള്ള പോരാട്ടത്തിന്റെ ഒരു ഘോഷയാത്രയാണ്. ഇതിനിടയിൽ മെത്രാപ്പോലീത്താകക്ഷികൾ എതിർപാർട്ടിയിൽ പെട്ടവരെ ചാക്കിട്ടുപിടിക്കാൻ ശ്രമിക്കയും അങ്ങനെ ചില പ്രായമായ അച്ചന്മാർ കാലുമാറുകയും ചെയ്തു. അതിന്റെ ഫലമായി അവരിൽ ചിലർക്കു ചില സ്ഥാനമാനങ്ങളും കിട്ടാതിരുന്നില്ല. ഇക്കൂട്ടരുടെ പരിശ്രമഫലമായി മാർപ്പാപ്പയ്ക്കു ഹർജ്ജി അയയ്ക്കുന്നതിനു മുൻപന്തിയിൽ നിന്നവരേയും അതിനു സഹകരിച്ചു പിൻപന്തപയിൽ നിന്നവരേയെല്ലാം മനസ്സിലാക്കി. ഇനി അവരുടെമേൽ നടപടികൾ സ്വീകരിക്കണം. പക്ഷേ ഒരു നിയമപ്രശ്നം. മാർപ്പാപ്പായ്ക്കു തങ്ങളുടെ സങ്കടങ്ങൾ ബോധിപ്പിക്കുന്നവരുടെമേൽ മെത്രാനു ശിക്ഷണ നടപടി സ്വീകരിക്കാൻ പാടില്ല. പോരെങ്കിൽ അവരുടെ സങ്കടമോ നല്ല കാര്യത്തിനു വേയുള്ളതും. ഇക്കാര്യത്തിനു ഒരു പോംവഴി തട്ടാശ്ശേരിപ്രഭൃതികൾ തന്നെ കത്തി. ചെറുപ്പക്കാരായ ഈ അഹങ്കാരിക്കൊച്ചച്ചന്മാരെ ഒരു നല്ല പാഠം പഠിപ്പിക്കണം. അതിനു എന്തനീതിയും ചെയ്യുന്നതിനു മടിയില്ലാത്ത തട്ടാശ്ശേരി അവരുടെമേൽ ഇല്ലാത്ത ചില കുറ്റങ്ങൾ ആരോപിച്ചു, സ്ഥലത്തെ അധികാരികളായ മെത്രാപ്പോലീത്തയെക്കൊ‌ു അവരുടെമേൽ ശിക്ഷണനടപടി എടുപ്പിച്ചു. ഇതിനെ ചോദ്യം ചെയ്യാൻ മാർപ്പാപ്പയ്ക്കു പോലും നിവൃത്തിയില്ല. മാർപ്പാപ്പാ പരമാധികാരിയാണെങ്കിലും സ്ഥലത്തെ സംഗതികളുടെ നിർണ്ണേതാവു സ്ഥലത്തെ അധികാരിതന്നെയാണു. ആരോപിതരായ യുവവൈദികർ നിയമം ലംഘിച്ചെന്നോ, അനുസരണം, കന്യാവ്രതം തുടങ്ങിയ സന്യാസവ്രതങ്ങൾ ലംഘിച്ചെന്നോ ഒക്കെ നിർണ്ണയിക്കേതു സ്ഥലത്തെ അധികാരിയാണു. ആരോപണം ശരിയെന്നു ബോദ്ധ്യപ്പെട്ടാൽ ശിക്ഷിക്കേതും അദ്ദേഹം തന്നെ.

# LM26

ചിന്തകളും നിർണ്ണയങ്ങളും ഇങ്ങനെ വളഞ്ഞ വഴികളിലൂടെ കാടുകയറി തിന്റെ ഫലമായി മെത്രാപ്പോലീത്തായിൽ നിന്നു കല്പനയും വാങ്ങിക്കൊു തട്ടാശ്ശേരി അച്ചൻ രംഗപ്രവേശം ചെയ്തു. ശിക്ഷണനടപടിയ്ക്കു ആദ്യം ബലി യാടായതു ശങ്കൂരിക്കൽ ബ.പൗലോസച്ചനാണ്. മെത്രാപ്പോലീത്തായുടെ കല്പ നപ്രകാരം ശങ്കൂരിക്കലച്ചൻ കർമ്മലീത്താസഭയിൽ നിന്നും പുറംതള്ളപ്പെട്ടു. ഇതിനുശേഷം തട്ടാശ്ശേരിലച്ചൻ നോട്ടമിട്ടതു മാതേയ്ക്കൽ ബ.മത്തായി അച്ച നെയായിരുന്നു. കർമ്മലീത്താസഭയിൽ നിന്നും നിഷ്ക്കാസനം ചെയ്യുന്നതായ കല്പന മാതേയ്ക്കലച്ചന്റെ കയ്യിൽ കൊടുത്തു. കല്പന വായിച്ചിട്ടു, തന്റെമേൽ ആരോപിച്ചിരിക്കുന്ന കുറ്റമെന്താണെന്നു വ്യക്തമല്ലെന്നും സഭയിൽ നിന്നും ബഹി ഷ്കരിക്കുന്നതിനുള്ള കാരണങ്ങൾ ഒന്നും കല്പനയിൽ കാണിച്ചിട്ടില്ലല്ലോ എന്നും അദ്ദേഹം വ്യക്തമാക്കി. അതിനു തട്ടാശ്ശേരി നല്കിയ മറുപടി വളരെ വിചിത്രമായിരിക്കുന്നു. ''കാരണങ്ങളോ? കാരണങ്ങൾ എന്തെല്ലാം. സാഹസം, അതിസ്വതന്ത്ര്യം, സഭാനിയമലംഘനം, ജനപ്രക്ഷോപണം ഇങ്ങനെ എത്രയോ വലിയ അപരാധങ്ങൾ. അതുകൊു താൻ സ്വന്ത ഇടവകയിലേയ്ക്കു പോയ്ക്കൊള്ളണം. ഒരുങ്ങുവാൻ മൂന്നു ദിവസം തന്നിരിക്കുന്നു. ഇടവകയിൽ ചെന്നിട്ടു സഭാവസ്ത്രം മാറ്റാതിരുന്നാൽ തനിക്കു കുർബാന ചൊല്ലുന്നതിനുള്ള അനുവാദവും എടുത്തുകളയുന്നതായിരിക്കും.''മെത്രാൻ സ്വാധീനത്തിലുന്നെു കരുതി എന്തൊരധികാരഭ്രമം. മാതേയ്ക്കലച്ചനും വിട്ടില്ല. ''ഞാൻ ഉടനെതന്നെ എന്റെ ഇടവകയിലേയ്ക്കു പോകുന്നു. എന്നാൽ എന്നിൽ ചോരയുള്ളിടത്തോളം കാലം, ഞാനേതൊരു കാര്യത്തിനായി നിലകൊള്ളുന്നുവോ അതിനായിത്തന്നെ തുടർന്നും പണിയെടുക്കും.'' അങ്ങനെ മാതേയ്ക്കൽ മത്തായി അച്ചനും കർമ്മ ലീത്താസഭയിൽ നിന്നും നിഷ്ക്കാസിതനായി. അദ്ദേഹം പുളിങ്കുന്നു കൊവേന്ത വിട്ടു സ്വന്ത ഇടവകയായ ആരക്കുഴയ്ക്കു പോരുകയും ചെയ്തു. ആരക്കുഴ പ്രക്ഷോഭണ കേന്ദ്രങ്ങളായ മാന്നാനം, പുളിങ്കുന്നു തുടങ്ങിയ സ്ഥലങ്ങളിൽനിന്നു ദൂരെ ആയതുകൊു മുമ്പത്തെപ്പോലെ പ്രക്ഷോഭണത്തിൽ സജീവമായി പങ്കെടുക്കുന്നതിനു അദ്ദേഹത്തിനു കഴിഞ്ഞില്ലെങ്കിലും തനിക്കാവുന്നതു ചെയ്തു കൊുതന്നെയിരുന്നു. അടുത്തായി നിഷ്ക്കാസിതനായതു ബ.മീനാട്ടൂർ എമ്മാ നുവേലച്ചനാണു. പിന്നീടു ഇതേ അനുഭവം തന്നെ മാന്നാനം കൊവേന്തയിൽ താമസിച്ചിരുന്ന ചാവറ യൗസേപ്പച്ചനും, ഇരുമ്പൻ വറുഗീസച്ചനും കൈവന്നു. ചാവറ യൗസേപ്പച്ചൻ വയസ്സനായതുകൊു പല കാരണങ്ങളും പറഞ്ഞു കല്പന അനുസരിക്കാൻ തയ്യാറായില്ല. തന്മൂലം മെത്രാപ്പോലീത്ത അദ്ദേഹത്തെ ദിവ്യബലി അർപ്പിക്കുന്നതിൽ നിന്നു മുടക്കുകയും അങ്ങനെ മരണം വരെ കുർബാന ചൊല്ലാതെ മാന്നാനം ആശ്രമത്തിൽ തന്നെ താമസിച്ചു വളരെ ക്ലേശ ങ്ങൾ സഹിച്ചു മരിക്കുകയും ചെയ്തു.

പ്രക്ഷോഭകാരികളായ പ്രമുഖരിൽ ഇനി അവശേഷിക്കുന്നതു പരഷേപറമ്പിൽ ലൂയീസച്ചനും വട്ടത്തറ ഹിലാരിയോസച്ചനുമാണ്. ഇവരിൽ പ്രത്യക്ഷപ്പെട്ടിരുന്ന പലേ ഗുണങ്ങളും പ്രത്യേക കഴിവുകളും കിട്ടു ഇവരെ എങ്ങനെ എങ്കിലും വശീകരിച്ചു തന്റെ കക്ഷികളാകണമെന്നു മെത്രാപ്പോലീത്തായ്ക്കാഗ്രഹമുായിരുന്നു. തട്ടാശ്ശേരിലച്ചനെത്തന്നെ ഈ ദൗത്യവുമായി അവരുടെ പക്കലയച്ചു. തട്ടാശ്ശേരി മാന്നാനത്തുചെന്നു തന്റെ അടവുകളെല്ലാം പയറ്റിനോക്കി. കാര്യം അസാദ്ധ്യമെന്നു ബോധ്യമായി. തട്ടാശ്ശേരി മെത്രാപ്പോലീത്തായെ വിവരം ധരിപ്പിക്കുകയും അവരേയും കർമ്മലീത്താസഭയിൽ നിന്നു പുറംതള്ളുന്നതിനുള്ള കല്പന കരസ്ഥമാക്കുകയും ചെയ്തു. അങ്ങനെ വട്ടത്തറ അച്ഛനും പഴേപറമ്പിലച്ചനും സന്യാസഭയിൽ നിന്നും നിഷ്ക്കാസനം ചെയ്യപ്പെട്ട കർമ്മധീരരും സമൂഹസ്നേഹികളുമായ ഈ ഏഴു വന്ദ്യവൈദികരാണു കേരളസഭാചരിത്രത്തിൽ ഏഴു വ്യാകുലങ്ങൾ എന്നറിയപ്പെടുന്നവർ. നമ്മുടെ കഥാനായകനായ ബ.മാതേയ്ക്കൽ മത്തായി അച്ചൻ അവരിൽ ഒരാളായിരുന്നുവെന്നതു മാതേയ്ക്കൽ കുടുംബത്തിനും കുടുംബാംഗങ്ങൾക്കും ഇന്നും അഭിമാനപൂർവ്വം സ്മരിക്കാവുന്ന ഒരു വസ്തുതയാണ്. ഈ ഏഴു വൈദികരെപ്പറ്റി അവർക്കയച്ച കല്പനകളിൽ കാണിച്ചിട്ടുള്ള ആരോപണങ്ങൾക്കു പുറമേ പല അപവാദങ്ങളും വരാപ്പുഴക്കാർ പറഞ്ഞു പരത്തി. ഇവർ രാത്രിയിൽ വിടന്മാരെപ്പോലെ ആശ്രമത്തിനു പുറത്തു സഞ്ചരിച്ചിരുന്നു, കുമ്പസാരത്തിൽ ഇവർ യുവതികളെ വശീകരിച്ചിരുന്നു, ഇങ്ങനെ പലതും. ഇതിനു പഴേപറമ്പിൽ ലൂയീസച്ചൻതന്നെ നല്ല ചുട്ട മറുപടി കൊടുത്തിട്ടു്. "തള്ളപ്പെട്ട ഞങ്ങൾ പട്ടിണിനിമിത്തം വയറ്റുപ്പിഴപ്പിനായി കൊവേന്തിയിൽ കൂടിയരവല്ല. നല്ല സ്വത്തും നിലയും വിലയുമുള്ള കുടുംബങ്ങളിൽപ്പെട്ടവരായിരുന്നു ഞങ്ങൾ. സ്വത്തും സ്വാധീനശക്തിയുമുള്ളവർ വൃത്തിക്കായി ആശ്രമത്തിൽ ചേരണമോ "ലൂയീസച്ചൻ ചോദിച്ചു. നമ്മുടെ മത്തായിയച്ചനെ സംബന്ധിച്ചിടത്തോളം ഇതെത്ര വാസ്തവമാണ്.ഒരു പ്രഭു കുടുംബത്തിലെ ഏകപുത്രൻ, വലിയൊരു സ്വത്തിന്റെ ഏക അവകാശി അതെല്ലാം തന്റെ സഹോദരിക്കായി മാറ്റിവച്ചിട്ടാണുഅദ്ദേഹം കുടുംബം വിട്ടിറങ്ങി സന്യാസം കൈവരിച്ചത്. കാര്യം ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും കാലാന്തരത്തിൽ മാതേയ്ക്കൽ മത്തായി അച്ചനും ഇരുമ്പൻ വറുഗീസച്ചനും കാലുമാറിയെന്നും മെത്രാപ്പോലീത്താകക്ഷിയിൽ ചേർന്നെന്നും പഴേപറമ്പിൽ ലൂയീസ് മെത്രാന്റെ ചരിത്രരേഖയിൽ കാണുന്നു. വരാപ്പുഴ മേലദ്ധ്യക്ഷൻ മർസലീനോസ് മെത്രാപ്പോലീത്ത ആരോഹണം ചെയ്യപ്പെട്ടതിനുശേഷം മാതേയ്ക്കലച്ചൻ വരാപ്പുഴെ ചെന്നു മെത്രാന്റെ കാല്ക്കൽ വീണു തന്റെ കഴിഞ്ഞ നടപടികൾക്കു മാപ്പു അപേക്ഷിക്കുകയും അതു സമ്പാദിക്കുകയും ചെയ്തുവെന്നും മാർ ലൂയീസ് മെത്രാൻ രേഖപ്പെടുത്തിട്ടു്. ഇതിന്റെ ലക്ഷ്യം എന്തു തന്നെയായിരുന്നാലും മത്തായി അച്ചന്റെ ചരിത്രത്തിൽ ഇതൊരു കറുത്ത

# LM28

രേഖയായി നിലകൊള്ളുന്നു. ഇതിനുശേഷം അദ്ദേഹം മുട്ടുചിറ, ഭരണങ്ങാനം, രാമപുരം, ആരക്കുഴ, കോതമംഗലം, പെരിങ്ങഴ, മാറിക തുടങ്ങിയ പള്ളികളിൽ വികാരിയായി ജോലി ചെയ്തിട്ടു്. പഴേപറമ്പിൽ ലൂയീസച്ചൻ എറണാകുളത്തെ വികാരി അപ്പോസ്തോലിക്കാ ആയതിനുശേഷം അദ്ദേഹത്തിന്റെ ആലോചനക്കാ യിൽ ഒരുവനായിരുന്നുവത്രേ ബ.മത്തായി അച്ചൻ. കൊവേന്ത വിടുന്നതിനുമുമ്പു അദ്ദേഹം പുളിങ്കുന്നു സെമിനാരിയിൽ മല്പാനായും സേവനമനുഷ്ഠിച്ചിട്ടു്. ഇതെല്ലാം വിളിച്ചോതുന്നതു അദ്ദേഹം അനിതരസാധാരണമായ ഒരു വ്യക്തിത്വ ത്തിന്റെ ഉടമ ആയിരുന്നുവെന്നാണു. അന്ത്യകാലത്തു സ്വവസതിയിൽ സ്വന്തം സഹോദരിയോടൊത്തു വിശ്രമജീവിതം നയിക്കുകയും 1921 ജൂൺ മാസം 2–ാം തീയതി ഈലോകവാസം വെടിയുകയും ചെയ്തു.

മത്തായി അച്ചന്റെ സഹോദരി ഏലീശ്വായെ അരക്കുഴ നൊടുങ്ങാട്ടു (ഏർത്തടത്തിൽ) ഔസേപ്പു വിവാഹം ചെയ്യുകയും അദ്ദേഹം കോട്ടൂരു ദത്തുനി ല്ക്കുകയും ചെയ്തു. ഈ ദമ്പതികൾക്കു മൂന്നു പുത്രന്മാരും ഒരു പുത്രിയുമു ായിരുന്നു. രാമത്തെ മകൻ വർക്കി തലാപ്പിള്ളിയിലേയ്ക്കു മാറിത്താമസി ച്ചു. അദ്ദേഹത്തിന്റെ പൗത്രനാണു ഫാ. ജോസ് കോട്ടൂർ. പൗത്രിമാരാണു തിരു ഹൃദയസഭയിലെ സിസ്റ്റർ വെർജിനും സിസ്റ്റർ ഫിലിപ്പിയായും. ഇളയ പുത്ര നായ ഐപ്പു വിവാഹിതനായി കോട്ടൂരുത്തന്നെ താമസിച്ചു. അദ്ദേഹത്തിന്റെ ഒരു പുത്രിയാണു കർമ്മലീത്താസഭാംഗമായ സി. എമിലി. മൂത്ത പുത്രൻ മത്തായി പറയന്നിലത്തേയ്ക്കു മാറിത്താമസിച്ചു. മത്തായിയുടെ ഏഴു പെൺമക്കളിൽ ഒരു മകളാണു കർമ്മലീത്താസന്യാസിനീസമൂഹത്തിലെ അന്തരിച്ച സി. മറിയംത്രേ സ്യാ. പൗത്രനാണു കരിങ്ങാട്ടിൽ ബ. തോമസച്ചൻ.

# RM29

## മാത്തുണ്ണിയുടെ പെൺമക്കൾ

മാത്തുണ്ണി കാരണവരുടെ ഒരു മകളെ നടുക്കര ഓണാട്ടു വിവാഹം ചെയ്തു. ആ മകളുടെ മകനാണു ഓണാട്ടു ബ. യാക്കോബ് അച്ചൻ. ജീവിച്ചിരുന്നപ്പോഴും മരണശേഷവും അദ്ദേഹത്തെ ജനങ്ങൾ ഒരു വിശുദ്ധനെപ്പോലെ ആദരിച്ചിരുന്നു. ഇപ്പോഴും അദ്ദേഹത്തിന്റെ കുഴിമാടത്തിങ്കൽ വിശ്വാസികൾ പ്രാർത്ഥിക്കയും തിരിക്കത്തികയും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യത്തിലൂടെ അനുഗ്രഹങ്ങൾ പ്രാപിക്കയും ചെയ്തുപോരുന്നു. രാമത്തെ മകളെ കാക്കൂർ മീമ്പിള്ളിക്കാവിൽ വിവാഹം ചെയ്തയച്ചു. മൂന്നാമത്തെ മകളെ വിവാഹം ചെയ്തതു വാഴക്കുളം തലയ്ക്കൽ കുടുംബത്തിലേക്കാണു. ആ മകളുടെ മകനാണു ദീർഘനാൾ എറണാകുളം അതിരൂപതയുടെ വികാരി ജനറാളായിരുന്ന മോൺ. തോമസ് നെടുങ്കല്ലേൽ. ഇദ്ദേഹം ജോലിയിൽ നിന്നു വിരമിച്ചശേഷം അങ്കമാലിയിലെ വിൻസെൻഷ്യൻ സഭയിൽ അംഗമായിച്ചേർന്നു. ആദ്യ അംഗങ്ങളിൽ ഒരുവനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സഹോദരപുത്രനാണു നിർമ്മലകോളേജിന്റെ നിലനില്പിനും വളർച്ചയ്ക്കും കാരണക്കാരനായ മോൺ. തോമസ് നെടുങ്കല്ലേൽ (Jr.). കോളേജിന്റെ ആരംഭം മുതൽ ദീർഘകാലത്തേക്കു അദ്ദേഹം പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. അതിനു ശേഷം വടവാതൂർ സെമിനാരിയിലെ മലയാളം പ്രൊഫസറായി ഏറെക്കാലം ജോലി ചെയ്തു. ജോലിയിൽ നിന്നു വിരമിച്ചശേഷം തൃക്കാരിയൂർ പയസ് ഗാർഡൻസിലുള്ള വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിച്ചു വരവേ 1991–ൽ നിര്യാതനായി. നാലാമത്തെ മകളെ വാഴക്കുളത്തു ആ നിക്കോട്ടിൽ ആണു വിവാഹം ചെയ്തത്.

LM30

# കണ്ണാത്തുകുഴി ശാഖ

മാതേയ്ക്കൽ മാത്തുണ്ണിയുടെ ആദ്യവിവാഹത്തിലെ ദ്വിതീയപുത്രനാണു മത്തായി. മത്തായി തടത്തിൽ അന്നയെ വിവാഹം കഴിച്ചു മാതേയ്ക്കൽ തറവാടിനടുത്തുള്ള കണ്ണാത്തുകുഴി പുരയിടത്തിലേയ്ക്കു മാറിത്താമസിച്ചു. അങ്ങനെ ജന്മം കൊ കുടുംബം അന്നുമുതൽ ഇന്നോളം കണ്ണാത്തുകുഴിയിൽ എന്നു തന്നെ അറിയപ്പെടുന്നു. മാത്രമല്ല ഇപ്പോൾ സർക്കാർ എഴുത്തുകളിലൊക്കെ മാതേയ്ക്കൽ എന്നല്ല കണ്ണാത്തുകുഴിയിൽ എന്നുതന്നെയാണു ചേർത്തുകാണുന്നത്. ഇതരശാഖകളെല്ലാം പുരയിടത്തിന്റെ പേരിലാണു നാട്ടിൽ അറിയപ്പെടുന്നതെങ്കിലും മാതേയ്ക്കൽ എന്നുതന്നെയാണു രേഖകളിലെല്ലാം. കണ്ണാത്തുകുഴിക്കാർ മാത്രം തറവാട്ടുപേരുപേക്ഷിച്ചതിന്റെ കാരണം അജ്ഞാതമാണ്. ഇപ്പോൾ ജീവിച്ചിരിക്കുന്ന കണ്ണാത്തുകുഴിയിലെ ചില കാരണവന്മാരോട് ഇതേപ്പറ്റി ചോദിച്ചിട്ട് അവർക്കും ഉത്തരമൊന്നും തരാനായില്ല. ഏതായാലും അതു വളരെ വിചിത്രമായിട്ടു തോന്നുന്നു.

കണ്ണാത്തുകുഴിയിലേയ്ക്കു മാറിത്താമസിച്ച മത്തായി അന്ന ദമ്പതികൾക്കു രു പെൺമക്കളും ഉായിരുന്നു. പെൺമക്കളിൽ ഒരാളെ അടപ്പൂർ പുത്തൻപുരയിൽ ദേവസ്യായും അപരെ തോട്ടക്കര തടത്തിലും വിവാഹം ചെയ്തു. ഇളയമകനായ മത്തായി 1845 ഫെബ്രുവരി 14–നു ജനിച്ചു. 1859 നവമ്പർ 5നു വാഴക്കുളം ആശ്രമത്തിൽ ചേർന്നു ബർണാദു എന്ന പേരു സ്വീകരിച്ചു. കുനമ്മാവു സന്യാസാശ്രമത്തിൽ നവസന്യാസവും 1868–ൽ സന്യാസവ്രതവും 1868–ൽ തന്നെ വൈദികപട്ടവും സ്വീകരിച്ചു. അടുത്തവർഷം വാഴക്കുളം ആശ്രമത്തിലേയ്ക്കു പോന്നു. ഇദ്ദേഹം ഒരു നല്ല വാഗ്മിയും ധ്യാനഗുരുവുമായിരുന്നെന്നു കർമ്മലീത്താനാളാഗമത്തിൽ കാണുന്നു. വടകരപ്പള്ളിയിൽ ഇടവകക്കാരെ ധ്യാനിപ്പിച്ചുകൊിരിക്കുമ്പോൾ ആകസ്മികമായുായ രോഗത്താൽ അവിടെവച്ചുതന്നെ പെട്ടെന്നു മരിക്കുകയാണുായത്. ഇതു സംഭവിച്ചതു 1870 ഏപ്രിൽ ഒന്നാം തീയതി ആണെന്നു രേഖകളിൽ കാണുന്നു. അന്നുതന്നെ മൃതദേഹം വാഴക്കുളത്തേയ്ക്കു കൊുപോരുകയും അടുത്ത ദിവസം സംസ്കരിക്കുകയും ചെയ്തു. വിടരാൻ കൊതിച്ച ആ പൂമൊട്ടു വിരിഞ്ഞു തുടങ്ങിയപ്പോൾ തന്നെ ദിവ്യനാഥൻ ഇറുത്തെടുത്തു. സുപ്രസിദ്ധനായ ധ്യാനഗുരുവും പ്രാസംഗികനുമായി വളരാനുള്ള സാധ്യതയും ഈ യുവവൈദികനിൽ ദൃശ്യമായിരുന്നു. അനുസരണയുള്ള ഒരു സന്യാസി, ക്രിസ്തുവിനെ അടുത്തനുകരിച്ച ഒരു പുരോഹിതൻ. ബോധപൂർവ്വം ദാരിദ്രം വരിച്ചു എല്ലാം ഉപേക്ഷിച്ചു ഇറങ്ങിതിരിച്ച ഇദ്ദേഹം അസ്സീസിയിലെ വിശുദ്ധനെപ്പോലെ ദാരിദ്രത്തെ തന്റെ പ്രാണപ്രേയസിയായി സ്വീകരിച്ചു. നയ്യാമിക

ദാരിദ്ര്യത്തേക്കാൾ യാഥാർത്ഥ ദാരിദ്ര്യം അരൂപിയിലും ശരീരത്തിലും സംവഹിച്ചു. അതപമാനമായി കരുതിയില്ല. അതിൽ അഭിമാനിച്ചു. ഇതിൽ കൂടുതലായി ഇദ്ദേഹത്തെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. മൂത്ത പുത്രനായ വർക്കി കുമ്പപ്പിള്ളിൽ മറിയത്തെ വിവാഹം ചെയ്തു. വർക്കി വളരെ ശാന്തനും വിനീതഹൃദയമുനുമായിരുന്നുവെന്നു പറയപ്പെടുന്നു. വർക്കിക്കു രു ആൺമക്കൾ മാത്രമേ ഉായിരുന്നുള്ളൂ. മത്തായിയും ഔസേപ്പും.

## വർക്കി മത്തായി

മത്തായി ജനിച്ചതു 1862–ലാണ്. ആരക്കുഴപ്പള്ളി ഇടവക മഞ്ചേരിൽ (കിണറ്റുകരത്തടത്തിൽ) ഏലിയായിരുന്നു മത്തായിയുടെ ഭാര്യ. ഇവർക്കു ആറു മക്കളുായിരുന്നു. നാലു പെൺമക്കളും രു ആൺമക്കളും. മറിയത്തെ കല്ലൂർക്കാട്ടു ഇടവക മുാട്ടിൽ (വട്ടക്കാട്ടു) തൊമ്മൻ വിവാഹം ചെയ്തു. ഇവരുടെ പൗത്രന്മാരാണു തിരുവനന്തപുരം സെന്റ സേവ്യേഴ്സ് കോളേജ് പ്രിൻസിപ്പലായിരുന്ന റവ. ഫാ. മാത്യു നമ്പ്യാപറമ്പിൽ എസ്. ജെ. യും, റവ. ഫാ. ജോർജ് വറുങ്ങലക്കുടി എസ്. ജെ. യും. വാഴക്കുളം ഇടവക വട്ടക്കുഴി ഉലഹന്നാൻ അന്നയെ വിവാഹം ചെയ്തു. ഇവരുടെ പുത്രിയാണു രാമപുരത്തു തിരുഹൃദയമഠാംഗമായിരുന്ന സി. ഫ്ളവറ്ററു എസ്. എച്ച്. സി. ഫ്ളവറ്ററു 1990 ജൂൺ മാസത്തിൽ നിര്യാതയായി. പൗത്രനാണു മണിയാട്ടു ബ. സിറിയക്കച്ചൻ. ത്രേസ്യായെ കല്ല്യാണം കഴിച്ചിരുന്നതു മുതലക്കൊടം ഇടവക ചെമ്പരുത്തി (പുതിയേടത്തു കുന്നേൻ) ഐപ്പ് ആണ്. ഏലിയുടെ ഭർത്താവു കാരക്കുന്നം ഇടവക കരിങ്ങാട്ടിൽ ചാക്കോയും.

## മത്തായി ഔസേപ്പ്

(ജനനം 1896. മരണം 1979 ഫെബ്രുവരി 4.) കുഞ്ഞാപ്പ് എന്നറിയപ്പെട്ടിരുന്ന ഔസേപ്പിന്റെ ഭാര്യ മുത്തോലപുരം ഇടവക മച്ചുകുഴിയിൽ പൈലിയുടെ മകൾ ഏലി ആയിരുന്നു. ഇവർക്കു നാലു മക്കളു്. ഒരാണും മൂന്നുപെണ്ണും. മൂത്ത മകൾ മറിയത്തെ (1930) വിവാഹം ചെയ്തിരിക്കുന്നതു മാറിക ഇടവക മണ്ണൂർ ഉലഹന്നനാണ്. ഇവർക്കു ജോയി, ജോസ്, ബേബി, ഷാജി, എന്നീ നാലു പുത്രന്മാരും ലൂസി, ഷീന എന്നീ രു പുത്രിമാരുമു്. രാമത്തെ മകൾ ഏലി (1938 ഫെബ്രു. 22) കോഴിക്കോട്ടു മേരിക്കുന്നിലുള്ള ബ്രിജിറ്റെൻ സന്യാസ സഭയിൽ ചേർന്നു സിസ്റ്റർ ബർത്ത എന്ന പേരു സ്വീകരിക്കുകയും 1966–ൽ പ്രഥമവ്രതവാഗ്ദാനം നടത്തുകയും ചെയ്തു. തദനന്തരം മദ്രാസിൽ പല്ലാവരത്തുള്ള സന്യാസഭവനത്തിൽ സേവനമനുഷ്ഠിച്ചു. മൂന്നു കൊല്ലങ്ങൾക്കുശേഷം കളമ

ശ്ശേരിയിലുള്ള സന്യാസഭവനത്തിലേയ്ക്കു വരികയും അവിടെവച്ചു 1972 ഫെബ്രു. മൂന്നിനു നിത്യവ്രതവാഗ്ദാനം ചെയ്യുകയും ചെയ്തു. തിരുവനന്തപുരത്തു വെള്ള യമ്പലത്തിലുള്ള സന്യാസഭവനത്തിൽ സേവനമനുഷ്ഠിക്കുന്നു. മൂന്നാമത്തെ മകൾ അന്ന (1940) പാലാരൂപതയിൽപ്പെട്ട തിരുഹൃദയ സഭയിൽ ചേർന്നു സി. എവുജിൻ എന്ന പേരു സ്വീകരിച്ചു. 1965 മെയ് 20–ന് നിത്യവ്രതം എടുത്തു. പാലാ, ചക്കാംപുഴ, മലബാറിലെ കല്ലാതോട് എന്നിവിടങ്ങളിലും വടക്കേ ഇന്ത്യ യിലും സേവനമനുഷ്ഠിച്ചിട്ടു്. ഇപ്പോൾ അറുന്നൂറ്റിമംഗലത്തു ഹോസ്റ്റൽ വാർഡ നായി ജോലി ചെയ്യുന്നു.

## ഔസേപ്പ് മത്തായി (1925)

ജന്മനാ മുടന്തനായിരുന്ന മത്തായി ദൈവമഹത്വം പ്രത്യക്ഷത്തിൽ കാണാൻ സാധിക്കുന്നു. ബാല്യത്തിൽ തന്നെ മത്തായി നടക്കുകയില്ലെന്നു കാണു ന്നവരെല്ലാം വിധി എഴുതുമായിരുന്നെങ്കിലും ബുദ്ധിമുട്ടിയാണെങ്കിലും മത്തായി നടക്കുകയും തന്റെ കാര്യങ്ങളെല്ലാം കൃത്യമായി ചെയ്യുകയും ചെയ്തുപോന്നു കുടുംബത്തിന്റെ ഏകപുത്രൻ എന്ന നിലയിൽ തന്റെ പിതാവിന്റെ മരണശേഷം മത്തായി കുടുംബഭാരം മുഴുവൻ ഏറ്റെടുത്തു. ആരക്കുഴ ഇടവക തട്ടാർകുന്നേൽ പൗലോസിന്റെ മകൾ അന്നയെ മത്തായി വിവാഹം ചെയ്തു. കാലുകൾ ദുർബ്ബ ലങ്ങൾ എങ്കിലും ഒരു നല്ല ഹൃദയം മനസ്സുമുായിരുന്ന മത്തായി തന്റെ കുടും ബകാര്യങ്ങൾ എല്ലാം വളരെ നന്നായി നടത്തിപ്പോന്നു. മത്തായി അന്ന ദമ്പതി കൾക്കു ഏഴു സന്താനങ്ങളു്. ലില്ലി(1948) യെ പീലാത്തറ കള്ളിച്ചിയിൽ ഐസക് വിവാഹം ചെയ്തു. ഇവർക്കു മൂന്നു മക്കളു്. പ്രേയിസി, പ്രിൻസ്, പ്രേം. ജോസ് (1949) വിവാഹം ചെയ്തിരിക്കുന്നത് പ്രവിത്താനം കവിയിൽ തോമസ് മകൾ ത്രേസ്യായെയാണു. ഇവർക്കു മൂന്നു മക്കളു്, ജോഷി (1984), ആഷാ (1985), സുമ (1987). പോളിന്റെ (1951) ഭാര്യ കീരമ്പാറ ചെറായിൽ സേവ്യർ മകൾ ലിസ്സിയാണ്. ഇവർക്കും മൂന്നു മക്കളു്, ആനി (1976), മേരി (1978), ആലീസ് (1983). ജോർജ് (1954) വിവാഹം ചെയ്തിരിക്കുന്നതു തിരുവമ്പാടി പനന്തോട്ടിൽ വറുഗീസ് മകൾ ഫിലോയെയാണ്. ഇവർക്കു രു കുട്ടികളുു, ഇന്ദു (1985), നീതു (1987). പോളും ജോർജും തങ്ങളുടെ കുടുംബ സമ്മേതം കൂർഗിൽ അമ്മത്തി ഇടവകയിലാണു താമസം. മേരി (1950) ചേർത്തല ഇടവകകുന്നുമ്മേൽ പറമ്പിൽ ജോർജ്ജിന്റെ സഹധർമ്മിണിയാണു. ലൂസി (1959) മാറാടി ഇടവക കിഴക്കേവീട്ടിൽ ബേബിയുടെ ഭാര്യയാണ്. ലൂസി ഇപ്പോൾ കോതമംഗലത്തു ശോഭന ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ അദ്ധ്യാപികയാണ്. ജെസി (1963) മധുരയിലെ കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നു മലയാളം Mphil എടുത്തു ഇപ്പോൾ തൃശൂർ നവോ ദയ സ്കൂളിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിക്കുന്നു.

# RM33

## കണ്ണാത്തുകുഴി മത്തായി വർക്കി (1904)

മത്തായിയുടെ ഏറ്റവും ഇളയ പുത്രനായിരുന്നു വർക്കി. വർക്കി വിവാഹം കഴിച്ചിരുന്നത് കുണിഞ്ഞി ഇടവക വട്ടക്കാട്ടു ഔസേപ്പിന്റെ മകൾ റോസയെയായിരുന്നു. റോസയിൽ വർക്കിക്കു ഒരു പുത്രനുായി, ഏലീശ്വാ. ഏലീശ്വായുടെ ജനനത്തിനു ശേഷം അവൾ പ്രായപൂർത്തിയാകുന്നതിനു മുമ്പുതന്നെ റോസ മരിച്ചു. റോസയുടെ മരണശേഷം വർക്കി പുനർവിവാഹം ചെയ്തതു ആരക്കുഴ ഇടവക മണിയാട്ടു ഉലഹന്നൻ മകൾ ത്രേസ്യായെയാണു. ത്രേസ്യാ പോത്തനാമൂഴി പിതാവിന്റെ സഹോദരീപുത്രിയും ബ. മണിയാട്ടു വറുഗീസച്ചന്റെ സഹോദരിയുമാണ്. ഈ വിവാഹത്തിൽ അവർക്കു ഏഴു മക്കളു്. നാലു പെൺമക്കളും മൂന്നു ആൺമക്കളും. ആദ്യവിവാഹത്തിലെ മകൾ ഏലീശ്വായെ കല്ലൂർക്കാട്ടു ഇടവക നെടുങ്കല്ലേൽ (പാലക്കോട്ടിൽ) ജോസഫിനു വിവാഹം ചെയ്തു കൊടുത്തു. അവർക്കു നാലു മക്കൾ ു്, ഗ്രേസി, സോളി, സോഫി, റാണി. ഇവരിൽ ഗ്രേസി ജർമ്മനിയിൽ നേഴ്സായി ജോലി ചെയ്യുന്നു. ഗ്രേസിയുടെ ഭർത്താവു ബസ്ലേഹം ഇടവക തേവർപാടത്തു ആന്റണിക്കും ജർമ്മനിയിൽത്തന്നെ ജോലിയുണ്. പുനർവിവാഹത്തിലെ നാലു പെൺമക്കളിൽ മൂന്നു പേരും സന്യാസം വരിച്ചു. സിസ്റ്റർ സാലസ് (1940) ആരാധനാമഠത്തിൽ ചേർന്നു. 1967–ൽ നിത്യവ്രതവാഗ്ദാനം നടത്തി. മാറിക, കോടിക്കുളം, ചെറുപ്പുകുളം. ചെലവു, വാഴത്തോപ്പ്, വെള്ളത്തൂവൽ, പൊട്ടൻകാടു തുടങ്ങിയ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടു്. സിസ്റ്റർ സിസിലിയാ (1943) ഫ്രാൻസിസ്ക്കൻ ക്ലാരസഭയിൽ ചേർന്നു. സി. സിമിലി (1951) തിരുഹൃദയമഠത്തിലാണു ചേർന്നത്. ഇപ്പോൾ ജർമ്മനിയിൽ നേഴ്സായി സേവനമനുഷ്ഠിക്കുന്നു. ഇളയ മകൾ സിസിലി (1961) സ്വിറ്റ്സർലിൽ നേഴ്സായി ജോലിചെയ്യുന്നു.

വർക്കിയുടെ മൂത്ത മകൻ ജോസ് (1945) വൈദികസെമിനാരിയിൽ ചേരുകയും 1972 ജനുവരി മാസം കോതമംഗലം രൂപതയ്ക്കുവേി കോതമംഗലം മെത്രാൻ മാർ പോത്തനാമൂഴിയിൽ നിന്നു ആരക്കുഴെ വച്ചു പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. വാഴത്തോപ്പ്, മുതലക്കൊടം എന്നീ ഇടവകളിൽ അസ്തേന്തിയായി ജോലി അനുഷ്ഠിക്കവേ ചുരുളി, ചെറുതോണി, മണിയാറംകുടി എന്നിവിടങ്ങളിലും അദ്ദേഹത്തിനു സേവനം ചെയ്യുന്നതിനുള്ള സൗകര്യം കിട്ടിയിട്ടു്. കുപ്രസിദ്ധമായ ചുരുളി കീരിത്തോടു കുടിയിറക്കിനുശേഷം ചിതറിപ്പോയ ചുരുളിയിലെ ക്രൈസ്തവരെ ഒരുമിച്ചു കൂട്ടുന്നതിനും അവർക്കു ആരാധനാസൗകര്യം ഉാക്കിക്കൊടുക്കുന്നതിനുമുള്ള അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമം ദൈവാനുഗ്രഹത്താൽ ഫലമണിഞ്ഞുവെന്നുള്ളത് അദ്ദേഹത്തിനു അഭിമാനിക്കാവുന്ന ഒരു കാര്യമാണു. മുതലക്കൊടത്തു അസ്തേന്തി ആയിരിക്കുമ്പോൾ

# LM34

അദ്ദേഹത്തിനു മിഷനുപോകണമെന്ന ആശയം ഉദിക്കയും രൂപതാദ്ധ്യകഷ്യന്റെ അനുവാദത്തോടെ പാലാരൂപതയിൽ അമ്പാറ കേന്ദ്രമായി പ്രവർത്തിക്കുന്ന സെ. തോമസ് മിഷനറി സൊസൈറ്റിയിൽ അംഗമായി ചേരുകയും ചെയ്തു. സൊസൈറ്റി അധികൃതർ അദ്ദേഹത്തെ അന്നത്തെ എക്സാർക്കേറ്റും ഇന്നത്തെ രൂപതയുമായ ഉജ്ജയിനിലേയ്ക്കു പ്രേഷിതപ്രവർത്തനത്തിനായി നിയോഗിച്ചു. ജോസച്ചൻ ഉജ്ജെയിനിലെ തന്റെ പ്രവർത്തനകാലത്തു ബ്യാവറ പട്ടണത്തിൽ തിരുഹൃദയ സന്യാസസമൂഹത്തിനുവേി ഒരു മഠം ആരംഭിക്കയും അവരുടെ മേൽ നോട്ടത്തിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കയും ചെയ്തു. ബ്യാവറ പട്ടണത്തിലേയും പരിസരപ്രദേശങ്ങളിലേയും നിവാസികൾ ജോസച്ചന്റെ നിസ്തുല സേവനകളെ ഇന്നും നന്ദിയോടെ സ്മരിക്കുന്നു. ബ്യാവാറയിലെ നാലു കൊല്ലത്തെ സ്തുസ്യർഹമായ സേവനത്തിനുശേഷം ഉജ്ജെയിൽ മെത്രാൻ ജോസച്ചന്റ ഉപരിപഠനാർത്ഥം ജർമ്മനിക്കയയ്ക്കുകയും അവിടെ വച്ചു അദ്ദേഹം സെന്റ് അഗസ്റ്റിൻ ഉന്നത വിദ്യാപീഠത്തിൽ നിന്നു മിഷോളജിയിൽ ബിരുദം കരസ്ഥമാക്കുകയും ചെയ്തു. അതിനു ശേഷം ജർമ്മനിയിൽതന്നെ ഏയിൻഫെൽഡ്. അറുംബേർഗ് എന്നീ ഇടവകകളിൽ സേവനമനുഷ്ഠിച്ചിട്ടു്. ആറുവർഷക്കാലം ഒരു നേഴ്സിംഗ് ഹോമിൽ ചാപ്ലയിൻ ആയിരുന്നു. ഇപ്പോൾ ജർമ്മനിയിൽത്തന്നെ റേഗൻബുർഗ് രൂപതയിൽ തോഴ്സ്ഹൈം ഇടവകയിൽ വികാരിയായും അവിടത്തെ സ്കൂളിൽ അദ്ധ്യാപകനായും സേവനമനുഷ്ഠിക്കുന്നു.

Address,

Oberer Stadtgraben 14
8544 Thiershim, Germany

ജർമ്മനിയിൽ സേവനമനുഷ്ഠിച്ചുകൊു ജോസച്ചൻ ഉജ്ജെജൻ മിഷനെ പലവിധത്തിലും പ്രോത്സാഹിപ്പിച്ചുകൊിരുന്നു.

രാമത്തെ മകൻ ജോൺ (1947) വിവാഹം കഴിച്ചിരിക്കുന്നതു അരിക്കുഴ എടത്തേട്ടിൽ (പുൽപറമ്പിൽ) മത്തായിയുടെ മകൾ മേരിയെയാണുട ഇവർക്കു മൂന്നു മക്കളാണുള്ളതു. ബിനു (1972), ബിജ (1976), ബിജൂ (1978).

മൂന്നാമത്തെ മകൻ മാത്യുവിന്റെ ഭാര്യ മുത്തോലപുരം ഇടവക അരഞ്ഞാണി പുത്തൻപുരയിൽ പൈലിയുടെ മകൾ ആലീസാണു. ഇവർക്കു നാലുസന്താനങ്ങളാണുള്ളത്. റ്റിനി, റ്റിജൊ, റ്റോണിയ, റൈൻസ്.

# RM 35

## വർക്കി ഔസേപ്പ് (1865)

മാതേയ്ക്കൽ തറവാടിനടുത്ത സ്ഥലത്തായിരുന്നു ഇദ്ദേഹം താമസിച്ചിരുന്നത്. പിന്നീടു ആരക്കുഴപ്പള്ളിയുടെ പടിഞ്ഞാറായി പെരികല്ലിങ്കൽ എന്ന വിശാലമായ പറമ്പിലേയ്ക്കു താമസം മാറ്റി. പ്രഥമ ഭാര്യ മാറിക പൊന്നാട്ടു അന്നയായിരുന്നു. രു മക്കളുടെ ജനനശേഷം അന്ന 1890–ൽ ചരമമടഞ്ഞു. വൈക്കത്തിനു സമീപം വടയാർ കരിമടത്തിൽ റോസയെ അദ്ദേഹം പുനർവിവാഹം ചെയ്തു. ഈ ബന്ധത്തിൽ അഞ്ചു ആൺമക്കളും ഒരു മകളും ഐപ്പിനു ജനിച്ചു. വർക്കി (1887), അന്ന (1889), എന്നിവരായിരുന്നു ആദ്യവിവാഹത്തിലെ മക്കൾ. ഇവർ ആരക്കുഴ തറവാട്ടിൽ താമസിച്ചു. ഉലഹന്നാൻ (1898), ഔസേപ്പ് (1900), മത്തായി (1902), കുര്യൻ (1904), മറിയം (1907), തോമസ് (1913) എന്നിവർ ദ്വിതീയ വിവാഹത്തിലെ സന്തതികളും. ഇവർ പെരികല്ലിങ്കലേയ്ക്കു മാറിത്താമസിച്ചു.

നല്ല ഉയരവും വണ്ണവുമുള്ള ആളായിരുന്നു ഐപ്പ്. കഠിനാദ്ധ്വാനിയും സ്നേഹസമ്പന്നനുമായിരുന്ന ഇദ്ദേഹം പൊതുജനസമ്മതനുമായിരുന്നു. കോളറ എന്ന മഹാവ്യാധി പടർന്നു പിടിച്ചിരുന്ന അവസരമായിരുന്നു അതു. നിരവധി ആളുകൾ പിടഞ്ഞുമരിച്ചുകൊിരുന്ന സമയം. മകൻ മത്തായിയുടെ വിവാഹത്തിന്റെ ഒരുക്കങ്ങളോടനുബന്ധിച്ചു എങ്ങോ പോയി വരുന്ന സമയത്തു വഴിയിൽ രു ഹിന്ദുസ്ത്രീകൾ മരിച്ചുകിടക്കുന്നു. അവരുടെ കൂട്ടത്തിൽ ഒരു ബാലൻ കരഞ്ഞുകൊു സമീപത്തിരിക്കുന്നു. ഉടൻതന്നെ ആ പറമ്പിൽ കുഴിയുാക്കി അദ്ദേഹം തന്നെ അവരെ സംസ്കരിക്കുകയും രോഗബാധിതരായ മറ്റു കുടുംബാംഗങ്ങളെ ശുശ്രൂഷിക്കുകയും ചെയ്തു. തിരികെ വീട്ടിലെത്തുന്നതിനു മുമ്പുതന്നെ അദ്ദേഹം രോഗബാധിതനായി. ഏതാനും മണിക്കൂറുകൾക്കുള്ളൽ മൃതിയടയുകയും ചെയ്തു. വേറെയാരും സഹായത്തിനില്ലാതെ സ്വന്തം മക്കൾ മാത്രം അദ്ദേഹത്തെ മഞ്ചലിലേറ്റി ആരക്കുഴപ്പള്ളിയിൽ കൊുവന്നു ആചാരങ്ങളൊന്നും കൂടാതെ സംസ്കരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അനാഥരായ മക്കൾ കഠിനാദ്ധ്വാനത്തിലൂടെ അത്രയൊന്നും ഫലഭ്രയിഷ്ഠമല്ലായിരുന്ന പെരികല്ലുങ്കൽ ഭൂമി സ്വർണ്ണം വിളയുന്നതാക്കി മാറ്റി.

ഐപ്പിന്റെ ആദ്യവിവാഹത്തിലെ മകൾ അന്നയെ ബേസ്ലേഹം പുലിക്കുന്നേൻ ജോസഫ് വിവാഹം കഴിച്ചു. അന്നയ്ക്കു മൂന്നു പെൺമക്കളുായിരുന്നു. ഇളയ മകൾ മറിയക്കുട്ടി തിരുഹൃദയ സന്യാസിനീസഭയിൽ ചേർന്നു. വളരെയേറെ സ്വഭാവവൈശിഷ്ട്യമാർന്ന ഒരദ്ധ്യാപികയായിരുന്നു. റവ. സി. റെജീനാ എസ്. എച്ച്. തൊടുപുഴ മഠത്തിന്റെ മദർ സുപ്പീരിയറായിരിക്കേ 1990 ജൂലൈ 12–ന് നിര്യാതനായി.

രാം വിവാഹത്തിലുായ മകൾ മറിയത്തെ ആരക്കുഴ ഇടവക അട പ്പൂർ ഉലഹന്നൻ വിവാഹം ചെയ്തു. ഇവരുടെ മൂത്ത മകനാണു പ്രശസ്ത പണ്ഡി തനും ദൈവശാസ്ത്രജ്ഞനുമായ റവ. ഫാ. എബ്രഹാം അടപ്പൂർ എസ്. ജെ. ഒരു മകൾ റവ. സി. സിസിലി ജോൺ, 'ജീസസ് ആന്റ് മേരി' സന്യാസസഭയിൽ പൂന 'പ്രോവിൻഷ്യൽ ഹൗസിൽ സേവനമനുഷ്ഠിക്കുന്നു.'

## ഐപ്പ് വർക്കി (1887)

ഐപ്പിന്റെ സീമന്ത പുത്രനായ വർക്കിയാണു തറവാട്ടിൽ താമസിച്ചത്. കാവാട്ടു ഇട്ടീരാ മകൾ ബ്രിജീത്തയാണു ഭാര്യ. ഇവർക്കു ആറു മക്കളു്. മത്തായി (1911), മറിയം (1915), അബ്രഹാം (1919), ഔസേപ്പ് (1922), അന്നം (1927), ഏലീശ്വാ (1930).

മറിയത്തെ വാഴക്കുളം മൂലേക്കുടി കുര്യൻ വിവാഹം ചെയ്തു. കുറവില ങ്ങാടു പാിയമ്മാക്കൽ ജോസഫ് ആണു അന്നയുടെ ഭർത്താവു. ഏലീശ്വായെ വിവാഹം ചെയ്തിരിക്കുന്നതു ആയവന കുഴികത്തിൽ തോമസ് ആണ്.

## വർക്കി മത്തായി (1911)

നെടിയകാടു കാവളക്കാടു ആഗസ്തി മകൾ ത്രേസ്യയെ വിവാഹം ചെയ്തു. ആറു മക്കളു്, ബ്രിജീത്ത (1938). കൊച്ചുത്രേസ്യ (1941), ജോർജ് (1947), അന്ന (1950), ആഗസ്തി (1953), ജോസഫ് (1956).

ബ്രിജീത്തായെ നീറമ്പുഴ വർഗ്ഗീസ് വിവാഹം ചെയ്തു. കൊച്ചുത്രേസ്യയെ പുതുപ്പള്ളി തൈപ്പറമ്പിൽ ലൂക്കായും അന്നയെ പന്നിമറ്റം കണിയമൂഴിയിൽ മാത്യുവും വിവാഹം ചെയ്തു.

ജോർജ്ജിന്റെ ഭാര്യ പന്നിമറ്റം മുല്ലപ്പള്ളിയിൽ ജോസഫ് മകൾ ത്രേസ്യ യാണ്. രു കുട്ടികളു്. കൊച്ചുത്രേസ്യ (1977), മാത്യു (1982), നല്ലൊരു കർഷ കനായ ജോർജ്ജ് ചാലക്കുടി പിലാർകുഴിയിലുള്ള സ്വന്തം തോട്ടം നോക്കി നടത്തി അവിടെ താമസിക്കുന്നു.

ആഗസ്തിയുടെ ഭാര്യ മാലിപ്പാറ കൈതയ്ക്കൽ കുര്യൻ മകൾ മേരി ആണ്. മാത്യു (1982), ത്രേസ്യ (1984), എന്നിവരാണു മക്കൾ. ജോസഫ് വിവാഹം ചെയ്തി രിക്കുന്നതു തൊട്ടിപ്പറന്നോലിൽ ദേവസ്യ മകൾ കൊച്ചുത്രേസ്യയെയാണ്. ഈ രു കുടുംബവും ആരക്കുഴതന്നെ താമസിക്കുന്നു.

# RM **37**

## വർക്കി അബ്രാഹം (1919)

വർക്കിയുടെ ദ്വിതീയപുത്രനായ അബ്രാഹം അദ്ധ്യാപകനായിരുന്നു. ഒരു മാതൃകാദ്ധ്യാപകനായി പേരെടുത്ത ഇദ്ദേഹം ബൃഹത്തായ ഒരു ശിഷ്യസമ്പത്തിന്റെ ഉടമയായിരുന്നു. എളിമയാർന്ന ജീവിതത്തിലൂടെ എല്ലാവരുടെയും പ്രീതിക്കു പാത്രമായിരുന്നു. അദ്ദേഹം. ഭാര്യ കാളിയാർ താഴത്തേക്കുടി അബ്രാഹം മകൾ ബ്രജീത്തയാണു. ഒൻപതു മക്കളു്. ജോർജ്ജ് (1948), ലൂസി (1951), ജയിംസ് (1953), മോളി (1955), ജോസ് (1958), ലിസി (1960), ഫ്രാൻസീസ് (1963), ലൗലി (1965), ലാലി (1967). ഈ കുടുംബം മാറികയിലാണു താമസിക്കുന്നത്. അദ്ധ്യാപകവൃത്തിയിൽ നിന്നു വിരമിച്ച് വിശ്രമജീവിതം നയിച്ചിരുന്ന അദ്ദേഹം 1990 ജൂലൈ 4–നു നിര്യാതനായി.

ലൂസിയുടെ ഭർത്താവു ആനിക്കാടു ചെറുപറമ്പിൽ തോമസ് ജോർജ്ജാണ്. മോളിയെ മാറിക പെരിഞ്ചേരിൽ കുര്യൻ സ്ക്കറിയ വിവാഹം ചെയ്തു. കോഴിക്കോട് ഇല്ലിക്കൽ പീലിപ്പോസിന്റെ മകൻ ജയിംസ് ആണു ലിസിയുടെ ഭർത്താവ്. ലൗലിയെ വിവാഹം ചെയ്തിരിക്കുന്നതു കോതമംഗലം കോട്ടയ്ക്കൽ മാത്യു മകൻ മാത്യൂസാണ്.

ജോർജ് വിവാഹം ചെയ്തിരിക്കുന്നതു തോക്കുപാറ പെരുമ്പിള്ളിച്ചിറ ചെറിയാൻ മകൾ കൊച്ചുത്രേസ്യയെ ആണ്. മൂന്നു മക്കളു്. ജയിംസ്, അറക്കുളം ഞാറക്കാട്ടു പുത്തൻപുര തോമ്മാച്ചൻ മകൾ ഷൈനിയെ വിവാഹം കഴിച്ചു. രു കുട്ടികളു്. ജോസിന്റെ ഭാര്യ മുട്ടം മാടയ്ക്കൽ തോമസ് മകൾ ഡെയ്സിയാണു. ഒരു കുട്ടിയു്.

## വർക്കി ഔസേപ്പ് (1922)

ഔസേപ്പ് ആണു തറവാട്ടിൽ താമസിക്കുന്നത്. നല്ലൊരു കർഷകനാണ്.മറ്റത്തിപ്പാറ വാഴചാരിക്കൽ ഔസേപ്പു മകൾ ഏലീശ്വായാണു ഭാര്യ. ആറുമക്കളു്. ജോർജ് (1946), ബ്രജീത്ത (1952), അന്നം (1956), മറിയം (1958), ജോസ് (1961), ഫ്രാൻസീസ് (1963).

ബ്രിജീത്തായെ വിവാഹം ചെയ്തിരിക്കുന്നതു കുളപ്പുറം അറയ്ക്കൽ ജോർജ്ജാണ്. കാക്കൂർ ഇഞ്ചത്താനത്തു ജോണിയാണു അന്നയുടെ ഭർത്താവ്.

ഔസേപ്പു ജോർജ്ജ് എല്ലക്കല്ല് ഇടവക മനഞ്ചിരിക്കൽ ആഗസ്തി മകൾ റോസയെ വിവാഹം ചെയ്തു. മൂന്നു കുട്ടികളു്. ആഗസ്തി, റോസ, ആന്റണി, ജോർജും കുടുംബവും ഹൈറേഞ്ചു ചെമ്പകപ്പാറയാണു താമസിക്കുന്നത്.

# LM38

## **കണ്ണാത്തുകുഴി** (മാതേയ്ക്കൽ) **ഐപ്പ് ഉലഹന്നൻ** (1898)

വർക്കി ഐപ്പിന്റെ ദ്വിതീയ വിവാഹത്തിലെ ആദ്യസന്താനമായിരുന്നു ഉലഹന്നൻ. സ്വപിതാവിനെപ്പോലെതന്നെ ഒരു ദീർഘകാരനായിരുന്നു ഉലഹന്നൻ. ഒത്ത ഉയരവും വണ്ണവും. അപ്പന്റെ അകാലനിര്യാണം നിമിത്തം മാതാവിന്റെയും അനുജന്മാരുടേയും സംരക്ഷണ ചുമതല ഇദ്ദേഹത്തിലായി. വളരെ തൃപ്തികരമാം വണ്ണം തന്റെ ചുമതല നിർവഹിച്ച ഇദ്ദേഹത്തോടു സഹോദരന്മാർ അതീവ ബഹുമാനത്തോടെയാണിടപെട്ടിരുന്നത്.

പെരുകല്ലിങ്കൽ വാലുമ്മേൽ പുരയിടത്തിലാണു ഇദ്ദേഹം മാറിത്താസിച്ചത്. വിശ്രമരഹിതമായി കാർഷികവൃത്തിയിലേർപ്പെട്ട ഇദ്ദേഹം ആ രംഗത്തു അനിതരസാധരണമായ വിജയം വരിച്ചു. ഇദ്ദേഹത്തിന്റെ നർമ്മബോധം പ്രസ്താവ്യമാണ്. സ്വജീവിതത്തിൽ കു മുട്ടിയ എല്ലാവരോടും കലവറയില്ലാതെ സ്നേഹം ചൊരിഞ്ഞ ഒരു വലിയ മനുഷ്യനായി ഇദ്ദേഹത്തെ ബന്ധുക്കളും പരിചയക്കാരും സ്മരിക്കുന്നു.

തോട്ടക്കര വാളായിൽ ഔത മകൾ അന്നയാണു ഉലഹന്നന്റെ ഭാര്യ. ഏഴു മക്കളു്. റോസമ്മ (1924), ജോസഫ് (1926), മത്തായി (1929), ജോർജ്ജ് (1931), കുര്യാക്കോസ് (1934), തോമസ് (1937), ജോൺ (1942).

ഏകപുത്രി റോസമ്മയെ വിവാഹം ചെയ്തിരിക്കുന്നതു ചേലാടു ചെറായിൽ സി.ഡി. മത്തായിസാറാണ്. കോതമംഗലത്തും സമീപപ്രദേശത്തുള്ള നിരവധി സ്കൂളുകളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടു മത്തായിസാർ. ഇവർക്കു ആറു കുട്ടികളു്.

92 വർഷത്തെ സുദീർഘവും സമ്പുഷ്ടവുമായ ജീവിതത്തിനുശേഷം 1990 ഫെ. 22–ന് ഉലഹന്നൻ നിര്യാതനായി.

## **ഉലഹന്നൻ ജോസഫ്** (1926)

പിതാവിനെ പിന്തുടർന്നു ഉലഹന്നന്റെ സീമന്ത പുത്രൻ ജോസഫും കാർഷികവൃത്തിയിലേർപ്പെട്ടു. പെരുമ്പല്ലൂർ എന്ന സമീപ പ്രദേശത്തു ഉലഹന്നനുായിരുന്ന സ്ഥലത്തു ജോസഫ് മാറിത്താമസിച്ചു. വടകര കിഴക്കേ വെള്ളാങ്കൽ ഉലഹന്നൻ മകൾ അന്നയാണു ഭാര്യ. പത്തു മക്കളു്. ജോൺ (1948), അന്ന (1952), ജോസഫ് (1954), കുര്യാക്കോസ് (1956), റോസ (1958), ഫ്രാൻസീസ് (1960), മേരി (1963), ജോർജ് (1965), ജെസ്സി (1967), ജോമി (1969).

## RM39

അന്നയെ മച്ചിപ്ലാവു ഇടവക ഇലവുങ്കൽ ജോസ് വിവാഹം കഴിച്ചു. മാളിക മുളഞ്ഞനാനിയിൽ ജോൺ ആണു റോസയുടെ ഭർത്താവ്. നടുക്കര ഇടവക മറ്റപ്പള്ളിൽ ഏബ്രാഹം  മകൻ ജോർജ് ആണു മേരിയുടെ ഭർത്താവ്.

മൂവാറ്റുപുഴയിൽ തടിവ്യാപാരിയായ ജോൺ വിവാഹം ചെയ്തിരിക്കുന്നതു മൂലമറ്റം കുന്നുംപുറത്തു ദേവസ്യാ മകൾ കൊച്ചുത്രേസ്യയെയാണ്. മൂന്നു കുട്ടികളു് ജിൽസ്, സ്മിത, ദിയ.

ജോസ് ഗിരി മറ്റത്തിൽ അബ്രാഹം മകൾ ലില്ലിയാണു ജോസഫിന്റെ ഭാര്യ. ഇവർക്കു അന്ന (1988), ജോസഫ് (1990) എന്നിങ്ങനെ രു കുട്ടികളു്.

ജോസഫിന്റെ ഇളയ മകൾ ജെസ്സി ടെലികമ്മ്യൂണിക്കേഷൻ വകുപ്പിൽ അസിസ്റ്റന്റ്  എഞ്ചിനീയറാണ്.

## ഉലഹന്നൻ മത്തായി (1928)

ഇദ്ദേഹം കുടുംബസമ്മേതം കോതമംഗലത്തിനടുത്തു നെല്ലിമറ്റത്തു ആണു താമസം. മാറിക മുളഞ്ഞനാനിയിൽ വർക്കി മകൾ ഏലീശ്വയാണു ഭാര്യ. മൂന്നു മക്കളു് അന്ന (1958), ഏലിക്കുട്ടി (1955), ജോർജ് (1958).

അന്നയെ തൊടുപുഴ മാപ്ലശ്ശേരിൽ സ്ക്കറിയ വിവാഹം ചെയ്തിരിക്കുന്നു. കല്ലൂർക്കാടു വട്ടക്കുഴി ജോസഫ് ഇമ്മാനുവേൽ ആണ് ഏലിക്കുട്ടിയുടെ ഭർത്താവ്.

## ഉലഹന്നൻ ജോർജ് (1931)

നല്ലൊരു കർഷകനായ ഇദ്ദേഹം തറവാടിനു സമീപം ആണു മാറിത്താമസിക്കുന്നത്. നീറന്താനം നടയ്ക്കുപുറത്തു ലൂക്കാ മകൾ ത്രേസ്യ ആണു ഭാര്യ. ഏഴു  മക്കളു്. അന്ന (1958), ജോൺ (1960), ജോസ് (1964), മാത്യു (1966), കുര്യൻ (1969), മേരി (1972), ആന്റണി (1975).

അന്നയെ മൂഴിക്കുളം ജീരകത്തിൽ തര്യൻ വിവാഹം ചെയ്തിരിക്കുന്നു. ഇന്ത്യൻ ആർമി ഉദ്യോഗസ്ഥനായ ജോൺ വിവാഹം ചെയ്തിരിക്കുന്നതു നെടിയശാല മാളയേക്കൽ ജോസഫ് മകൾ മോളിയെ ആണ്. വിമലഗിരി ഇടവക മുകളേൽ ചുമ്മാർ മകൾ ഷേർളിയാണ് മാത്യുവിന്റെ ഭാര്യ.

LM40

## ഉലഹന്നൻ കുര്യാക്കോസ് (1934)

ആയവന ഇടവക മുട്ടത്തുകുടി ജോസഫ് മകൾ ത്രേസ്യാമ്മയാണു കുര്യാക്കോസിന്റെ ഭാര്യ. ജോളി (1965), ജോഷി (1968), ജോവി (1970), ജോമി (1973) ഇവരാണു മക്കൾ. നാലുപേരും വിദ്യാർത്ഥികളാണ്. ജോഷി കോതമംഗലത്തു എം. എ കോളേജിൽ എം. എ. യ്ക്കു പഠിക്കുന്നു. ജോവി സെ. തോമസ് സൊസൈറ്റിയിൽ ചേർന്നു കോളേജുവിദ്യാഭ്യാസം തുടരുന്നു. ഇവർ കോതമംഗലത്തു താമസിക്കുന്നു. എല്ലാവരും സൽസ്വഭാവികളും പഠിക്കാൻ സമർത്ഥരുമാണ്.

## ഉലഹന്നൻ തോമസ് (1937)

ചെലവ് കുഴിക്കാട്ടുമ്യാലിൽ പൈലി മകൾ മേരിയാണു തോമസിന്റെ പത്നി. ദീർഘകാലം ആരക്കുഴ പഞ്ചായത്തു മെമ്പറായി പ്രവർത്തിച്ചിട്ടു്. ജോൺ (1970), സെലസ്റ്റീന (1971), തോമസ് (1975), സെറ്റല്ല (1976), എന്നിങ്ങനെ നാലു കുട്ടികൾ എല്ലാവരും വിദ്യാത്ഥികളാണ്.

## ഉലഹന്നൻ ജോൺ (1942)

വടകര വെള്ളാങ്കൽ ജോസഫ് മകൾ ഏലിയാണു ജോണിന്റ ഭാര്യ. ഇവരാണു മാതാപിതാക്കളോടുകൂടി തറവാട്ടിൽ താമസിക്കുന്നത്. നല്ലൊരു കർഷകൻ കൂടിയായ ജോണിനു മക്കളില്ല.

## കണ്ണാത്തുകുഴി (മാതേയ്ക്കൽ) ഐപ്പ് ഔസേപ്പ് (1900)

ഈ നൂറ്റാോളം പ്രായമുള്ള ഇദ്ദേഹം ഇപ്പോഴും ഊർജ്ജസ്വലനാണ്. നാട്ടിലുാകുന്ന ഏതു പൊതുകാര്യങ്ങൾക്കും മുന്നിട്ടിറങ്ങുന്ന ഇദ്ദേഹം തികഞ്ഞ ഒരു കത്തോലിക്കനാണ്. പെരുമ്പല്ലൂർ കൊടുവേലി വർക്കി മകൾ അന്നയെ വിവാഹം ചെയ്തു ദത്തുനില്ക്കുന്നു. ഒരു പുത്രനും മൂന്നു പുത്രിമാരുമു്. മൂവാറ്റുപുഴ മാർ മാത്യൂസ് പ്രസ്സിന്റെ കെട്ടിടവും അതിരിക്കുന്ന സ്ഥലവും രൂപതയ്ക്കു തുച്ഛമായ വിലയ്ക്കു കൊടുത്തതാണ്.

## റോസക്കുട്ടി (1923)

ഔസേപ്പിന്റെ മൂത്ത മകൾ സി. സെറാഫിയ എസ്. എ. ബി. എസ്. എന്ന പേരു സ്വീകരിച്ചു ആരാധനസഭയിൽ അംഗമാണ്. ഇപ്പോൾ മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.

RM 41

## റവ. ഫാ. ജോസഫ്  കണ്ണാത്തുകുഴി (1928)

ഔസേപ്പിന്റെ ഏകപുത്രൻ ക്രിസ്തുവിന്റെ അജപാലന ദൗത്യത്തിനായി വിളിക്കപ്പെട്ടു. മാതേയ്ക്കൽ കുടുംബത്തിൽ പരമ്പരാഗതമായി കുവരുന്ന ഒരു പ്രവണത ഇദ്ദേഹത്തേയും കടന്നുപിടിച്ചു. അതു മറ്റൊന്നുമല്ല, ഏക ആൺസന്താനം ദൈവസേവനത്തിനായി പ്രതിഷ്ഠിക്കപ്പെടുക എന്ന പാരമ്പര്യം. വിനയ സ്വഭാവവും ലാളിത്യവും മുഖമുദ്രയാക്കിയ ഇദ്ദേഹം കോതമംഗലം രൂപതയിലെ ഹൈറേഞ്ചുവാസികൾക്കൊക്കെ സുപരിചിതനാണ്. ഹൈറേഞ്ചിൽ നിരവധി പള്ളികൾ പണിയിക്കുകയും ദീർഘകാലം അവിടങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടു്. വളരെ സ്വത്തുക്കളും സുഖസൗകര്യങ്ങളുമുായിട്ട് അതെല്ലാം ഉപേക്ഷിച്ചു ദാരിദ്ര്യവ്രതം സ്വീകരിച്ച ഇദ്ദേഹം ഇപ്പോള കോടിക്കുളം സെന്റ് ആൻസ് പള്ളിവികാരിയാണ്. ലളിതജീവിതവും സേവനതല്പരയുമാണ് ഇദ്ദേഹത്തിന്റെ കൈമുതൽ.

## മറിയക്കുട്ടി (1944)

ഔസേപ്പിന്റെ ഇളയ മകൾ മറിയക്കുട്ടിയും സന്യാസത്തിൽ പ്രവേശിച്ചു. ജർമ്മനിയിൽ പോയി മെഡിസിനിൽ പ്രാവീണ്യം നേടി. റവ. സി. തെയഡോർ സി. എസ്. എൻ. ഇപ്പോൾ പഞ്ചാബിൽ ഡോക്ടർ ആയി സേവനമനുഷ്ഠിക്കുന്നു.

## ത്രേസ്യാക്കുട്ടി (1926)

ഔസേപ്പിന്റെ മകൾ ത്രേസ്യാക്കുട്ടിയാണു വിവാഹിതയായി മാതാപിതാക്കളോടൊപ്പം താമസിച്ചത്. തെക്കൻ പറവൂർ കല്ലറയ്ക്കൽ പോൾ സാർ ത്രേസ്യയെ വിവാഹം ചെയ്തു ദത്തുനില്ക്കുന്നു. ജോർജ് (1956), ജോസഫ് (1957), എൽസി (1960), ജോഷി (1962), ആൻസി (1965) എന്നിവരാണു മക്കൾ. ത്രേസ്യ 1982–ൽ മൃതിയടഞ്ഞു.

ജോർജ് മുവാറ്റുപുഴ നിർമ്മലാകോളേജിൽ കായികാദ്ധ്യാപകനാണ്. മതിലകം ഇടവക വാടയിൽ ജോസഫ് മകൾ ജാസ്മിനെ വിവാഹം ചെയ്തിരിക്കുന്നു. ജീന (1984), ജെറിൻ (1988), എന്നീകുട്ടികളു്.

ജോസഫ് മൂവാറ്റുപുഴയിൽ അസിസ്റ്റന്റ് വെഹികിൾ ഇൻസ്പെക്ടർ ആണ്. മലയാറ്റൂർ ഇടവക തറയിൽ തോമസ് മകൾ റിനിയാണ് ഭാര്യ. ഒരു കുട്ടിയു ് .

എൽസിയെ ആലക്കോട് മാളിയേയ്ക്കൽ ഷാജു വിവാഹം ചെയ്തു.

# LM42

## **കണ്ണാത്തുകുഴി** (മാതേയ്ക്കൽ) **ഐപ്പ് മത്തായി** (1902)

ഐപ്പു മകൻ മത്തായി മുവാറ്റുപുഴ മുയ്ക്കൽ ഉലഹന്നൻ മറിയത്തെ വിവാഹം ചെയ്തു ദത്തുനില്ക്കുന്നു. മുവാറ്റുപുഴ പ്രവർത്തനമണ്ഡലമായി സ്വീകരിച്ചു. മുവാറ്റുപുഴ പുതിയ പള്ളിയുടേയും നിർമ്മല ഹൈസ്ക്കൂളിന്റെ മാർ മാത്യൂസ് പ്രസ്സിന്റെയുമൊക്കെ നിർമ്മാണത്തിൽ മത്തായി നിർല്ലോപമായ സഹായസഹകരണൾ നല്കി.

ജോസഫ് (1929), അന്ന (1931), സി. മേരി ജോൺ എസ്. എച്ച്. (1933), ത്രേസ്യാമ്മ (1940), ജോർജ് (1945), ലൂസി എന്നിവരാണു മക്കൾ. മറിയം 1982–ൽ നിര്യാതനായി.

അന്നയെ തോക്കുപാറ ഇടവക പുളിക്കൽ ജോസഫ് വിവാഹം ചെയ്തു. അദ്ധ്യാപികയായിരുന്ന റവ. സി.മേരി ജോൺ എസ്. എച്ച്. ഇപ്പോൾ രാമപുരം തിരുഹൃദയമഠത്തിൽ വിശ്രമജീവിതമനുഷ്ഠിക്കുന്നു. ത്രേസ്യാമ്മയെ വിവാഹം ചെയ്തിരിക്കുന്നതു ഇലഞ്ഞ കുരീടത്തം പീറ്ററാണ്. ലൂസിയുടെ ഭർത്താവു വടക്കൻ പഫവൂർ കൊട്ടുവള്ളി ചുള്ളിക്കാട്ടു സെബാസ്റ്റ്യനാണ്.

## **മത്തായി ജോസഫ്** (1929)

നെടിയകാട് ഇടവക കാവളക്കാട്ടു തൊമ്മൻ മകൾ ത്രേസ്യയാണു ഭാര്യ. ഇവർക്കു ഏട്ടു മക്കളു്. മേരി (1954), മാത്യു (1957), തോമസ് (1960), ജോസഫ് (1962), മൈക്കിൾ (1964), ആന്റണി (1966), ജെസ്സി (1966). ജോൺ (1969).

പോർട്ടു ട്രസ്റ്റിൽ ഉദ്യോഗസ്ഥനായ കൈപ്പട്ടൂർ പൂണോളി കുര്യനാണു മേരിയുടെ ഭർത്താവ്. ഇവർ എറണാകുളത്തു താമസിക്കുന്നു.

മാത്യു ഇന്ത്യൻ നേവിയിൽ ഉദ്യോഗസ്ഥനാണ്. കൊരട്ടി വെളിയത്തു വി. റ്റി. ജോസഫിന്റെ മകൾ സാലിയാണു ഭാര്യ.

തോമസ് എറണാകുളത്തു ചാർട്ടേഡ് അക്കൗൻറാണ്. ചേർത്തല ചേന്നോത്തു വക്കച്ചൻ മകൾ റെജിയാണു ഭാര്യ.

എറണാകുളത്തു ബിസിനസുകാരനായ ജോസ് വിവാഹം ചെയ്തിരിക്കുന്നതു തൃശൂർ ഏനമ്മാവു പെരുമാട്ടിൽ ഫ്രാൻസിസ മകൾ സിന്ധുവിനെയാണ്.
.

# RM43

## മത്തായി ജോർജ്  (1945)

മുതലക്കോടം ചെമ്പരത്തി കളപ്പുരയിൽ ജോസഫ് മകൾ കൊച്ചുത്രേസ്യയെ വിവാഹം ചെയ്തിരിക്കുന്നു. വിദ്യാർത്ഥികളായ മേരിയും (1974), ജോസഫും (1976) മക്കൾ ആണു.

## കണ്ണാത്തുകുഴി  (മാതേയ്ക്കൽ) ഐപ്പ് കുര്യൻ (1904)

മണ്ണിൽ പൊന്നു വിളയിക്കുന്ന കാർഷിക വൃത്തിയിലാണു ഇദ്ദേഹവും വ്യാപൃതനായത്. കഠിനാദ്ധ്വാനത്തോടൊപ്പം നർമ്മരസികതയും കുര്യന്റെ പ്രത്യേകതയാണു. ഒരു മാതൃകാജീവിതമാണു കുര്യന്റേത്. വാർദ്ധക്യത്തിന്റേതായ അസുഖങ്ങൾ സംതൃപ്തി അദ്ദേഹത്തിന്റെ ചുുകളിൽ അലതല്ലുന്നു. മൂവാറ്റുപുഴ മുയ്ക്കൽ ഉലഹന്നൻ മകൾ ഏലിയാണു ഭാര്യ. പുത്രിമാരിൽ രുപേർ സന്യാസാന്തസ്സിൽ പ്രവേശിച്ചു ധന്യജീവിതം നയിക്കുന്നു.  സിസ്റ്റർ കൊൺസലാത്ത എസ്. എ. ബി. എസ്. (1933) ഇപ്പോൾ കാവക്കാട്ടു ആരാധനാമഠത്തിലാണു. റവ. സി. മേഴ്സി. സി.എസ്. എൻ (1936) എറണാകുളം ലിസി ആശുപത്രിയിൽ ദീർഘകാലമായി സേവനമനുഷ്ഠിക്കുന്നു. മകൾ മേരിയെ (1942) പൈങ്ങോട്ടൂർ ഇടവക അരഞ്ഞാണിയിൽ  പ്രൊഫ. എ. ഡി. പൈലി വിവാഹം ചെയ്തിരിക്കുന്നു. പ്രൊഫ. പൈലി മൂവാറ്റുപുഴ നിർമ്മലാകോളേജ്  ഇംഗ്ലീഷ് വിഭാഗം തലവനായി റിട്ടയർ ചെയ്തു. ഇവർക്കു മൂന്നു മക്കളു്. കുര്യനു രു ആൺമക്കളു്. ജോസഫും ജോണും.

## കുര്യൻ ജോസഫ്  (1939)

പെരുമ്പല്ലൂർ ഇടവകയിൽ നാമറ്റത്തിൽ ആണു താമസം. വൈക്കം മാഗലശ്ശേരിൽ ചാക്കോ മകൾ ത്രേസ്യാ ആണു ഭാര്യ. വിദ്യാർത്ഥികളായ സിറിയക്ക് (1966), ഏലി (1968), മേരി (1970), ജയിംസ് (1974), ഇവർ മക്കളാണു.

## കുര്യൻ ജോൺ  (1949)

ജോൺ വിവാഹിതനായി മാതാപിതാക്കളോടൊപ്പം തറവാട്ടിൽ താമസിക്കുന്നു. കാക്കൂർ പുന്നമറ്റത്തിൽ അബ്രാഹം മകൾ റോസമ്മയാണു ഭാര്യ. ഈ ദമ്പതികൾക്കു മൂന്നു മക്കളു്. കുര്യൻ (1976), മാർഗ്ഗരറ്റ് (1979), അൽഫോൻസ (1987).

# LM44

## കണ്ണാത്തു കുഴി (മാതേയ്ക്കൽ) ഐപ്പ് തോമസ് (1913)

ഐപ്പിന്റെ ഇളയ മകനാണു തോമസ്. ജ്യേഷ്ഠന്മാർ സ്നേഹപൂർവ്വം കൊച്ച് എന്നു വിളിക്കുന്നു. തോമസും മക്കളുമാണ് ഐപ്പിന്റെ തറവാട്ടിൽ താമസിക്കുന്നതു. മുത്തോലപുരം അരഞ്ഞാണിയിൽ ആഗസ്തി മകൾ മറിയത്തെയാണു തോമസ് വിവാഹം ചെയ്തതു. സന്തുഷ്ഠമായ ഈ ദാമ്പത്യത്തിൽ ആറു മക്കളുായി. ജോസഫ് (1940), ആഗസ്തി (1942), റോസ (1947), ജോർജ് (1954), ഡോമനിക്ക് (1956), ജോൺ (1958), മറിയം 1973–ൽ നിര്യാതയായി.

ഏക പുത്രി റോസയെ ഊന്നുകൽ ഇടവക പുളിക്കൽ ആഗസ്തി വിവാഹം ചെയ്തിരിക്കുന്നു.

### തോമസ് ജോസഫ് (1940)

ഉടമ്പനൂർ കുളത്തിങ്കൽ ആഗസ്തി മകൾ ഏലിയെ വിവാഹം ചെയ്തിരിക്കുന്നു. മേരി, ത്രേസ്യാ, ജോസഫ്, ജോസ് മേരി എന്നിങ്ങനെ നാലു മക്കളു്. ഈ കുടുംബം പെരുമ്പല്ലൂർ ഇടവകയിലാണു താമസിക്കുന്നത്.

### തോമസ് ആഗസ്തി (1942)

മൈലക്കൊമ്പ് കിരിക്കൽ മത്തായി മകൾ മേഴ്സിയാണു ഭാര്യ. ഇവർക്കു മക്കളില്ല. പെരുമ്പല്ലൂർ ഇടവകയിൽ താമസിക്കുന്നു.

### തോമസ് ജോർജ് (1954)

ചിലവു ഇടവക ചിറയ്ക്കൽ പുരയിടം അബ്രാഹം മകൾ മോൺസിയെ വിവാഹം ചെയ്തിരിക്കുന്നു. മൂന്നു മക്കളു്. മേരി(1982), തോമസ് (1984), അബ്രാഹം (1988).

### തോമസ് ഡൊമിനിക്ക് (1956)

പൊന്നന്താനം ഇടവക കല്ലുങ്കൽ അബ്രാഹം മകൾ ലാലിയാണു ഭാര്യ. ഒരു കുട്ടിയുു, മേരി.

### തോമസ് ജോൺ (1958)

തൊടുപുഴ പാലക്കാട്ടുകുന്നേൽ മാത്യു മകൾ ഷേർളിയാണു ഭാര്യ. ജോൺ ആരക്കുഴ ജെ. ബി. ബേക്കറി നടത്തുന്നു.

RM45

# കോണിയേക്കല്ലുങ്കൽ ശാഖ

**മാതേയ്ക്കൽ** (കോണിയേക്കല്ലുങ്കൽ)
**മാത്തുണ്ണി മത്തായി** (1878)

മാത്തുണ്ണിയുടെ രാം വിവാഹത്തിലെ മൂത്ത പുത്രനാണു മത്തായി. ഇദ്ദേഹം വാഴക്കുളം ഇടവക നമ്പ്യാപറമ്പിൽ വർക്കിയുടെ മകൾ ഏലിയെ വിവാഹം ചെയ്തു. ശാന്തപ്രകൃതിക്കാരനായിരുന്ന മത്തായി വിവാഹാനന്തരം കോണിയേക്കല്ലുങ്കലേയ്ക്കു മാറിത്താമസിച്ചു. മത്തായിയുടെ സന്താന പരമ്പര അവരവർ താമസിക്കുന്ന പുരയിടങ്ങളുടെ പേരിലാണു നാട്ടിൽ അറിയപ്പെടുന്ന തെങ്കിലും, സർക്കാർ രേഖകളിലും ഇതര എഴുത്തുകുത്തുകളിലും ഇപ്പോഴും മാതേയ്ക്കൽ എന്നു തന്നെ അറിയപ്പെടുന്നു. കോണിയേക്കല്ലുങ്കലേയ്ക്കു മാറി ത്താമസിച്ച മത്തായി ഏലി ദമ്പതികൾക്ക് ഒമ്പതു മക്കളാണുായിരുന്നത്. നാലു പുത്രിമ്മാരും അഞ്ചു പുത്രന്മാരും. മൂത്ത മകളെ കടനാട്ടു ഉപ്പുമാക്കൽ വിവാഹമ ചെയ്തയച്ചു. രാമത്തെ മകൾ ഏലീശ്വായെ വടകര വടക്കേൽ വർക്കിയാണു വിവാഹം കഴിച്ചതു. ഇവരുടെ മകനായിരുന്ന പ്രസിദ്ധ സുറിയാനി പണ്ഡിതനാ യിരുന്ന റവ. ഫാ. മാത്യു വടക്കേൽ. ഇദ്ദേഹം ദീർഘനാൾ മംഗലപ്പുഴ സെമിനാ രിയിലെ സുറിയാനി മല്പാനായിരുന്നു. പ്രസ്തുത ജോലിയിൽ നിന്നും വിരമിച്ച ശേഷം സ്വന്തം സഹോദരനും അഭിഭാഷകനുമായിരുന്ന മി. ഏബ്രാഹം വടക്കേ ലിന്റെ കൂടെ വിശ്രമജീവിതം നയിച്ചുവരുമ്പോൾ രു കണ്ണുകളുടേയും കാഴ്ച നഷ്ടപ്പെടുകയും ആ നിലയിൽ ചരമം പ്രാപിക്കുകയും ചെയ്തു. മി. ഏബ്രാഹം വടക്കേലിന്റെ പുത്രനാണു ഹൈക്കോട്ടു ജഡ്ജിയായിരുന്ന ജോർജ് വടക്കേൽ. മത്തായിയുടെ മൂന്നാമത്തെ മകൾ ത്രേസ്യാ ആരക്കുഴ ഇടവക കൊച്ചുപറമ്പിൽ ചെറിയാന്റെ ഭാര്യ ആയിരുന്നു. ഇവരുടെ പൗത്രനാണു പ്രമുഖ രാഷ്ട്രീയ പ്രവർത്തകനും കേരളാകോൺഗ്രസ് പ്രസിഡൻറും മുൻമന്ത്രിയുമായിരുന്ന ശ്രീ. പി. ജെ. ജോസഫ്. ഇളയ മകൾ കർമ്മലീത്താ സന്യാസസഭയിൽ ചേർന്നു സി. ബ്രിജീത്ത എന്ന പേരു സ്വീകരിക്കുകയും പ്രസ്തുത സഭയിൽ ദീർഘനാൾ സേവ നമനുഷ്ഠിക്കുകയും ചെയ്തു. സി. ബ്രിജീത്താ മരിച്ചതു 1955 ഏപ്രിൽ 6–ന് ആണ്. അതിനു വളരെ മുമ്പുതന്നെ ഇവരുടെ പിതാവു മത്തായി 1905 ആഗസ്റ്റ് 26–നും, മാതാവ് 1901 മെയ് 11–നും ദിവംഗതരായിരുന്നു.

മാത്തുണ്ണി മത്തായിയുടെ അഞ്ചു പുത്രന്മാർ മത്തായി, വർഗീസ്, ജോസ ഫ്, പത്രോസ്, പൗലോസ് എന്നിവരായിരുന്നു. ഇവരിൽ ഇളയവരായ പത്രോസും പൗലോസും ഇരട്ടകൾ (twins) ആയിരുന്നു.

# LM46

## മത്തായി മത്തായി

മത്തായിയുടെ ഭാര്യ ബസ്സേഹം ഇടവക മുട്ടത്തു മർത്തായായിരുന്നു. ഇവർക്ക് ഒരു മകനും മകളും മാത്രമേ ഉായിരുന്നുള്ളൂ. മത്തായിയും (1873) ഏലിയും. ദൈവസ്നേഹം മുറ്റി നിന്നിരുന്ന ഈ കുടുംബാന്തരീഷം വളരെ ശാന്തവും മാതൃകായോഗ്യവുമായ ഒന്നായിരുന്നു. പ്രകൃത്യാ ശാന്തശീലനായി രുന്ന കൊച്ചുമത്തായി തന്റെ ഒരു കാരണവരും 'ഏഴു വ്യാകുലങ്ങൾ' എന്നറിയ പ്പെട്ടിരുന്ന വൈദിക വ്യൂഹത്തിലെ ഒരംഗവുമായ മാതേയ്ക്കൽ (കോട്ടൂർ) ബ. മത്തായി അച്ചന്റെ കാലടികളെ പിഞ്ചെല്ലുന്നതിനാണു തീരുമാനമെടുത്തത്. പ്രാഥ മിക വിദ്യാഭാസത്തിനു ശേഷം അദ്ദേഹം കർമ്മലീത്താ സന്യാസസഭയിൽ ഒരം ഗമായി ചേർന്നു. 1894 ജനുവരി 23-നു നിത്യവ്രതം സ്വീകരിച്ചു. 1902 ഏപ്രിൽ 6-നു പൗരോഹിത്യവും സ്വീകരിച്ചു. എപ്പോഴും സുസ്മേരവദനനായി കാണ പ്പെട്ടിരുന്ന ഇദ്ദേഹത്തിന്റെ ജീവിതം നിഷ്കളങ്കതയുടേയും ലാളിത്യത്തിന്റേയും മൂർത്തിഭാവമായിരുന്നുവെന്നു പറയാം. അദ്ദേഹവുമായി ഒരിക്കൽ മാത്രം ഇട പെട്ടിട്ടുള്ള ഒരാൾക്കു പിന്നെ അദ്ദേഹത്തെ മറക്കുവാൻ സാധിക്കാത്ത വിധ ത്തിലുള്ളതായിരുന്നു അദ്ദേഹത്തിന്റെ സംസാരവും പെരുമാറ്റവും. അതുകൊ ുതന്നെ ആയിരിക്കണം അദ്ദേഹത്തിനു ദീർഘനാൾ വൈദിക വിദ്യാർത്ഥിക ളുടേയും നവസന്യാസികളുടേയും ഗുരുവായി തുടരാൻ സാധിച്ചത്. പല ആശ്ര മങ്ങളിലും അദ്ദേഹം സേവനമനുഷ്ഠിച്ചു. അദ്ദേഹം സേവനം ചെയ്തിട്ടുള്ള രംഗ ങ്ങളിലെല്ലാം തന്റെ ജീവിത ലാളിത്യത്തിന്റേയും പരസ്നേഹ ചൈതന്യത്തി ന്റേയും വ്യക്തിമുദ്ര പതിപ്പിച്ചിട്ടു്. വാർദ്ധക്യകാലത്തു വാഴക്കുളം കർമ്മല ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചുവരവേ രോഗിയായിത്തീരുകയും തന്റെ വേലയുടെ നിത്യസമ്മാനം സ്വീകരിക്കുന്നതിനായി 1952 നവംബർ 7-ാം തീയതി ആ മാടപ്രാവ് 79-ാമത്തെ വയസ്സിൽ ദിവ്യനാഥന്റെ പക്കലേയ്ക്കു പറന്നുയരു കയും ചെയ്തു. ഇദ്ദേഹത്തെപ്പറ്റി വാഴക്കുളം കർമ്മലീത്താ ആശ്രമത്തിലെ നാളാ ഗമത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രസക്ത ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കട്ടെ. ''ഉത്ത മൻ, ദൈവഭക്തൻ, അനാർഭാട ജീവിതം നയിച്ച ആൾ, ഏവരുടേയും സ്നേഹ പാത്രം.'' ശത്രുക്കൾ ഇല്ലായിരുന്നു. പണത്തിന്റേയും സ്ഥാനമാനങ്ങളുടേയും പരിഗണന കൂടാതെ ജീവിച്ച ഇദ്ദേഹം ഇന്നത്തെ സന്യാസ ജീവിതത്തിതന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമാണ്. ബ. മത്തായി അച്ചന്റെ ഏക സഹോദരി ഏലി ക്കുട്ടി കർമ്മലീത്താ സന്യാസിനീസമൂഹത്തിൽ ചേർന്നു. സി. ആഗ്നനസ് എന്ന പേരു സ്വീകരിച്ചു. സിസ്റ്റർ ആഗ്നനസിനെപ്പറ്റി കൂടുതൽ വിവരങ്ങളൊന്നും കിട്ടി യിട്ടില്ല.

# RM47

## **മത്തായി വർഗീസ്** (കൊളമ്പേൽ)

വർഗീസ് പെരിങ്ങഴ ഇടവകയിൽ പെട്ട കുന്നപ്പിള്ളി കുടുംബശാഖയായ (കോഴയ്ക്കാട്ടു) രൂമുള്ളിയിൽ നിന്നും മറിയത്തെ വിവാഹം ചെയ്തു. വിവാഹാനന്തരം ഈ ദമ്പതികൾ കോണിയേക്കല്ലുങ്കൽ നിന്നും കൊളമ്പേൽ പുരയിടത്തിലേയ്ക്കു താമസം മാറ്റി. ഇവർക്കു എട്ടു മക്കളാണു ഉായിരുന്നതു. ഏലിശ്വാ, അന്ന, മാത്തു, ത്രേസ്യാ, ആഗ്നസ്, ഐപ്പ്. മറിയം, റോസ.

മൂത്ത മകൾ ഏലീശ്വായെ ഇലഞ്ഞി ഇടവക കുളത്തിങ്കൽ അബ്രാഹവും അന്നയെ ബസ്ലേഹം പള്ളി ഇടവക കൊച്ചുമുട്ടത്തു മത്തായിയും വിവാഹം ചെയ്തു. മത്തായി അന്നം ദമ്പതികളുടെ മകളാണു ഫ്രാൻസിസ്തൻ ക്ലാരിസ്റ്റ് സന്യാസിനീസഭാംഗമായ സി. ക്രിസ്റ്റീന എഫ്. സി. സി. സി. ക്രിസ്റ്റീന കുറെക്കാലം പ്രസ്തുത സന്യാസിനീസഭയുടെ പ്രോവിനഷ്യലായിരുന്നു. മൂന്നാമത്തെ മകൾ ത്രേസ്യായെ ആയവന ഇടവക കിഴക്കേടത്തു പൈലിയും, ആഗ്നസിനെ രാമപുരം ഇടവക വടക്കുംകര ഐപ്പും വിവാഹം ചെയ്തു. മുതലക്കൊടം ഇടവക ചെമ്പരത്തി (പാലിയക്കുന്നേൻ) ചാക്കോയുടെ ഭാര്യയാണു മറിയം. ഇവരുടെ ഒരു മകനാണു വിൻസെൻഷ്യൻ സഭാംഗമായ റവ. ഫാ. മാനുവേൽ വി. സി. പാലിയക്കുന്നേൽ. ഇദ്ദേഹം സഭയിലും രൂപതയിലും മിഷനിലും വിവിധരംഗങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്നു. വർഗീസിന്റെ ഇളയ മകൾ റോസ കർമ്മലീത്താസന്യാസസഭയിൽ ചേർന്നു. സി. ആഗ്നസ് സി.എം. സി. എന്ന പേരു സ്വീകരിച്ചു. ദീർഘനാൾ സ്കൂൾ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ച ശേഷം ഇപ്പോൾ ആരക്കുഴ കർമ്മലീത്തയിൽ വിശ്രമജീവിതം നയിക്കുന്നു. സിസ്റ്ററിനു ഇപ്പോൾ 87 വയസ്സോളമു്.

## **വർഗീസ് മാത്തു** (കൊളമ്പേൽ) 1888

മാത്തു വിവാഹം ചെയ്തിരിക്കുന്നതു ആരക്കുഴ ഇടവക കുറപ്പുമാത്തിൽ കുര്യാക്കോയുടെ മകൾ അന്നയെയാണ്. ഇവർക്കു മൂന്നു ആൺമക്കളാണുള്ളത്. വർക്കി, കുര്യാക്കോസ്, തോമസ്, പെൺമക്കളില്ല.

## **മാത്തു വർക്കി** (1910, വാലംകുടിയിൽ)

വർക്കിയുടെ ഭാര്യ കുറവിലങ്ങാടു ഇടവക മറ്റത്തിൽ വർക്കിയുടെ മകൾ അന്നമാണു. അഞ്ചു മക്കളാണു ഇവർക്കുള്ളത്. രു പെൺമക്കളും, മൂന്നു ആൺമക്കളും. പെൺമക്കൾ രും ആരാധനാ സന്യാസസഭയിൽ ചേർന്നു

സി. എവുപ്രാസിയ, സി. മേരി എന്നീ പേരുകൾ സ്വീകരിച്ചു. ആൺമക്കളിൽ മത്തായി (1940, കുഞ്ഞെന്നാണ് വിളിക്കുന്നത്) വിവാഹം ചെയ്തിരിക്കുന്നതു അന്തീനാടു ഇടവക മണക്കുന്നേൽ മത്തായി മകൾ ചിന്നമ്മയെയാണ്. ഇവർക്കു രു കുട്ടികളു്. ഷാജൻ എന്നു വിളിക്കുന്ന ജോർജും (1965), ഷാൻറി എന്നു വിളിക്കുന്ന സൂസന്നയും (1968). രു പേരും ഇപ്പോൾ കോളേജ്ജുവിദ്യാർത്ഥി കളാണ്. രാമത്തെ മകൾ ജോസഫിന്റെ സഹധർമ്മിണി വാഴക്കുളം ഇടവക വെട്ടുകല്ലുംപുറത്തു ഐപ്പു മകൾ ഏലമ്മയാണ്. ഇവർക്കുമുു രു കുട്ടി കൾ, ജോർജും ആൻസിയും. വർക്കിയുടെ ഇളയ മകനായ സെബാസ്റ്റ്യൻ (ബേ ബി) (1950) വെള്ളിയാമറ്റം ഇടവക കത്തിങ്കൽ ജോസഫിന്റെ മകൾ മേരിയെ യാണു വിവാഹം ചെയ്തിരിക്കുന്നതു. ഇവർക്കും രു മക്കളാണുള്ളത്, കൊച്ചു ത്രേസ്യായും ജോർജും.

## **മാതേയ്ക്കൽ** (കൊളമ്പേൽ) **മാത്തു കുര്യാക്കോ** (1913)
ഏർത്തടത്തിൽ

കുര്യാക്കോ വാഴക്കുളം ഇടവക നമ്പ്യാപറമ്പിൽ (പൂക്കാട്ടു) മത്തായി മകൾ റോസയെ വിവാഹം ചെയ്തു. കുര്യാക്കോ റോസ ദമ്പതികൾക്കു എട്ടു സന്താനങ്ങൾ ഉു. അഞ്ചു ആണും മൂന്നു പെണ്ണും. മത്തായി (1938), സൂസൻ (1941), ഏലി (1944), ജോർജ് (1945), തോമസ് (1948), ജോസഫ് (1950), ലൂസി, പയസ്.

ഇവരിൽ സൂസൻ ഫ്രാൻസിസ്തൻ മിഷനറുസ് ഓഫ് മേരി എന്ന സന്യാസിനീസഭയിൽ ചേർന്നു വ്രതാനുഷ്ഠാനം നടത്തി. സി.സൂസൻ മദ്രാസിലുള്ള സ്റ്റെല്ലാമാരീസ് കോളേജിൽ വൈസ് പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ച ശേഷം ഇപ്പോൾ ഡൽഹിയിലുള്ള അവരുടെ സന്യാസഭവനത്തിന്റെ സുപ്പീരിയറും മാത്തർ ദയി ജൂണിയർ കോളേജിലെ പ്രിൻസിപ്പലുമായി സേവനമനുഷ്ഠിച്ചു വരുന്നു. സി. സൂസൻ എഫ്. എം. എം. കോൺഗ്രിഗേഷന്റെ സൗത്തു സോൺ സുപ്പീരിയർ കൂടിയാണ്. ഏലീശ്വായെ ഒല്ലൂർ ഇടവക തൃശൂക്കാരൻ ഫ്രാൻസിസും, ലൂസിയെ വാഴക്കാലാ ഇടവക ചെറുപറമ്പിൽ ജോണും വിവാഹം ചെയ്തു. ലൂസി ആരക്കുഴയിൽ തന്നെ ഹൈസ്കൂൾ അദ്ധ്യാപികയാണ്. ലൂലിയുടെ ഭർത്താവു ജോൺ എക്സൈസ് ഇൻസ്പെക്ടറായി ഇപ്പോൾ മുവാറ്റുപുഴയിൽ ജോലി ചെയ്തുവരുന്നു.

## **കുര്യാക്കോസ് മാത്യു** (മത്തച്ചൻ)

മത്തച്ചന്റെ സഹധർമ്മിണി മൂലമറ്റം കിഴക്കേക്കര വർക്കി മകൾ ആലീസാണു. ഇവർക്കു മൂന്നു മക്കളാണുള്ളത്. മിനി, മനോജ്, രാജേഷ്. മൂന്നു പേരും കോളേജിൽ പഠിക്കുന്നു. മത്തച്ചൻ ഒരു പൊതുക്കാര്യ പ്രസക്തനും രാഷ്ട്രീയ

പ്രവർത്തകനുമാണ്. ആരക്കുഴ മീക്കുന്നം റോഡിന്റെ വികസനം, ആരക്കുഴയുള്ള വില്ലേജ് ഓഫീസ് ഹോമിയോ ആസ്പത്രി, കൃഷിഭവൻ, പഞ്ചായത്ത് എൽ. പി. സ്കൂൾ എന്നിവയുടെ ആവിർഭാവത്തിനു മത്തച്ചൻ നല്ല പങ്കുവഹിച്ചിട്ടു്. മത്തച്ചന്റെ ശ്രമഫലമായിട്ടു മാത്രമാണു ഈ സ്ഥാപനങ്ങൾ ആരക്കുഴയ്ക്കു ലഭിച്ചതെന്നു പറയാം.

## കുര്യാക്കോ ജോർജ് B. Sc., BEd. (1945)

ജോർജ് വിവാഹം ചെയ്തിരിക്കുന്നതു കദളിക്കാടു ഇടവക മാതേയ്ക്കൽ മത്തായിയുടെ മകൾ ആനീസിനെയാണു. ജോർജും ആനീസും ആൻഡമാനിൽ അദ്ധ്യാപകരാണ്. ഇവർക്കു മൂന്നു സന്താനങ്ങളു്, കുര്യാക്കോസ്, മാത്യ, ജോസ്. ഇവരും മാതാപിതാക്കന്മാരോടൊപ്പം ആൻഡമാനിൽ താമസിച്ചുകൊു വിദ്യാഭ്യാസം നടത്തുന്നു.

## കുര്യാക്കോസ് തോമസ് (ബേബി,1948) B.Sc. Eng.

ബേബി വിവാഹം ചെയ്തിരിക്കുന്നതു എറണാകുളം വടക്കിനേടത്തു ആനിയെയാണ്. വിദേശത്തുള്ള ഒരു കമ്പനിയിൽ എൻജിനീയറായി ബേബിയും, ഫെഡറൽ ബാങ്കിൽ ഒരു ഓഫീസറായി ആനിയും ഇപ്പോൾ ജോലി ചെയ്യുന്നു. ഇവർ ക്കുമു്റ്റു മൂന്നു കുട്ടികൾ റോസ്, ജോസ്, ജോർജ്.

## കുര്യാക്കോസ് ജോസഫ് (ജോസ്, 1950) L. L. B.

ചങ്ങനാശ്ശേരി മുകുന്ദങ്കരി ജോസഫിന്റെ മകൾ മേരിക്കുട്ടിയാണു ജോസിന്റെ സഹധർമ്മിണി. ഒരു പുത്രനും ഒരു പുത്രിയുമാണ് ഇവർക്കുള്ളത്. ജോമി, ജിനു. കുറച്ചുകാലം മൂവാറ്റുപുഴ ബാറിൽ ജോസ് പ്രാക്ടീസ് ചെയ്തെങ്കിലും ഇലക്ട്രിസിറ്റി ബോർഡിൽ സീനിയർ അസിസ്റ്റൻറായി ഇപ്പോൾ ജോലി ചെയ്യുന്നു.

## കുര്യാക്കോ പയസ് M. Sc. Eng.

പയസ്സിന്റെ ഭാര്യയും എൻജിനീയറാണ്. മാള ഇടവക എടാട്ടുകാരൻ കുടുംബാഗമായ ജാൻസി. പയസ് ഇപ്പോൾ ഷാർജയിലും ജാൻസി ബോംബയിലുമാണു ജോലി ചെയ്യുന്നതു. ഇവർക്കു ഒരു കുട്ടിയു്.– ജയിംസ്.

# LM50

**മാതേയ്ക്കൽ** (കൊളമ്പേൽ) **മാത്തു തോമസ്** (1926)

തോമസ് വിവാഹം ചെയ്തിരിക്കുന്നതു കലയന്താനി ഇടവക വലിയ തുരുത്തുങ്കൽ സ്ക്കറിയായുടെ മകൾ ഏലുക്കുട്ടിയെയാണ്. ഇവർക്കു ഒമ്പതു മക്കളാണുള്ളതു. അഞ്ചു ആണും നാലു പെണ്ണും. ജോയി (മാത്യു), തങ്കമ്മ (അന്നം), സ്ക്കറിയാച്ചൻ, മേഴ്സി (മേരി), ഫ്രാൻസിസ്, അവിരാച്ചൻ, ജോൺസൺ, ലിസമ്മ (ത്രേസ്യാ), സാലി (റീത്ത).

തങ്കമ്മയെ പ്രവിത്താനത്തു കുഴിഞ്ഞാലിൽ തോമസും മേഴ്സിയെ ഇഞ്ചൂർ കൂറ്റപ്പിള്ളി ജോസും വിവാഹം ചെയ്തിരിക്കുന്നു. ലിസമ്മയുടേയും സാലിയുടേയും വിവാഹം കഴിഞ്ഞിട്ടില്ല.

**തോമസ് മാത്യു (1**947, ജോയി)

പ്ലാശനാൽ ഇടവക തുരുത്തിപ്പാറയിൽ മാത്യുവിന്റെ മകൾ എൽസിയാണു ജോയിയുടെ ഭാര്യ. റേറാജി, സ്മിത, സോണിയ എന്നിങ്ങനെ മൂന്നു മക്കളാണു ഇവർക്കുള്ളത്. ഇവർ ഇപ്പോൾ കുടുംബസമ്മേതം കുളമാവിൽ സ്ഥലം വാങ്ങി മാറിത്താമമസിക്കുന്നു.

## **തോമസ് സ്ക്കറിയാച്ചൻ B. Com.** (1952)

സ്ക്കറിയാച്ചൻ വിവാഹം ചെയ്തിരിക്കുന്നതു മുരിക്കാശ്ശേരി ഇടയാൽ ജോസഫിന്റെ മകൾ ഫിലോമിനയെയാണ്. വത്സമ്മ എന്നു വിളിക്കുന്ന ഫിലോമിന ബി. എസി. ബി. എഡ്. മൂവാറ്റുപുഴ നിർമ്മല ഹൈസ്കൂൾ അദ്ധ്യാപികയാണ്. സ്ക്കറിയാച്ചൻ സൗത്ത് ഇൻഡ്യൻ ബാങ്കിലും ജോലി ചെയ്യുന്നു. ഇവർ മൂവാറ്റുപുഴെ തന്നെ സ്വന്തം വീട്ടിൽ താമസിക്കുന്നു. ഇവർക്കു ഒരു ആൺകുട്ടിയു് – ആശിഷ്.

## **തോമസ് ഫ്രാൻസിസ് B. Com.** (1957)

കല്ലൂർക്കാടു തകടിയേൽ കുടുംബാംഗമായ ഷേർളിയെയാണു ഫ്രാൻസിസ് വിവാഹം ചെയ്തിരിക്കുന്നതു. ഫ്രാൻസിസും സൗത്ത് ഇൻഡ്യൻ ബാങ്ക് ഉദ്യോഗസ്ഥനാണ്. ഷേർളി ഹൈസ്കൂൾ അദ്ധ്യാപികയും. ഇവർക്കു ഒരു പെൺകുട്ടിയു്.

# RM **51**

### **തോമസ് അവരാച്ചൻ** (1959)

അവരാച്ചൻ മാതാപിതാക്കളോടൊത്തു തറവാട്ടിൽ താമസിക്കുന്നു. ഗൃഹ കാര്യങ്ങൾക്കു പുറമെ ഒരു ബസ്സർവ്വീസും നടത്തുന്നു്. തോമസ്സിന്റെ മറ്റു കുട്ടികളെല്ലാം പഠിക്കുന്നു.

### **മാതേയ്ക്കൽ വർഗീസ് ഐപ്പ്** (1895)

ഐപ്പ് കോതമംഗലത്തു മങ്ങാട്ടു മത്തായി മകൾ റോസയെ വിവാഹം ചെയ്തു. കൊളമ്പേൽ നിന്നും വിളയാനിക്കൽ പുരയിടത്തിലേയ്ക്കു മാറിത്താമ സിച്ചു. ഐപ്പ് റോസ ദമ്പതികൾക്ക് ആറു മക്കളുായി. വർഗീസ്, മാത്യു, മേരി, തോമസ്, റോസക്കുട്ടി, ജോസഫ് എന്നിവർ. 1930–ൽ ഐപ്പ് നിര്യാതനായി.

മേരിയെ (1925) ആരക്കുഴ ഇടവക നെടുങ്ങാട്ടു (ഐപ്പാറ) മത്തായി മകൻ ജോൺ വിവാഹം ചെയ്തു. ഇവർക്കു ആറു മക്കളു്.

### **സി. അലീസിയ** (റോസക്കുട്ടി, 1932) **S. A. B. S.**

ആരാധനാസന്യാസസഭയിൽ അംഗമായി ചേരുകയും സിസ്റ്റർ അലീസിയ എന്ന പേരു സ്വീകരിക്കുകയും ചെയ്തു. സിസ്റ്റർ അലീസിയ എസ്. എ. ബി. എസ്. കോടിക്കുളം, മൂളിക്കുളം, ചെപ്പുകുളം, ചെലവു, വാഴത്തോപ്പ്, കുണിഞ്ഞി, കാളിയാർ എന്നിവിടങ്ങളിൽ അദ്ധ്യാപിക ആയി സേവനമനുഷ്ഠിച്ചിട്ടു് അദ്ധ്യാ പികവൃത്തിയോടൊപ്പം സാമൂഹിക രംഗങ്ങളിലും മറ്റും ആവുന്ന സേവനമനു ഷ്ഠിക്കുന്നതിനു സിസ്റ്റർ സമയം കത്തൊതിരുന്നില്ല. കാളിയാർ ഹൈസ്കൂ ളിൽ നിന്നു റിട്ടയർ ചെയ്ത ശേഷം തന്റെ സമയം മുഴുവനും സാധുജനസമ്പർക്ക ത്തിനും സാമൂഹ്യപ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ചു വരവേ സഭാധികാരി കൾ സിസ്റ്ററിനെ ചങ്ങനാശ്ശേരിയിലേയ്ക്കു വിളിച്ചു. അവിടെ ദൈവദാസനായ കുര്യാളശ്ശേരിപ്പിതാവിന്റെ നാമകരണ ചടങ്ങുകളിൽ വ്യാപൃതരായിരിക്കുന്നവരെ സഹായിക്കാനായിരുന്നു അതു. ഇപ്പോൾ കാവുക്കാട്ടു മഠത്തിലാണ്.

### **ഐപ്പ് വർഗീസ്** (1921)

പിതാവിന്റെ മരണത്തോടെ മൂത്ത മകനായ വർഗീസിന്റെ തോളിലായി കുടുംബഭാരം മുഴുവനും. മൂവാറ്റുപുഴ മണ്ണുത്തുക്കാരൻ അബ്രാഹത്തിന്റെ മകൾ ഏലീശ്വായെ വർഗീസ് വിവാഹം ചെയ്തു. ഈ വിവാഹത്തിൽ അവർക്കു അഞ്ചു മക്കളുായി. അഞ്ചും പെൺമക്കൾ. ലില്ലി, മേരി, റോസിലി, അൽഫോൻസാ,

# LM52

ഫിലോമിന. ലില്ലിയെ കാടുകുറ്റി ഇടവക വട്ടോലിൽ വർഗീസ് എം. കോം. വിവാഹം ചെയ്തു. ഇവർ ഇപ്പോൾ ചാലക്കുടിയിലാണു താമസിക്കുന്നത്. ഇവർക്കു നാലു മക്കളു്. മേരിയെ നെടിയകാടു ഇടവക തോട്ടുങ്കൽ സേവ്യർ ബി. എസ് സി: ബി. എഡ് ആണു വിവാഹം ചെയ്തിരിക്കുന്നതു. ഇവർക്കു അഞ്ചു മക്കളു്. സേവ്യർ കുടുംബസമേതം വെള്ളിയാമറ്റത്തു താമസിക്കുന്നു. വൈയ്ക്കത്തു കടവിൽ മാത്യുവാണ് റോസിലിയുടെ ഭർത്താവു. ഇവർക്കു രു കുട്ടികളു്. അൽഫോൻസായേയും വൈയ്ക്കത്തു തന്നെയാണു വിവാഹം കഴിച്ചിരിക്കുന്നതു. ഒരു ഹോമിയോ ഡോക്ടറായ പാലയ്ക്കൽ വർഗീസാണു അവളുടെ ഭർത്താവ്. ഇവർ ഇപ്പോൾ താമസിക്കുന്നതു നിലമ്പൂരാണ്. ഫിലോമിനായെ വിവാഹം ചെയ്തിരിക്കുന്നതു കാഞ്ഞൂർ ഇടവക പടയാട്ടി ഫ്രാൻസീസ് ആണ്. ഇവർക്കു രു മക്കളു്. കളമശ്ശേരി എച്ച്. എം. ററിയിലെ ഒരു ഉദ്യോഗസ്ഥനാണ്, ഫ്രാൻസീസ്.

ഐപ്പ് വർഗീസിന്റെ ആദ്യ ഭാര്യ ഏലീശ്വാ മരണമടഞ്ഞപ്പോൾ കോതമംഗലത്ത് കോലഞ്ചേരി (കല്ലത്ത്) ആഗസ്തി മകൾ ത്രേസ്യായെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഒരു പുത്രി മാത്രമേ ഉള്ളൂ. റോസ (ലാലി). ലാലിയ്ക്കു പ്രായപൂർത്തിയാകുന്നതിനുമുമ്പ് വർഗീസ് 1978 ജൂൺ 26–നു മരണമടഞ്ഞു. വർഗീസിന്റെ മരണാനന്തരം ലാലിയെ കോട്ടൂർ മത്തായിയുടെ പുത്രൻ ജോർജ് വിവാഹം ചെയ്തു. ജോർജ് ഇപ്പോൾ അടിമാലിയിൽ സ്റ്റാററിസ്റ്റിക്ക് ഇൻസ്പെക്ടറായി ജോലി ചെയ്യുന്നു. 1984 ഒക്ടോബർ 9–ാം തീയതി വർഗീസിന്റെ രാം ഭാര്യ ത്രേസ്യായും നിര്യാതയായി. ജോർജും ലാലിയും തങ്ങളുടെ രു സന്താനങ്ങളോടൊപ്പം വർഗീസിന്റെ വീട്ടിൽ തന്നെ താമസിച്ചുവരുന്നു.

## **ഫാ. മാത്യു മാതേയ്ക്കൽ വി. സി.** (1923)

ഐപ്പിന്റെ രാമത്തെ മകൻ മാത്യു അന്നു തോട്ടകത്തു ആരംഭിച്ച വിൻസെൻഷ്യൻ സന്യാസസഭയിൽ ചേർന്നു. പ്രകൃത്യാതന്നെ ശാന്തശീലനും സൽസ്വഭാവിയുമായിരുന്ന മാത്യുവിനു സെമിനാരിയിൽ നിഷ്പ്രയാസം പ്രവേശനം കിട്ടി. 1955 മാർച്ച് 12–ാം തീയതി മാഗലപ്പുഴ സെമിനാരിയിൽ വച്ചു അദ്ദേഹം പൗരോഹിത്യത്തിലേയ്ക്കു ഉയർത്തപ്പെട്ടു. വിൻസെൻഷ്യൻ സഭയുടെ ആദ്യകാല അംഗങ്ങളിൽ ഒരുവനായിരുന്നു ബ. മാത്യു അച്ചൻ. അന്നു വെറും അഞ്ചു അച്ചന്മാർ മാത്രമേ സഭാംഗങ്ങളായുായിരുന്നുള്ളൂ. മാത്യു അച്ചൻ കാളിയാർ, വടയാർ, കൂമ്പൻപ്പാറ, മാമ്പ്ര തുടങ്ങിയ ഇടവകകളിൽ സേവനമനുഷ്ഠിച്ചിട്ടു്. തുടർന്നു വയനാട്ടിലെ മിഷൻ സ്ഥലങ്ങളിലും കുറേക്കാലം ജോലി നോക്കി.

# RM 53

പിന്നീട് ആലുവ വിദ്യാഭവനിലും പച്ചാളം, തൃക്കാക്കര തുടങ്ങിയ സന്യാസാശ്രമങ്ങളിലും സേവനം അനുഷ്ഠിച്ചു. ഇതിനകം അദ്ദേഹം രോഗിയായിത്തീർന്നു. ഇപ്പോൾ അങ്കമാലിയിലുള്ള വിൻസെൻഷ്യൻ ജനറലേററിൽ വിശ്രമജീവിതം നയിക്കുന്നു. ലാളിത്യവും വിനയഭാവവും സഭാചൈതന്യവും ഇദ്ദേഹത്തിന്റെ മുതൽക്കൂട്ടാണ്.

## ഐപ്പ് തോമസ് (1927)

ഐപ്പിന്റെ മൂന്നമത്തെ മകൻ തോമസിന്റെ സഹധർമ്മിണി ഓണാട്ടു അമ്മാന്റെ മകൾ മറിയക്കുട്ടിയാണു. ഇവർക്കു അഞ്ചു മക്കളാണുള്ളത്. ജോസ്, റോസിലി, ആനി, എമ്മാനുവേൽ, മാത്യൂസ് എന്നിവർ.

റോസിലി (1953) യെ നായത്തോടു ഇടവക തളിയത്തു ജോസ് വിവാഹം ചെയ്തു. ജോസ് കൊച്ചിയിൽ ഒരു കമ്പനിയിലെ ഉദ്യോഗസ്ഥനാണ്. ഇവർക്കു മൂന്നു കുട്ടികളു്. രു പെണ്ണും ഒരാണും. ആനി തിരുഹൃദയസന്യാസസഭയിൽ ചേർന്നു. സി. ആനി റേറാം എസ്. എച്ച്. എന്ന പേരാണു സ്വീകരിച്ചിരിക്കുന്നത്. ഇപ്പോൾ മുതലക്കോടത്തുള്ള ലിററിൽഫ്ളവർ ആസ്പത്രിയിൽ നേഴ്സായി സേവനമനുഷ്ഠിക്കുന്നു.

## റവ. ഫാ. ജോസ് വി. സി. (1952)

തോമസിന്റെ മൂത്ത പുത്രനായ ജോസ് തന്റെ പേരപ്പൻ ഫാദർ മാത്യുവിന്റെ കാലടികളെ പിഞ്ചെല്ലാൻ തീരുമാനിച്ചു. വിൻസെൻഷ്യൻ സഭയിൽ ചേരുകയും 1978 ഡിസംബർ രാം തീയതി പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. അദ്ധ്വാനത്തിന്റെയും ലാളിത്യത്തിന്റെയും ഒരു ജീവിതമാണു ഫാ. ജോസ് സേവനമനുഷ്ഠിച്ചിട്ടുള്ള എല്ലാ രംഗങ്ങളിലും കാഴ്ചവച്ചിട്ടുള്ളത്. തൃശൂർ രൂപതയിൽ ഒന്നുരു പള്ളികളിൽ അസിസ്റ്റന്റ് വികാരിയായും പിന്നീട് വയനാട്ടിൽ ഒരു പള്ളിയുടെ വികാരിയായും അനാഥശാല ഡയറക്ടറായും കുറേക്കാലം സേവനമനുഷ്ഠിച്ചു. ചൊവ്വര, തോട്ടകം എന്നീ പള്ളികളിൽ വികാരിയായിരുന്നിട്ടു്. കുറെനാൾ തമിഴുനാട്ടിലും സേവനമനുഷ്ഠിച്ചു. ഇപ്പോൾ കലൂരുള്ള ആശ്രമത്തിൽ അംഗമായി വിവിധ ജോലികളിൽ സേവനമനുഷ്ഠിച്ചുവരുന്നു.

തോമസിന്റെ രാമത്തെ മകൻ എമ്മാനുവേൽ ബി. എസ്. സി, ബി. എഡ്. കഴിഞ്ഞു ഹൈറേഞ്ചിൽ മരിയാപുരം സ്കൂളിൽ പഠിപ്പിക്കുന്നു. എമ്മാനുവേലിന്റെ ഭാര്യ, വാരപ്പെട്ടി കാവുംപുറത്തു വിൻസിയാണ്. വിൻസി ബി. കോം ബിരുദധാരിയാണ്. ഇളയ മകൻ മാത്യൂസ് ഇപ്പോൾ എം. കോം–നു പഠിച്ചുകൊിരിക്കുന്നു.

# LM54

## ഐപ്പ് ജോസഫ് (1935)

ഐപ്പിന്റെ ഇളയപുത്രൻ ജോസഫ് വിവാഹം ചെയ്തിരിക്കുന്നതു അരിക്കുഴ ചൂരാപ്പുഴ വർക്കി മകൾ മേരിയെയാണു. ഇവർക്കു മൂന്നു മക്കളു്. ജോസ് (1965), ജോർജ് (1973), റോസ (1977). ജോസ് എൽ. എൽ. ബി. എടുത്തശേഷം ഇപ്പോൾ എറണാകുളത്തു ഹൈക്കോർട്ടിൽ പ്രാക്ടീസ് ചെയ്യുന്നു. ജോർജും റോസ് മോളും പഠിക്കുന്നു.

## മാതേയ്ക്കൽ മത്തായി ജോസഫ് – റവ. ഫാ. ജോസഫ് മാതേയ്ക്കൽ (1867)

കോണിയേക്കല്ലുങ്കലേക്കു മാറിത്താമസിച്ച മത്തായിയുടെ മൂന്നാമത്തെ പുത്രനായിരുന്നു ജോസഫ്. ചെറുപ്പത്തിലേ തന്നെ കുശാഗ്രബുദ്ധിയും പഠനത്തിൽ സമർത്ഥനുമായിരുന്ന ജോസഫ് തന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം സെമിനാരിയിൽ ചേരുകയും 1895 മാർച്ച് മൂന്നാം തീയതി വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. ദീർഘദൃഷ്ടിയുള്ള പ്രഗത്ഭനായ ഒരു വൈദികനായിരുന്നു അദ്ദേഹം. കോതമംഗലം, മൂവാറ്റുപുഴ, അരിക്കുഴ, പെരിങ്ങഴ തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടു്. മൂവാറ്റുപുഴയിലും പരിസരങ്ങളിലും ഇംഗ്ലീഷ്വിദ്യാഭ്യാസത്തിനു യാതൊരു സാദ്ധ്യതയുമില്ലാതിരുന്ന ഒരു കാലഘട്ടമായിരുന്നു അതു. അദ്ദേഹം മൂവാറ്റുപുഴ വികാരിയായിരിക്കുമ്പോൾ ഈ പോരായ്ക പരിഹരിക്കുന്നതിനു അക്ഷീണം പ്രയത്നിച്ചതിന്റെ ഫലമായി അന്നത്തെ രൂപതാദ്ധ്യക്ഷനായിരുന്ന പഴേപറമ്പിൽ ളൂയീസ് മെത്രാനിൽനിന്നു മൂവാറ്റുപുഴ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുന്നതിനു അനുമതിനേടി. നാനാഭാഗത്തുനിന്നുമുായ എതിർപ്പുകളെ എല്ലാം അതിജീവിച്ച് സ്വന്ത പരിശ്രമംകൊു ആവശ്യമായ ധനശേഖരണവും നടത്തി മൂവാറ്റുപുഴത്തന്നെ ഇംഗ്ലീഷു സ്കൂൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ കാലാന്തരത്തിൽ സ്കൂൾ നടത്തിക്കൊു പോകുന്നതിനുള്ള സാമ്പത്തികശേഷി ഇല്ലാതെ വന്നതുകൊു പ്രസ്തുത സ്കൂൾ സർക്കാരിലേയ്ക്കു വിട്ടുകൊടുക്കുകയാണുായത്. ക്രിസ്ത്യാനികളുടെ പൊതുവേയും ആരക്കുഴ ഇടവകയുടെ പ്രത്യേകിച്ചും അഭ്യുന്നതിക്കുവേി ജോസഫച്ചൻ വളരെയേറെ പ്രവർത്തിച്ചിട്ടു്. കത്തോലിക്കർക്കും അവരുടെ മേന്മയ്ക്കും വേി അക്ഷീണം നിലകൊിരുന്ന ഷെവലിയർ ഇലഞ്ഞിക്കൽ മി. തര്യതു കഞ്ഞിത്തൊമ്മൻ ജോസഫച്ചന്റെ ഒരുററ മിത്രമായിരുന്നു എന്നു എടുത്തുപറയേിയിരിക്കുന്നു. 1925 മുതൽ അനാരോഗ്യം മൂലം ഇടവക ജോലിയിൽനിന്നും വിരമിച്ച് ആരക്കുഴ പള്ളിമേടയിൽ വിശ്രമജീവിതം നയിക്കുവാൻ തുടങ്ങി. രോഗം മൂർച്ഛിച്ചപ്പോൾ സഹോദര പുത്രനായ പത്രോസ് ചാക്കോയുടെ വീട്ടിലേയ്ക്കു കൊുപോകുകയും അവിടെ വച്ച് 1944 മെയ് 24–ാം തീയതി കർത്താവിൽ ഭാഗ്യമരണം കൈവരിക്കുകയും ചെയ്തു.

## RM55

ബ. ജോസഫച്ചന്റെ സമുദായസ്നേഹത്തിനും പൊതുക്കാര്യപ്രസക്തിക്കും ഉപോൽബലകമായ ചില കാര്യങ്ങൾ അദ്ദേഹത്തിന്റെ ഡയറിക്കുറുപ്പിൽനിന്നും ഇവിടെ ഉദ്ധരിക്കട്ടെ. (ഈ ജയറിക്കുറിപ്പു തന്നെയാണു മാതേയ്ക്കൽ കുടുംബചരിത്രരചനയ്ക്കു പ്രചോദനവും പ്രോൽസാഹനവും നൽകിയിട്ടുള്ളത്).

''ഇന്നേവരെ എന്റെ ആയുഷ്ക്കാലത്തിൽ അധികം ബുദ്ധിമുട്ടിയിട്ടുള്ളതും മനഃക്ലേശം സഹിച്ചതും ഞാൻ മൂവാറ്റപുഴ വികാരി ആയിരിക്കുമ്പോഴാണ്. അതു ഇപ്പോൾ മൂവാറ്റുപുഴ കാണുന്ന കത്തോലിക്കാ ഇംഗ്ലീഷു സ്കൂളിന്റെ കാര്യത്തിലാണ്. ഇതരസമുദായത്തിലെ ഉന്നത വിദ്യാഭ്യാസത്തിലും മുന്നിട്ടുനില്ക്കുന്നതും നമ്മുടെ കത്തോലിക്കാ സിറിയൻ സമുദായം ഈ വിഷയത്തിൽ തുലോം പിന്നോക്കസ്ഥിതിയിൽ ഇരിക്കുന്നതും കിട്ടു എനിക്കു വളരെ വ്യസനം തോന്നി. ഞാൻ സെമിനാരിയിൽ പഠിച്ചുകൊിരുന്ന കാലം മുതൽ ഓരോ സ്ഥലങ്ങളിലും ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു നമ്മുടെ സമുദായത്തിൽ വിദ്യാഭ്യാസത്തെ പ്രചരിപ്പിക്കണമെന്നു എനിക്കതിയായ ആഗ്രഹമുായിരുന്നു. (മൂവാറ്റുപുഴ വികാരി ആയിരിക്കുമ്പോൾ) എറണാകുളം മിസത്തിന്റെ അദ്ധ്യക്ഷനും എന്റെ മെത്രാനുമായ പഴേപറമ്പിൽ മാർ ളൂയീസ് മെത്രാൻ തിരുമനസ്സിലേയ്ക്കു ഈ വിഷയത്തിൽ വലിയ താല്പര്യമുള്ളതായി തോന്നിയില്ല. നമ്മുടെ ഈ കിഴക്കൻ ദിക്കിലെങ്കിലും ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കേതിന്റെ ആവശ്യകതയെപ്പററി ഞാൻ പല പ്രാവശ്യം ബോധിപ്പിച്ചിട്ടും അദ്ദേഹം ഗൗനിച്ചതായി കില്ല. 1904–ൽ ഈ ഭാഗത്തുള്ള പള്ളികൾ സന്ദർശിക്കാൻ അദ്ദേഹം വന്നപ്പോൾ സ്കൂൾ കാര്യത്തെപ്പററി വീും ഞാനദ്ദേഹത്തോടു സംസാരിച്ചു. അപ്പോൾ പണമില്ല എന്നും മറ്റും ഓരോ മുടന്തൻ ന്യായങ്ങൾ പറഞ്ഞു ഒഴിയാൻ ശ്രമിച്ചപ്പോൾ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പണം പിരിച്ചെടുത്തു സ്കൂൾ ഉാക്കാമെന്നു ഞാൻ ബോധപ്പിച്ചു. ഈ അഭിപ്രായത്തോടു അദ്ദേഹം ഏറെക്കുറെ സമ്മതിച്ചതായി എനിക്കു തോന്നി. അതേത്തുടർന്നു സ്കൂൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനു ആരക്കുഴ ഡിവിഷനിൽപ്പെട്ട പള്ളിക്കാരുടെ ഒരു യോഗം വാഴക്കുള്ളത്തു വിളിച്ചുകൂട്ടത്തക്കവണ്ണം മെത്രാൻ തിരുമനസ്സുകൊ് കല്പന അയച്ചു. അതനുസരിച്ചു വാഴക്കുള്ളത്തു യോഗം ചേർന്നു. സ്കൂളിന്റെ സ്ഥലം എവിടെ ആയിരിക്കണമെന്ന പ്രശ്നം കീറാമുട്ടിയായിത്തീർന്നു. വാഴക്കുളമാണു അതിനു പററിയ സ്ഥലമെന്നു ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടു. താലൂക്ക് ആസ്ഥാനമെന്ന നിലയിൽ മൂവാറ്റുപുഴയാണു പറ്റിയ സ്ഥലമെന്നു ഞാനും ആരക്കുഴ വികാരി മാണിക്കനാം പറമ്പിൽ കുര്യാക്കോസച്ചനും ശക്തിയായി വാദിച്ചു. സംഗതിവശാൽ അന്നവിടെ വരാനിടയായ പ്രസിദ്ധനായ നിധിയിരി മാണിയച്ചനും ഞങ്ങളുടെ അഭിപ്രാത്തോടു യോജിച്ചു. എന്നാൽ ഭൂരിപക്ഷത്തോടു മെത്രാനച്ചനും ചേരുകയാൽ സ്കൂൾ വാഴക്കുളത്തു തന്നെ എന്നു തീരുമാനിച്ചു. ഈ

# LM56

നിശ്ചയം എനിക്കു വലിയ ഇച്ഛാഭംഗത്തിനും വ്യസനത്തിനും കാരണമായി. എന്റെ ശ്രമമെല്ലാം വിഫലമായല്ലോയെന്നു വിഷാദിച്ചുകൊിരിക്കുമ്പോൾ ആണ് മെത്രാനച്ചൻ പള്ളി സന്ദർശനങ്ങൾ കഴിഞ്ഞു എറണാകുളത്തിനു പോകുംവഴി മൂവാറ്റുപുഴ വന്നത്. ഞാനപ്പോൾ സ്ഥലത്തുള്ള എല്ലാ ഉദ്യോഗസ്ഥന്മാരെയും വിളിച്ചുവരുത്തി മൂവാറ്റുപുഴ സ്കൂൾ സ്ഥാപിക്കുന്നതിന്റെ ആവശ്യക്തയെപ്പറ്റി അവരെക്കൊ് മെത്രാനച്ചനോടു സംസാരിപ്പിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് മൂവാറ്റുപുഴ സ്കൂൾ ആരംഭിക്കുന്നതിനുള്ള അനുവാദം തരികയും ചെയ്തു. മെത്രാനച്ചൻ തിരുമനസ്സുകൊ് സ്കൂൾ പണിക്കായി 700 രൂപയും തന്നു.........................സ്കൂൾ പണി തീർക്കുന്നതിനും അദ്ധ്യാപർക്കു ശബളം കൊടുക്കുന്നതിനും ഞാൻ സഹിച്ച മനഃക്ലേശവും ബുദ്ധിമുട്ടും ദൈവം തന്നെ അറിയട്ടെ. ഇങ്ങനെ ഞാൻ വല്ലാതെ ബുദ്ധിമുട്ടുമ്പോൾ ബ. വികാരിന്മാരും അച്ചന്മാരും ഈ പൊതുകാര്യത്തിൽ എനിക്കു കഴിയുന്ന സഹായം ചെയ്തുതന്നില്ല എന്നു മഹാവ്യസനത്തോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു......................... ഞാൻ ഏറിയ കഷ്ടപ്പാടുകൾ സഹിച്ചു സ്ഥാപിച്ച സ്കൂൾ മെത്രാനച്ചൻ തിരുമസ്സിലേയും പള്ളിക്കാരുടേയും താല്പര്യക്കുറവുകൊും നൂതനമായി ഏർപ്പെടുത്തിയ വിദ്യാഭ്യാസച്ചട്ടങ്ങൾ അനുസരിക്കുന്നതിനുള്ള വിഷമം കൊും 1909 ഡിസംബർ മാസത്തിൽ നിറുത്തലാക്കി.............. കൊച്ചിക്കുന്നേൽ ബ. മത്തായിയച്ചന്റെ ഉത്സാത്താൽ സ്കൂൾ കെട്ടിടം സർക്കാർ വക സ്കൂൾ നടത്തുന്നതിനായി മാസം 20 രൂപ വാടകയ്ക്കു ഏല്പിച്ചുകൊടുത്തു. അങ്ങനെ ആ സ്കൂൾ സർക്കാർ സ്കൂളായി............1918–ാമാിൽ ബ. മുട്ടുചുയിൽ തോമാച്ചൻ ആരക്കുഴ പള്ളി വികാരി ആയിരിക്കുമ്പോൾ മൂവാറ്റുപുഴ മുതൽ ആരക്കുഴവരെയുള്ള വില്ലേജ് റോഡ് പള്ളി വരെ നീട്ടുന്നതിനുള്ള പണി ആരംഭിച്ചു. എന്നാൽ ചില കുബുദ്ധികളുടെ ദുരാലോചനമൂലം പണി പൂർത്തിയാക്കാൻ വികാരിയച്ചനു സാധിച്ചില്ല. അദ്ദേഹത്തിന്റെ താല്പര്യത്തിന്റെ പേരിൽ ഞാൻ ആ ചുമതല ഏറ്റെടുക്കുകയും വളരെ ക്ലേശങ്ങൾ സഹിച്ചു ഏതാനും മാസങ്ങൾകൊു വഴിപ്പണി പൂർത്തിയാക്കുകയും ചെയ്തു.''

ഇങ്ങനെ നാടിന്റെ നന്മ പ്രത്യേകിച്ചു ഇടവകയുടെ നന്മ ജോസഫച്ചന്റെ വൈദികജീവിതത്തിലെ രാമത്തെ ലക്ഷ്യമായിരുന്നു. അതിനുവേി അവസരം കിട്ടിയിട്ടുള്ളപ്പോഴെല്ലാം അദ്ദേഹം പോരാടിയിട്ടു. ആയിരത്തിൽപരം പഴക്കമുള്ള ആരക്കുഴ പള്ളി പെളിച്ചുപണിയുന്നതിനു പല വികാരിമാരും പ്ലാനിട്ടിട്ട്. ഈ ചരിത്രപ്രാധ്യാനമുള്ള ഒരു പള്ളി അതും കെട്ടിലും മട്ടിലും നല്ല ഉറപ്പുള്ള ഒരു പള്ളി, അതു പൊളിക്കുകയോ? നാട്ടുകാരോടും പുരാവസ്തുക്കളോടും ചെയ്യുന്ന ഏറ്റവും വലിയ ഒരു കടം കയ്യായിരിക്കുമതെന്നു ആയിരുന്നു ജോസഫച്ചന്റെ കടുംപിടുത്തം. ഏതായാലും പഴയപള്ളിയിൽ ഇന്നേവരെ കൈവയ്ക്കുന്നതിനു ആരും മുന്നോട്ടു വന്നിട്ടില്ല. അതിനു ഇടവക മുഴുവനും ബ. ജോസഫ

ച്ചനോടാണുകപ്പെട്ടിരിക്കുന്നത്. വീട്ടുക്കാരോടും കുടുംബക്കാരോടും അച്ചനു പ്രത്യേ മമതയും അവരുടെ ഉൽക്കർഷത്തിൽ അതീവതാല്പര്യവും ഉായിരുന്നു എന്നു എടുത്തുപറയേിയിരിക്കുന്നു.

## മാതേയ്ക്കൽ മത്തായി പൗലോസ് (1870) (കോണിയേക്കല്ലുങ്കൽ)

മാതേയ്ക്കൽ മാത്തുണ്ണി മത്തായിയുടെ ഇരട്ടപ്പുത്രന്മാരിൽ ഒരാളായിരുന്നു പൗലോസ്. ഇരട്ടകളിൽ സമർത്ഥനും കഴിവുറ്റവനുമായിരുന്നു പൗലോസ്. ഇദ്ദേഹം വിവാഹം ചെയ്തിരുന്നതു ആരക്കുഴ (നടുക്കര) കുറുപ്പാമഠത്തിൽ റോസയെയാണ്. ഏഴു മക്കളാണു ഇവർക്കുായിരുന്നതു. കുര്യാക്കോ (1895), മാണി (1897), ഏലി (1899), ഐപ്പ് (1905), മത്തായി (1908), മറിയം (1910), ത്രേസ്യാ (1912). പെരിങ്ങഴ ഇടവക പൊരുന്നേടത്തു മാണിയായിരുന്നു ഏലിയുടെ ഭർത്താവ്. ഇവരുടെ പൗത്രനാണു അമേരിക്കയിൽ വച്ചു അപകടത്തിൽ പെട്ട് അടുത്തകാലത്തു അകാലചരമം പ്രാപിച്ച റവ. ഫാ. എമ്മാനുവേൽ. മറിയം കർമ്മലീത്താ സന്യാസസമൂഹത്തിൽ ചേർന്നു ലൂസി എന്ന പേരു സ്വീകരിച്ചു. 'ഗുണികളൂഴിയിൽ നീുവാഴാ'എന്ന കവിവാക്യം അന്വർത്ഥമാക്കുമാറു ഒരു മാതൃകാസന്യാസിനിയായി ജീവിച്ചു വന്ന സി. ലൂസിയെ ചെറുപ്പത്തിലേതന്നെ തന്റെ നിത്യസമ്മാനം സ്വീകരിക്കുന്നതിനു ദിവ്യനാഥൻ വിളിക്കുകയാണുായത്. ത്രേസ്യായെ വിവാഹം ചെയ്തു കോതമംഗലം ഇടവക പുളിക്കൽ കുരുവിളയാണ്.

## പൗലോസ് കുര്യാക്കോസ്

വാഴക്കുളം ഇടവക ഇടപ്പഴത്തിൽ തൊമ്മന്റെ മകൾ ഏലീശ്വാ ആയിരുന്നു കുര്യാക്കോയുടെ ഭാര്യ. ഇവർക്കു നാലു മക്കളുായിരുന്നു. പൗലോസ് (1913), തോമസ്, റോസ, ജോസഫ്. റോസയെ കടവൂർ നെടുംതടത്തിൽ (ചൂരക്കുഴി) പാപ്പു മകൻ കുഞ്ഞു വിവാഹം ചെയ്തു. ജോസഫ് ചെറുപ്പത്തിലെതന്നെ മരിച്ചു. തോമസ് വിവാഹം ചെയ്തിരുന്നതു ആരക്കുഴ ഇടവക മണിയാട്ടു ഉലഹന്നൻ മകൾ അന്നക്കുട്ടിയെയാണു. വിവാഹം കഴിഞ്ഞു ആറു വർഷത്തിനുള്ളിൽ തോമസ് മരിച്ചു. തോമസിനു ഈ വിവാഹത്തിൽ രു കുട്ടികൾ ഉായെങ്കിലും അവരും ബാല്യത്തിലേതന്നെ മരിക്കുകയാണുായത്. തന്മൂലം അന്നക്കുട്ടി പുനർവിവാഹത്തിനു വഴിപ്പെടാതെ സ്വന്തം ഭവനത്തിൽ താമസിക്കുന്നു.

## കുര്യാക്കോ പൗലോസ്

പൗലോസിന്റെ ഭാര്യ കല്ലാനിക്കൽ ഇടവക നമ്പ്യാപറമ്പിൽ (പൂക്കാട്ടു) ഉലഹന്നൻ മകൾ റോസയാണ്. ഈ ദമ്പതികൾക്കു പത്തു മക്കളു്. കുര്യാക്കോ

സ്, ജോൺ, തോമസ്, ഏലീശ്വാ, മേരി, ജോസഫ്, ഫിലോമിന, ജോർജ്, സെബാസ്റ്റ്യൻ, സ്റ്റാൻലി.

മൂത്ത മകൾ ഏലീശ്വാ കർമ്മലീത്താ സന്യാസസഭയിൽ ചേർന്നു സി. ജോർജ്ജിയ എന്നു പേരു സ്വീകരിച്ചു. മേരിയെ ആയവന വടക്കുംപാടത്തു മാത്യുവും ഫിലോമിനയെ ആയവനതന്നെ മുട്ടത്തു കുടി വർക്കിയുമാണ് വിവാഹം ചെയ്തിരിക്കുന്നതു.

## പൗലോസ് കുര്യാക്കോസ്

കുര്യാക്കോസിന്റെ ഭാര്യ കലൂർ ഇടവക നമ്പ്യാപറമ്പിൽ (കുറ്റമ്പാടത്ത്) ലൂക്കാ മകൾ ഏലീശ്വാ ആണ്. ഇവർക്കു രു മക്കളു് – പോൾ, റോസ.

## പൗലോസ് ജോൺ

ജോൺ വിവാഹം ചെയ്തിരിക്കുന്നതു കോലടി ഇടവക അറയ്ക്കൽ ഐപ്പു മകൾ മേരിയെയാണ്. ഇവർക്കു പോൾ, റോസ, ജോസഫ്, മോനിക്ക, സെബാസ്റ്റ്യൻ എന്നിങ്ങനെ അഞ്ചു മക്കളാണുള്ളത്. ജോൺ കുടുംബസമേതം തൃശൂർ വേലൂപ്പാടം എന്ന സ്ഥലത്താണു താമസിക്കുന്നത്.

## പൗലോസ് തോമസ്

തോമസിനു എയർഫോഴ്സിൽ ജോലി ആയിരുന്നു. ജോലിയിൽ നിന്നും വിരമിച്ചു ഇപ്പോൾ ആരക്കുഴ സ്ഥിരതാമസമാണു കുടുംബസമേതം. ഭാര്യ കലയന്താനി ഇടവക ഓടയ്ക്കൽ തോമസിന്റെ പുത്രി അന്ന (ലൗലി) യാണ്. ഇവർക്കു രു മക്കളു്. റോസ്മിയും ജാസ്മിയും. റോസ്മി കോളേജിലും ജാസ്മി സ്കൂളിലും പഠിക്കുന്നു.

## പൗലോസ് ജോസഫ് B. Sc., B. Ed.

അദ്ധ്യാപകനായ ജോസഫിന്റെ ജോലി തൃശൂരാണ്. കലൂർ കളപ്പുറം ചുാട്ടു ജോണിന്റെ മകൾ ഏലിക്കുട്ടിയാണു ജോസഫിന്റെ ഭാര്യ. ഇവർക്കു രു മക്കളാണുള്ളതു മരിയറോസും ജോസും. എല്ലാവരും തൃശൂരുതന്നെയാണു സ്ഥിരതാമസം.

# RM59

## പൗലോസ് ജോർജ്

ജോർജ് വിവാഹം ചെയ്തിരിക്കുന്നതു വാഴക്കുളം നെല്ലിക്കുന്നേൽ മാനുവലിന്റെ പുത്രി ഫിലോമിനയെയാണു. ഇവർക്കു ഒരു മകനു്. ജോർജ് മൂവാറ്റുപുഴയുള്ള സ്കൈലൈൻ ഫോട്ടോ സ്റ്റുഡിയോ ഉടമയാണ്.

## പൗലോസ് സെബാസ്റ്റ്യൻ

സെബാസ്റ്റ്യന്റെ ഭാര്യ അൽഫോൻസ ഒരു ഹൈസ്ക്കൂൾ അദ്ധ്യാപികയാണു. മൂവാറ്റുപുഴ സ്റ്റേയ്റ്റു ബാങ്ക് ഓഫ് ഇന്ത്യയിലാണു സെബാസ്റ്റ്യന്റെ ജോലി. ഇവർക്കു രു മക്കളു്.

## പൗലോസ് സ്റ്റാൻലി

തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കി മാതാപിതാക്കന്മാരോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

## മാതേയ്ക്കൽ (കോണിയേക്കല്ലുങ്കൽ) പൗലോസ് മാണി

മാണിയുടെ ഭാര്യ കാക്കൂർ ഇടവക പരിയാരത്തു വർക്കിയുടെ മകൾ മറിയമാണു. ഇവർ മീങ്കുന്നത്തുള്ള കരോട്ടെ കൊളമ്പേൽ പുരയിടത്തിലേയ്ക്കു മാറിത്താമസിച്ചു. മാണി മറിയം ദമ്പതികൾക്കു നാലു പുത്രിന്മാരും ഒരു പുത്രനുമു്. മൂത്ത പുത്രി റോസയെ കല്ലൂർക്കാടു പ്ലാത്തോട്ടിൽ ജോസഫ് വിവാഹം ചെയ്തു. റോസയുടെ മകളാണു തിരുഹൃദയ സഭാംഗമായ സി. ഫ്ളാവിയ. സിസ്റ്റർ ഇപ്പോൾ രൂപത വക മാർ മാത്യൂസ് പ്രസ്സിൽ ജോലി ചെയ്യുന്നു. രാമത്തെ മകൾ അന്നയെ വിവാഹം ചെയ്തിരിക്കുന്നതു മുളക്കുളം ഇടവക പെരിയപ്പുറത്തു കുര്യനാണ്. ഇവരുടെ പുത്രനാണു റവ. ഫാ ബേബി പെരിയപ്പുറം. ഇദ്ദേഹം ഇപ്പോൾ പാലാരൂപത മൈനർ സെമിനാരി റെക്ടറാണ്. ഇദ്ദേഹത്തിന്റെ സഹോദരിയാണു തിരുഹൃദയ സന്യാസസഭാംഗമായ സി. ആൻസി പെരിയപ്പുറം. മാണിയുടെ ഇളയ രു പെൺമക്കൾ കൊച്ചുത്രേസ്യായും മേരിയും തിരുഹൃദയത്തിൽ ചേർന്ന് സി. യൗസേബിയൂസ് എന്നും സി. മേരി എന്നും പേരു സ്വീകരിച്ചു. സി. യൗസേബിയൂസ് തന്റെ അദ്ധ്യാപിക ജീവിതത്തിൽ നിന്നും വിരമിച്ച് ഇതര ജോലികളിൽ വ്യാപൃതയായിരിക്കുമ്പോൾ കാൻസർരോഗ ബാധിതയാകുകയും 1990–ൽ ഭാഗ്യമരണം കൈവരിക്കയും ചെയ്തു.

# LM60

## മാണി പൗലോസ്

കോണിയേക്കല്ലുങ്കൽ (കരോട്ടെ കൊളമ്പേൽ) മാണിയുടെ ഏക പുത്ര നാണു പൗലോസ്. പൗലോസിന്റെ ഭാര്യ മൂവാറ്റുപുഴ ഇടവക പൂവൻ തോമ സിന്റെ മകൾ ഏലിക്കുട്ടിയാണു. ഇവർക്കു ഒമ്പതു മക്കളാണുള്ളത്. മേരി (1950), എമ്മാനുവേൽ (1953), ആലീസ് (1956), തോമസ് (1958), ജോസ് (1961), ലിസി (1963), ഫ്രാൻസിസ് (1965), സിജി (1969), ഷിബി (1971).

വാളക്കുളം ഇടവക നമ്പ്യാപറമ്പിൽ (തയ്യിൽ) പയസാണു മേരിയെ വിവാഹം ചെയ്തിരിക്കുന്നതു. ആലീസിനെ പെരിങ്ങഴ ഇടവക പിട്ടാപ്പിള്ളിൽ മാത്യുവും ലിസിയെ അഞ്ചിരി കളരിക്കത്തൊട്ടി (നമ്പ്യാപറമ്പിൽ) തങ്കച്ചനും വിവാഹം ചെയ്തു
.

പൗലോസിന്റെ മൂത്ത പുത്രൻ എമ്മാനുവേൽ കീരമ്പാറ ഇടവക ചെറാ യിൽ ജോസഫിന്റെ മകൾ റാണിയെയാണു വിവാഹം ചെയ്തിരിക്കുന്നതു. ഇവർക്കു രു മക്കളു്. എത്സാമരിയ (റീന) യും പോളും (പോൾസ്).

പൗലോസിന്റെ രാമത്തെ മകൻ തോമസിന്റെ ഭാര്യ കോതമംഗലം ഇട വക മുരുക്കൽ ആന്റണിയുടെ മകൾ റോസമ്മയാണ്. ഇവർക്കു ഒരു മകളു് സീന റോസ് തോമസ്. ഇവർ കുടുംബസമേതം മൂവാറ്റുപുഴയാണു താമസം. തോമസിനു മാറാടിയിൽ ബിസിനസ്സാണ്.

പൗലോസ് ജോസ് കൊരട്ടി ഇടവക താമരപ്പറമ്പിൽ റിബെക്കായുടെ മകൾ ഹെയ്സലിനെയാണു വിവാഹം ചെയ്തിരിക്കുന്നതു. ഇവർ കുടുംബസ മേതം ബോംബെയിലാണു താമസം. ജോസിനു ജോലി മസോൺഡോക്കിലും ഹെയിസലിനു സ്കൂളിലുമാണ്. ഇവർക്കു ആൽവിൻ പോൾസൺ എന്ന പേരിൽ ഒരു കുട്ടിയു്.

ഫ്രാൻസിസ് പൗലോസിന്റെ കൂട്ടത്തിൽ മീങ്കുന്നത്തുള്ള മാതേയ്ക്കൽ ബിൽഡിംഗ്സിൽ ബിസിനസ് നടത്തുന്നു. ഇളയ മക്കളായ സിജിയും ഷിബിയും പഠിക്കുന്നു.

## **മാതേയ്ക്കൽ** (കോണിയേക്കല്ലുങ്കൽ) **പൗലോസ് ഐപ്പ്** (1905)

പൗലോസിന്റെ മൂന്നാമത്തെ മകനായ ഐപ്പും കുടുംബവും മീങ്കുന്ന ത്താണു താമസിച്ചിരുന്നത്. ഐപ്പിന്റെ ആദ്യ ഭാര്യ ആരക്കുഴ പരപ്പനാട്ടു

# RM61

ഏലീശ്വായുടെ ആകസ്മികമായ വേർപാടു മൂലം ഐപ്പ്  കാക്കൂർ ഇടവക പുലി യമ്പിള്ളിൽ ഉലഹന്നൻ മകൾ മറിയത്തെ പുനർ വിവാഹം ചെയ്തു. ഈ വിവാ ഹത്തിൽ ഐപ്പിനു ആറു മക്കളു്. ജോസഫ് (1936), മേരി (1939), ത്രേസ്യാമ്മ (1944) , ഗ്രേസി (1948), ബാബു (1951), സണ്ണി (1956) എന്നിവരാണ്.

മേരിയെ ഊന്നുകൽ കരിമ്പനയ്ക്കൽ സ്ക്കറിയ വിവാഹം ചെയ്തു. ത്രേസ്യായെ  കോതമംഗലത്തു ഇടയ്ക്കാട്ടുകുടി ജോർജും ഗ്രേസിയെ കോത മംഗലത്തു പുളിക്കൽ ആന്റണിയും ആണു വിവാഹം ചെയ്തിരിക്കുന്നതു.

## ഐപ്പ് ജോസഫ്  (ഔസേപ്പച്ചൻ)

മൂവാറ്റുപുഴ ഇടവക ചാത്തംകത്തിൽ സേവ്യറിന്റെ മകൾ ലില്ലിയാണു ഔസേപ്പച്ചന്റെ ഭാര്യ. ഇവർക്കു രു കുട്ടികളു്. ടോണി (1976) യും വെററി (1979) യും. രു പേരും പഠിക്കുന്നു.

## ഐപ്പ് ബാബു

ബാബു വിവാഹം ചെയ്തിരിക്കുന്നതു തട്ടക്കര കളപ്പുരയ്ക്കൽ പാപ്പച്ചന്റെ മകൾ ആനീസിനെയാണ്. ഇവർക്കു രു പുത്രിമാര്ണുള്ളതു മരിയററ (1982), എലിസബത്ത് (1984). ബാബു മീങ്കുന്നത്തുതന്നെ തറവാടിനടുത്തു താമസിക്കു ന്നു.

## ഐപ്പ് സണ്ണി

സണ്ണി കാത്തലിക്ക് സിറിയൻ ബാങ്കിൽ ജോലി ചെയ്യുന്നു. സണ്ണിയുടെ ഭാര്യ കടനാടു പൂക്കുളത്തേൽ ജോസഫിന്റെ മകൾ ഡോളിയാണ്.

## മാതേയ്ക്കൽ (കോണിയേക്കല്ലുങ്കൽ) പൗലോസ് മാത്യു B.A.

ഇലക്ട്രിസിററി ബോർഡിൽ വളരെക്കാലം സർവീസിലിരുന്ന ശേഷം ചീഫ് അക്കൗൻററായി പെൻഷൻ പറ്റി സകുടുംബം ആലുവായിലുള്ള സ്വവസതി യിൽ താമസമാക്കി. ആലുവ ഉറുമ്പത്തു ജോസഫിന്റെ മകൾ മറിയമായിരുന്നു മാത്യുവിന്റെ ഭാര്യ. ഇവർക്കു ആറു പെൺമക്കൾ മാത്രമാണുള്ളത്. മൂത്ത മകൻ ബാററിയെ കുത്തിയതോടു തറയിൽ ലൂയീസും പേളിയെ ആലുവ ചിമ്മിണിക്കോ ടത്തു തോമസിന്റെ മകൻ ജോസ്ലിനും, മോളിയെ പുന്നത്തുറ കണ്ണാട്ടുകാലാ യിൽ ചെറിയാന്റെ പുത്രൻ ജോസും, ബീനയെ വള്ളുവള്ളി മേനാച്ചേരി പാപ്പു

# LM62

വിന്റെ മകൻ വർഗീസുമാണു വിവാഹം ചെയ്തിരിക്കുന്നത്. ജന്മനാ രോഗിണിയായ ഒരു മകൾ സ്വന്തം വീട്ടിൽത്തന്നെ താമസിക്കുന്നു. മാത്യു 1985 ജൂൺ 16–ാം തീയതി ഹൃദ്രോഗം മൂലം മൃതിയടഞ്ഞു. ഭാര്യ മറിയം 1990– ലും ചരമമടഞ്ഞു.

## **മാതേയ്ക്കൽ** (കോണിയേക്കല്ലുങ്കൽ തെക്കുംമലയിൽ) **പത്രോസ്**

മാതേയ്ക്കൽ മാത്തുണ്ണി മത്തായിയുടെ ഇളയ മക്കൾ ഇരട്ടകളിൽ ഇളയ ആളാണു പത്രോസ്. പ്രകൃത്യാ വളരെ ശാന്തനും സ്നേഹസമ്പന്നനുമായിരുന്നു പത്രോസ്. തന്റെ സഹോദരന്മാരെ സംബന്ധിച്ചു ബ. യൗസേപ്പച്ചൻ തന്റെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ള ഭാഗം ശ്രദ്ധേയമാണ്. ‘‘എന്റെ ജ്യേഷ്ഠൻ വർഗീസ് ശുദ്ധ ഹൃയനും എന്നാൽ സ്വാർത്ഥതല്പരനുമായിരുന്നു. അനുജൻ പത്രോസ് സാധുവും സത്യസന്ധനും കാര്യശ്ശേഷി ഇല്ലാത്തവനുമായിരുന്നു. എന്നാൽ പൗലോസ് ബുദ്ധിമാനും വിവേകിയുമായിരുന്നു. ജ്യേഷ്ഠൻ വർഗീസും അനുജൻ പൗലോസും അവരവരുടെ കാര്യങ്ങൾ ദോഷം കൂടാതെ അന്വേഷിച്ചുകൊുപോകുന്നതായും, എന്നാൽ അനുജൻ പത്രോസിന്റെ കാര്യങ്ങൾ കഴിവുകുറവുകൊു ദോഷപ്പെട്ടുകിടക്കുന്നതായും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. അതുകൊ് എന്റെ തുണയും സഹായവും ഞാൻ പത്രോസിനാണു കൂടുതലായി നല്കിയത്. ഇങ്ങനെ ചെയ്തുകൊ് മറ്റുള്ളവർ പുറമെ അതൃപ്തി ഒന്നും കാണിച്ചില്ലെങ്കിലും ഉള്ളിൽ അവർക്കു വിഷമം ഉായിക്കാണണം. ’’ ഇതിൽ നിന്നും പത്രോസിന്റെ വിനയവും നിസ്സഹായതയും വ്യക്തമാകുന്നുല്ലോ.

പെരിങ്ങഴ ഇടവക പയ്യപ്പിള്ളിൽനിന്നാണു പത്രോസ് വിവാഹം ചെയ്തിരിക്കുന്നത്. ഭാര്യയുടെ പേര് മറിയം. മറിയത്തിൽ വിളങ്ങിയിരുന്ന ഒരു പ്രത്യേക സ്വഭാവമായിരുന്നു സ്വജനങ്ങളോടും അയൽവാസികളോടുമുള്ള പ്രത്യേക മമതയും സ്നേഹവും. അതേ സ്വഭാവം ഏറെക്കുറെ പത്രോസും കൈയ്ക്കലാക്കിയിരുന്നു. ഇതിന്റെ ഫലമായിട്ടായിരിക്കണം മാതേയ്ക്കന്മാരുടെ മറ്റേതൊരു ശാഖകളിലും കാണാത്ത സ്നേഹവായ്പും വാത്സല്യവും പത്രോസ് മറിയം ദമ്പതികളുടെ സന്താന പരമ്പരയിൽ ഉടനീളം തെളിഞ്ഞു കാണുന്നത്.

പത്രോസ് മറിയം ദമ്പതികൾക്കു ഒമ്പതു മക്കളാണുായിരുന്നത്. നാലു പെൺമക്കളും അഞ്ചു ആൺമക്കളും. പെൺമക്കൾ ഏലി (1894), മറിയം (1897), റോസ (1905), ബനീത്ത (1909), എന്നിവരായിരുന്നു. ആൺമക്കൾ തോമസ് (1900), ചാക്കോ (1902), ഐപ്പ് (1906), മാത്യു (1910), വർക്കി (1912) എന്നിവരുമായിരുന്നു.

മകൾ ഏലിയെ വിവാഹം ചെയ്തു കോതമഗത്തു നെല്ലിമററം ഇടവക പീച്ചാട്ടു പാപ്പുവാണ്. റവ. ഫാ. തോമസ് പീച്ചാട്ടും റവ. സിസ്റ്റർ കൺസെപ്റ്റാ എസ്. ഡി. യും ഇവരുടെ മക്കളാണ്. ഫാദർ തോമസ് നല്ല പ്രായത്തിൽ വാഴക്കുഴം ഇടവക ഫൊറോനാപ്പള്ളി വികാരിയായിരിക്കേ ഹൃദയസ്തംഭനം മൂലം മരിച്ചു. ഫാ. സാവിയോ ചെറുപുഷ്പ സന്യാസസഭാംഗമാണ്. ഇപ്പോൾ പഞ്ചാബിൽ പ്രേഷിതവേല ചെയ്യുന്നു. സി. കൺസെപ്റ്റാ സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റൂട്ട് അംഗമാണ്. ഇപ്പോൾ കോതമംഗലം പ്രോവിൻസിൽ സേവനമനുഷ്ഠിക്കുന്നു. കോതമംഗലം രൂപതാ പ്രൊക്കുറേറ്ററായി ഇപ്പോൾ പ്രവർത്തിക്കുന്ന റവ. ഫാ. ജോസ് പീച്ചാട്ടു പാപ്പു ഏലി ദമ്പതികളുടെ പൗത്രനാണ്.

മറിയത്തെ ആരക്കുഴ പപ്പിള്ളിൽ അറയ്ക്കൽ ചാക്കോ വിവാഹം ചെയ്തു.

റോസ കല്ലൂർക്കാടു പുൽപ്പറമ്പിൽ വർഗീസിന്റെ ഭാര്യയാണ്. ഇവരുടെ രു പെൺമക്കൾ സന്യാസ ജീവിതം നയിക്കുന്നു.

പത്രോസിന്റെ ഇളയ മകൾ കർമ്മലീത്താ സന്യാസസഭയിൽ ചേർന്നു സി. ബനീത്ത സി. എം. സി. എന്ന പേരു സ്വീകരിച്ചു. വിവിധ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ച ശേഷം ആരക്കുഴ മഠത്തിൽ വിശ്രമ ജീവിതം നയിച്ചുവരവേ 1987 നവമ്പർ 10–ാം തീയതി കർത്താവിൽ ഭാഗ്യമരണം കൈവരിച്ചു.

## പത്രോസ് തോമസ്

പത്രോസിന്റെ മൂത്ത പുത്രനാണു തോമസ്. ബാല്യത്തിൽ തന്നെ തോമസ് പഠനത്തിലും കായികരംഗത്തും തന്റെ പ്രാഗത്ഭ്യം പ്രകടമാക്കാൻ തുടങ്ങി. തോമസിന്റെ സൗകുമാര്യവും സർവ്വോപരിശാന്തശീലവും ആരേയും ആകർഷിക്കുവാൻ പോന്നവരായിരുന്നു. തോമസിന്റെ സൽസ്വഭാവും പഠനത്തിലുള്ള താല്പര്യവും കിട്ടു മാതേയ്ക്കൽ വല്യച്ചൻ (ഫാ. ജോസഫ്) തോമസിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുകയും അവനെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു അയയ്ക്കുകയും ചെയ്തു. 1922 – ൽ ബി. എ. പാസായി. തുടർന്നു ബി. എൽ. നു പഠിക്കുകയും 1925–ൽ ഹൈക്കോർട്ടിൽ സന്നതു എടുത്തു തിരുവനന്തപുരത്ത് അഭിഭാഷകവൃത്തി ആരംഭിച്ചു. മാതേയ്ക്കൽ കുടുംബത്തിലെ എന്നല്ല ആരക്കുഴിയിലും മൂവാറ്റുപുഴ താലൂക്കിലും മാത്രമല്ല കിഴക്കൻ പ്രദേശങ്ങളിലെ തന്നെയും ആദ്യത്തെ കത്തോലിക്കാ ഉന്നതബിരുദധാരിയും അഭിഭാഷകനും എന്ന ബഹുമതിക്കർഹനാണു മി. തോമസ്. ഒരഭിഭാഷകൻ എന്ന നിലയിൽ അദ്ദേ

# LM64

ഹം പ്രകടിപ്പിച്ച സത്യസന്ധതയും  നീതിനിഷ്ഠയും അദ്ദേഹത്തെ മുൻസിഫ് മജിസ്ട്രേറ്റ്, ഡിസ്ട്രിക്ട് ജഡ്ജി എന്നീ നിലകളിലേയ്ക്കുയർത്തി. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ദൈവവിശ്വാസവും ദൈവസ്നേഹവുമാണു അദ്ദേഹത്തിന്റെ ജീവിതവിജയത്തിനു നിദാനമായിരുന്നതെന്നു നിസ്സന്ദേഹം പറയുവാൻ സാധിക്കും. ഒരഭിഭാഷകൻ എന്ന നിലയിലും ഒരു വിധിയാളൻ എന്ന നിലയിലും മാത്രമല്ല പ്രത്യുത ഒരു നല്ല സ്നേഹിതനും വിനയാന്വിതനുമെന്ന എന്ന നിലയിലും അദ്ദേഹം സകർക്കും സർവ്വാദരണീയനായിരുന്നു. ജോലിത്തിരക്കിനിടയിൽ പോലും എന്നും രാവിലെ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു അദ്ദേഹം സമയം കത്തെി. ജോലിയിൽ നിന്നും വിരമിച്ചതിനുശേഷവും എറണാകുളത്തെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ഒരു സജീവപ്രവർത്തകനായിരുന്നു അദ്ദേഹം. 1970 ഡിസമ്പർ 30–ന് പതിവുപോലെ സായാഹ്നസവാരിക്കു പോയ അവസരത്തിൽ ഹൃദയസ്തംഭനം മൂലം പെട്ടെന്നു ചരമമടയുകയാണുായത്. കുടുംബസമേതം എറണാകുളത്തു സ്ഥിരതാമസമായിരുന്നതുകൊു മൃതദ്ദേഹം എറണാകുളം ബസിലിക്കാ  സെമിത്തേരിയിൽ സംസ്ക്കരിച്ചു.

തോമസിന്റെ സഹധർമ്മിണി തൃപ്പൂണിത്തുറ വിളങ്ങാട്ടിൽ കാക്കിയുടെ മകളും റവ. ഫാ. ജോസഫ് വിളങ്ങാട്ടിലിന്റെ സഹോദരിയുമായ മറിയക്കുട്ടിയാണ്. ഈ അനുഗൃഹീത ദമ്പതികൾക്കു എട്ടു മക്കളാണുള്ളത്. ജോസഫ് (കുഞ്ഞച്ചൻ 1931), കുര്യാക്കോസ് (ബേബി 1933), മേരി (1935), റോസിലി (1937), മാത്യു (സണ്ണി 1939), പീററർ ജോൺ (ജോയി 1941), ത്രേസി (1943), ജോർജ്ജ് (1955) എന്നിവരാണു അവർ.

ഇവരിൽ മേരിയും റോസിലിയും സന്യാസസഭയിൽ ചെർന്നു. മേരി സി. ജൂഡ് ഐ. ബി. എം. വി. എന്ന പേരു സ്വീകരിച്ചു. സി. ജൂഡ് ഇപ്പോൾ അവരുടെ സഭ വക പാറ്റ്നായിലുള്ള സെന്റ് ജോസഫ്സ് സ്കൂളിന്റെ പ്രിൻസിപ്പലാണ്. റോസിലി മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ സന്യാസസഭയിൽ ചേർന്നു സി. ജോവാൻ എന്ന പേരു സ്വീകരിച്ചു. പാററ്നായിൽ കുർജി ഹോളിഫാമിലി ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേററാണു സി. ജോവാൻ ഇപ്പോൾ. ത്രേസിയെ ഞാറയ്ക്കൽ അറയ്ക്കൽ വർഗീസ് വിവാഹം ചെയ്തു. രുപേരും സാംബിയായിൽ വളരെക്കാലം കോളേജ് അദ്ധ്യാപകരായി ജോലി നോക്കിയശേഷം ഇപ്പോൾ കാക്കനാട്ടു സ്വവസതിയിൽ സ്ഥിരതാമസമാണ്. ഇവർക്കു മൂന്നു മക്കളു്. മൂത്ത മകൻ എൻജിനീയറിംഗ് വിദ്യാത്ഥിയാണ്.

# RM**65**

## തോമസ് ജോസഫ്

തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ്സ് കോളേജിൽ നിന്നും ബി. എസ്. സി. പാസ്സായശേഷം ഈശോ സഭക്കാരുടെ പാററ്നാ പ്രോവിൻസിൽ ചേർന്നു വൈദിക പഠനം ആരംഭിക്കുകയും തുടർന്നു അമേരിക്കയിൽ പോയി വൈദിക പഠനം പൂർത്തിയാക്കുകയും അവിടെ വച്ചു തന്നെ വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. മാതേയ്ക്കൽ കുടുംബത്തിൽ വിദേശത്തുപോയിട്ടുള്ള ആദ്യത്തെ വ്യക്തി എന്നുള്ള ബഹുമതി അങ്ങനെ ഫാ. ജോസഫ് മാതേയ്ക്കൽ കരസ്ഥമാക്കി. അദ്ദേഹം തന്റെ പഠനങ്ങൾ എല്ലാം പൂർത്തിയാക്കി, ഇന്ത്യയിൽ തിരിച്ചെത്തിയശേഷം ഈശോ സഭാവൈദികർ നടത്തുന്ന തിരുവനന്തപുരം തുമ്പയിലുള്ള സെന്റ് സേവ്യേഴ്സ് കോളേജിലും പിന്നീട് ഡൽഹിയിലുള്ള സെന്റ് സേവ്യേഴ്സ് കോളേജിലും അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. പിന്നീടു സാധുക്കൾക്കു നിയമോപദേശം നല്കി അവർക്കു നീതി കൈവരുത്തുക എന്ന ലക്ഷ്യം വച്ചുകൊു അദ്ദേഹം എൽ. എൽ. ബി. പാസ്സാകുകയും ആ നിലയിൽ കുറച്ചുകാലം സാധുക്കൾക്കു വേി പണിയെടുക്കുകയും ചെയ്തു. അദ്ധ്യാപക ജോലിയും അഭിഭാഷക ജോലിയുമുപേക്ഷിച്ചു ഹോമിയോ ചികിത്സ അഭ്യസിക്കയും അങ്ങനെ ഇപ്പോൾ ഹോമിയോ ഡോക്ടറായി യു. പി. യിലെ അൽമോറാ ഗ്രാമത്തിൽ സാമൂഹ്യസേവനമനുഷ്ഠിക്കുകയും ചെയ്തു പോരുന്നു.

## തോമസ് കുര്യാക്കോസ് (ബേബി) B.Sc.

ബേബിയുടെ ഭാര്യ എറണാകുളത്തു ചിറ്റേഴത്തു ആലീസ് (ലീല) ആണ്. ഇവർക്കു ഒരു മകൾ മാത്രമേയുള്ളൂ ഷെറിൻ. എം. എ. ബിരുദധാരിയായ ഷെറിൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു ഉദ്യോഗസ്ഥയാണ്. ബേബി ഇന്ത്യൻ നേവിയിൽ സിവിൽ വിഭാഗത്തിൽ ഒരുദ്യോഗസ്ഥനാണ്. എറണാകുളം കലൂരിൽ ഷേണായി റോഡിലുള്ള സ്വന്തം വീട്ടിലാണു ബേബിയും കുടുംബവും താമസിക്കുന്നത്.

## തോമസ് മാത്യു (സണ്ണി) M.Sc.

എം. എസ്. സി. പാസായശേഷം പാലാ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായി ചേരുകയും ഇപ്പോൾ അവിടെ ഗണിതശാസ്ത്ര വിഭാഗത്തിന്റെ മേധാവിയായി തുടരുകയും ചെയ്യുന്നു. പാലായിലുള്ള കിഴക്കേക്കര വർക്കിയുടെ മകൾ അന്നയാണ് സണ്ണിയുടെ ഭാര്യ. എം. എസ്. സി. വിദ്യാർത്ഥിയായ സുരേഷും ബി. എസ്. സി. വിദ്യാർത്ഥിനിയായ ബിന്ദുവും ഇങ്ങനെ രു മക്കളാണിവർക്കുള്ളത്. സണ്ണി കുടുംബസമേതം മുത്തോലിയിലുള്ള സ്വന്തം വസതിയിലാണു താമസം.

# LM66

## തോമസ് ജോൺ പീററർ (ജോയി) B.Sc.

തോമസിന്റെ മൂന്നാമത്തെ മകൻ ജോയി കൊച്ചിൻ ബാങ്കിൽ ജോലിയിൽ പ്രവേശിക്കയും, കൊച്ചിൻ ബാങ്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിച്ചപ്പോൾ കോയമ്പത്തൂരുള്ള അവരുടെ ഒരു ശാഖയിൽ മാനേജരായി തുടരുകയും ചെയ്യുന്നു. ജോയി വിവാഹം ചെയ്തിരിക്കുന്നതു പാലാ മുങ്കൽ ഇല്ലിമൂട്ടിൽ ചായിയുടെ മകൾ സെലിനെയാണ്. ഇവർക്കു രു പെൺമക്കൾ മാത്രം സ്മിതയും സീമയും. ഇവരും കലൂർ ഷേണായി റോഡിലുള്ള സ്വന്തം വീട്ടിൽ താമസിക്കുന്നു.

## തോമസ് ജോർജ് M.Sc.

ജോർജിന്റെ ഭാര്യ കുററിക്കാട്ടു കാവുങ്കൽ ആന്റണിയുടെ മകൾ സോജ യാണ്. ഇവർക്കു ഒരു പുത്രനും ഒരു പുത്രിയുമു്; സുബിൻ, സുസ്മി. എം. എസ്. സി. ബിരുദ്ധാരിയായ ജോർജ് ഇപ്പോൾ ആലപ്പുഴ താലൂക്കിൽ ചുനങ്കര ചാരുംമൂട് ഫെഡറൽ ബാങ്കിൽ ഓഫീസറാണ്.

എറണാകുളം കോൺവെന്റ് റോഡിൽ മി. തോമസ് മാതേയ്ക്കൽ സ്വന്ത പരിശ്രമം കൊുാക്കിയ വീടും പരിസരവും മാത്രമായിരുന്നു തോമസ് മറിയം ദമ്പതികളുടെ ഏക സമ്പാദ്യം. അവിടെയാണു ജോർജും കുടുംബവും അമ്മ മറിയക്കുട്ടിയും താമസിക്കുന്നത്. തോമസ് ജോലിയിൽ നിന്നും വിരമിച്ച അവ സരത്തിൽ പറയുമായിരുന്നു. എന്റെ ആകെക്കൂടിയുള്ള സമ്പാദ്യമിതാണ്. ഇത്രയും നാളത്തെ സമ്പാദ്യം – യാഥാർത്ഥ സമ്പാദ്യമെന്നു പറയാവുന്നതു എന്റെ മക്കളും അവർക്കു കൊടുക്കാൻ സാധിച്ച ഉന്നത വിദ്യാഭ്യാസവുമാണ്. അവർക്കു നല്കാൻ സാധിച്ച വിദ്യാഭ്യാസത്തിന്റെ ഫലമായി അവരെല്ലാവരും സ്വന്തനില യിൽ ജോലി കത്തെുകയും അതിന്റെ ഫലമായി അവരുടെതന്നെ പരിശ്രമം കൊ് സ്വന്തം വീടുകളും ആവശ്യമുള്ള മറ്റു ജീവിതസൗകര്യങ്ങളും സമ്പാദി ക്കുന്നതിനു സാധിക്കുകയും ചെയ്തു. അവസാനക്കാലത്തു വസ്തുവകകളോ മറ്റു സ്ഥാവര സമ്പത്തുക്കളോ അവർക്കു വിഭജിച്ചുകൊടുക്കേ ആവശ്യമു ായില്ല. ദൈവാനുഗ്രഹത്താൽ മക്കളെല്ലാവരും സാമാന്യം നല്ല നിലയൽ കഴിയു ന്നു.

ഇതെല്ലാവർക്കും ഒരു നല്ല പാഠമായിരിക്കട്ടെ. സ്വത്തു സമ്പാദിച്ചു കൂട്ടു ന്നതിനുള്ള വ്യഗ്രതയിൽ മക്കൾ അവഗണിക്കപ്പെടുകയും അവരുടെ വിദ്യാഭ്യാ സം നിഷേധിക്കപ്പെടുകയും ചെയ്യുന്ന എത്രയെത്ര മാതാപിതാക്കന്മാരെ ഇന്നു

കാണുവാൻ സാധിക്കും. ഇങ്ങനെ സമ്പാദിച്ചു കൂട്ടുന്ന സ്വത്തു അനുഭവിക്കുന്ന തിനു പലപ്പോഴും മക്കൾക്കു സാധിക്കാതെ വരുന്ന ദുരനുഭവങ്ങളും കുറവല്ല. മി. തോമസിന്റെ കുടുംബജീവിതത്തിലെ സന്തുഷ്ടിക്കും വിജയത്തിനും നിദാനം ദൈവവിശ്വാസവും ദൈവസ്നേഹവും മാത്രമായിരുന്നു. സത്യത്തിനും നീതിക്കും വേിമാത്രം അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിന്റെ അഭിഭാഷകവൃത്തിയിലും ന്യായാധിപ ജോലിയിലും എന്തെങ്കിലും വീഴ്ചവരുത്തിയതായോ തെറ്റു പറ്റിയതായോ ആരും ഒന്നും പറഞ്ഞു കേൾക്കാനിടവന്നിട്ടില്ല. ഇന്നാണെങ്കിൽ ഈ രംഗങ്ങളിൽ എന്തു മാത്രം അനീതിയും അഴിമതികളും നടക്കുന്നു. മി. തോമ സിന്റെ കുടുംബജീവിതമെല്ലാം എല്ലാ മാതേയ്ക്കന്മാർക്കും ഒരു മാതൃകയായി ഭവിക്കട്ടെ. മഹാന്മാരുടേയും മഹത്തുക്കളുടേയും ഓർമ്മ നിലനിർത്തുന്നതിനു പല തരത്തിലുള്ള സ്മാരകങ്ങൾ നിർമ്മിക്കുക സാധാരണമാണ്. മി. തോമസിന്റെ ഓർമ്മ നിലനിറുത്തുന്നതിനുവേി ആരക്കുഴയുള്ള ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹൈസ്ക്കൂളുകളിൽ എസ്.എസ്. എൽ. സി. ക്കു ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്കു ഉപരിപഠനത്തിനു രു വർഷ ത്തേയ്ക്കു 300 രൂപ വീതം സ്ക്കോളർഷിപ്പ് നല്കുന്നതിനാവശ്യമായ ഒരു എൻഡോവുമെന്റ് സ്ഥാപിച്ചിട്ടുള്ള കാര്യം എടുത്തു പറഞ്ഞുകൊള്ളട്ടെ.

## മാതേയ്ക്കൽ (തെക്കും മലയിൽ) പത്രോസ് ചാക്കോ

പിതാവു പത്രോസിന്റെ മരണശേഷം കുടുംബകാര്യം എല്ലാം അന്വേഷി ച്ചിരുന്നതു മകൻ ചാക്കോ ആയിരുന്നു. ചാക്കോ വിവാഹം ചെയ്തിരുന്നതു മൈലക്കൊമ്പു ഇടവക അമന്തൂരുത്തിൽ മാണിയുടെ മകൾ മറിയത്തെ (മാ മ്മി) ആണ്. ആരക്കുഴ പഞ്ചായത്തിലെ പ്രഥമ കമ്മറ്റിയിൽ എതിരില്ലാതെ തെര ഞ്ഞെടുക്കപ്പെട്ട ഏക അംഗം ചാക്കോ ആണെന്നു പറയുമ്പോൾ അദ്ദേഹം ഏവർക്കും സുസമ്മതനായ ഒരു വ്യക്തിയായിരുന്നുവെന്നു വ്യക്തമാണല്ലോ. അതുപോലെ തന്നെ പലപ്രാവശ്യം സഹകരണസംഘത്തിന്റെ ഭരണ സമിതി യിലെ അംഗവുമായിരുന്നിട്ടു്. 1966–ൽ ഉായ ഹൃദ്രോഗബാധയെ തുടർന്നു വിശ്രമജീവിതം നയിച്ചിരുന്ന ചാക്കോ 1989 ജൂൺ 25–ാം തീയതി ഈ ലോക വാസം വെടിഞ്ഞു. ഭാര്യ മാമ്മി 1982 ഡിസംബർ 31–നു മരണമടഞ്ഞതാണു.

ഈ ദമ്പതികൾക്കു എട്ടു മക്കളാണുള്ളതു. മറിയക്കുട്ടി (1924), പീററർ (1926), ത്രേസ്യാക്കുട്ടി (1929), അന്നക്കുട്ടി (1931), ജോസഫ് (കുഞ്ഞച്ചൻ 1933), തൊമ്മച്ചൻ (1935), മാത്യു (മത്തായിക്കുഞ്ഞ് 1937), എൽസി (1939).

അനാരോഗ്യം മൂലം മറിയക്കുട്ടി അവിവാഹിതയായി വീട്ടിൽ കഴിയുന്നു. ത്രേസ്യാക്കുട്ടിയെ നെല്ലിമറ്റം ഇടവക പീച്ചാട്ടു വർക്കി മകൻ തോമസ് വിവാഹം

ചെയ്തു. ത്രേസ്യാക്കുട്ടി 45–ാമത്തെ വയസ്സിൽ പെട്ടെന്നുായ അസുഖം മൂലം അകാലചരമമടഞ്ഞു. അന്നക്കുട്ടിയെ ആനിക്കാടു കണിമറ്റത്തിൽ മാണി മകൻ ജോസഫാണു വിവാഹം ചെയ്തിരിക്കിന്നതു. ഏറ്റവും ഇളയ മകളായ എൽസി പാറ്റ്നാ മിഷനിൽ ചേർന്നു സന്യാസജീവിതം നയിക്കുന്നു. പുതിയ പേര് സിസ്റ്റർ ജെറീന ഐ. വി. എം. ബി. എന്നാണു ഇപ്പോൾ നേപ്പാളിൽ പ്രേഷിത പ്രവർത്തനം നടത്തിവരുന്നു.

## ചാക്കോ പീറ്റർ

പീറ്ററിന്റെ ഭാര്യ ഏഴല്ലൂർ ഇടവക തയ്യിൽ ആഗസ്തി മകൾ ഏലിക്കുട്ടി യാണ്. ഇവർക്കു അഞ്ചു മക്കളു്. തോമസ് (ടോമി 1952), മേരി (1955), ജെയിംസ് (1959), ലിസി (1962), അഗസ്റ്റിൻ (ബാബു 1968).

തോമസ് വിവാഹം ചെയ്തിരിക്കുന്നതു കുളപ്പറച്ചാൽ ഇടവക ചുക്കു ഴിയിൽ മത്തായിയുടെ മകൾ ഗ്രേസിയെയാണ്. ഷൈൻ, ഷിജൊ, ഷെറിൻ എന്നീ മൂന്നു മക്കളാണിവർക്കുള്ളത്.

ജയിംസ് കലയന്താനി ഇടവക അരയത്തു പുത്തൻപുരയിൽ ഷേർളിയെ യാണു വിവാഹം കഴിച്ചിരിക്കുന്നത്. ഇവർക്കു രു മക്കളു്. മീനാ, ഏലീശ്വാ. ജയിംസ് മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി വക ക്രംബ് റബ്ബർ ഫാക്ട റിയുടെ ഫോർമാനാണ്. ഭാര്യ ഷേർളി എം. എസ്. സി., ബി. എഡ്. അദ്ധ്യാപിക യും.

ബാബു മാതാപിതാക്കന്മാരെ സഹായിച്ചു അവരോടുകൂടി കഴിയുന്നു. പീറ്റ റിന്റെ ഇളയ മകൾ ലിസി ആരാധനാ സന്യാസസഭയിൽ ചേർന്നു സി. ലീനാ എന്ന പേരു സ്വീകരിച്ചു. മൂത്ത മകൾ മേരി പള്ളിക്കാമുറി ഇടവക പറയൻനി ലത്തു ഫ്രാൻസീസിന്റെ ഭാര്യയാണ്.

## ചാക്കോ ജോസഫ് (കുഞ്ഞച്ചൻ)

മുട്ടുചിറ മുരിക്കൽ ഔസേപ്പച്ചന്റെ മകൾ ഏലമ്മയെയാണു വിവാഹം ചെയ്തിരിക്കുന്നതു. ഇവർക്കു രു പുത്രന്മാർ മാത്രമേയുള്ളൂ. ജോസഫ് ബി. എ. (റോയ്, 1957), ബിനോയി. റോയി ചേന്ദമംഗലം ഇടവക കൊടിൻ തോമ സിന്റെ മകൾ ഗ്ലാഡിസ് ബി. കോം–നെ വിവാഹം ചെയ്തു. ബിനോയി മാതാപി താക്കന്മാരെ സഹായിച്ചു അവരുടെ കൂടെ താമസിക്കുന്നു.

# RM **69**

## ചാക്കോ തോമസ് B.Sc., B.Ed.

കോട്ടൂർ മത്തായിയുടെ ഏക പുത്രി കുട്ടിയമ്മയെ വിവാഹം ചെയ്തു അവിടെത്തന്നെ താമസിക്കുന്നു. ജസി, ജോസ്, ജോളി എന്നീ മൂന്നു മക്കളാണ വർക്കുള്ളത്. ജസിയെ അറക്കുളത്തു കട്ടക്കയം ചാക്കോ മകൻ തോമസും ജോളിയെ അരുവിത്തുറ വയം പോത്തനാൽ (വലിയവീട്ടിൽ) ജോർജ്ജിന്റെ മകൻ ഔസേപ്പച്ചനും വിവാഹം ചെയ്തു. തോമസിന്റെ ഏക പുത്രൻ ജോസ് എം. ടെക് കഴിഞ്ഞു ബോംബയിൽ ടാറ്റാകമ്പനിയിൽ എൻജിനീയറായി ജോലി ചെയ്യുന്നു. തോമസ് മലപ്പുറത്തു ഗവർമ്മെു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തു.

## ചാക്കോ മാത്യു

മാത്യുവിന്റെ സഹധർമ്മിണി കുറുപ്പംതറ നൂറോക്കരി വാവച്ചന്റെ മകൾ ലീലമ്മയാണ്. മാത്യു കോതമംഗലം സെന്റ് ജോർജ്ജസ് ഹൈസ്ക്കൂളിലും ലീലമ്മ മൂവാറ്റുപുഴ നിർമ്മല ഹൈസ്ക്കൂളിലും അദ്ധ്യാപകരാണ്. ഇവർക്കു രു പുത്രി മാർ മാത്രമേയുള്ളൂ, ലതയും ദീപയും. ദീപാ, നിർമ്മലാ കോളേജിൽ ഡിഗ്രിക്കു പഠിക്കുന്നു. ലത വിവാഹിതയായി.

## മാതേയ്ക്കൽ തെക്കും മലയിൽ (കുറിഞ്ഞിക്കാനം) പത്രോസ് ഐപ്പ്

പത്രോസിന്റെ ആൺമക്കളിൽ രാമനായ ഐപ്പ് അല്പം വാശിക്കാരനും ചിട്ടക്കാരനുമായിരുന്നു. ദുർവാസിയായിരുന്നില്ല. ശരിയെന്നു തനിക്കു ബോധ്യ പ്പെട്ട കാര്യം ചെയ്തേ അടങ്ങൂ. അത്രമാത്രം. ഐപ്പിന്റെ പത്നി കടവൂർ ഇടവക പിട്ടാപ്പിള്ളിൽ തൊമ്മന്റെ മകൾ ഏലീശ്വാ ആയിരുന്നു. ഇവർക്കു മൂന്നു മക്കളാ ണുായിരുന്നതു. ജോസ് (1938), മേരി (1940), സിസിലി (1943). മേരി കർമ്മ ലീത്താ സന്യാസിനീസഭാംഗമായി സി. റാണിറ്റ സി. എം. സി. എന്ന പേരു സ്വീക രിച്ചു. ഇപ്പോൾ ആരക്കുഴ മഠം വക സ്ക്കൂളിൽ അദ്ധ്യാപകവൃത്തിയിൽ ഏർപ്പെ ട്ടിരിക്കുന്നു. സിസിലിയെ അരുവിത്തുറ കൊട്ടുകാപ്പിള്ളിൽ അഭിഭാഷകനായ ജേക്കബ് വിവാഹം ചെയ്തു. എം. എസ്. സി. ബിരുദധാരിയായ സിസിലി മൂവാ റ്റുപുഴ നിർമ്മല കോളേജിൽ ജോലി ചെയ്തു കൊിരിക്കുമ്പോഴാണു വിവാഹം നടന്നത്. ഇപ്പോൾ ജോലിക്കു പോകുന്നില്ല. ഐപ്പ് 1985 ജൂൺ 16–ാം തീയതി നിര്യാതനായി.

# LM70

## ഐപ്പ് ജോസ്

ഐപ്പിനു ഒരു മകൻ മാത്രമേ ഉായിരുന്നുള്ളൂ. ജോസ് വിവാഹം ചെയ്തിരുന്നതു കോതമംഗലം തെക്കേക്കുന്നേൽ വർക്കിയുടെ മകൾ രാജമ്മയെയാണ്. ഇവർക്കു ഏഴു മക്കളു്.പീറ്റർ (ഷാജി 1961), മേരി (ഷൈനി 1963). ഏലീശ്വാ (ഷൈജാ 1965), ത്രേസ്യ (ഷിൽസി 1967), മരിയ (ഷീല 1969), ജോർജ്ജ് (ഷജിൻ 1972), സെബാസ്റ്റ്യൻ (ഷിന്റോ 1974).

ജോസ് തന്റെ 48–ാമത്തെ വയസ്സിൽ കാൻസർ രോഗം മൂലം 1985 ആഗസ്റ്റ് 16–ാം തീയതി നിര്യാതനായി. അതോടെ ജോസിന്റെ മൂത്ത മകൻ ഷാജി കുടുംബഭാരം മുഴുവനും ഏറ്റെടുത്തു. അവന്റെ സൽസ്വഭാവവും വേതു നോക്കിക്കു ചെയ്യുന്നതിനുള്ള പ്രത്യേക കഴിവും രുകൊല്ലംകൊു കുടുംബത്തിനു കാര്യമായ പുരോഗതിയും അഭിവൃദ്ധിയും കൈവരുത്തി. പിതാവിന്റെ അകാല നിര്യാണത്തോടെ കുടുംബം നേരിടേിവന്ന ദുരവസ്ഥയെ കമക്കിലെടുക്കാതെ സ്വന്തം കാഴ്ചപ്പാടിൽ തന്റെയും  തന്റെ ഇളയ സഹോദരങ്ങളുടെയും ഭാവിയെ ശോഭനമായി കരുപ്പിടിപ്പിക്കുന്നതിനു പദ്ധതികൾ തയ്യാറാക്കിവരവേ ഷാജി പെട്ടെന്നുായ അസുഖം മൂലം അമ്മായി സിസിലിയുടെ വീട്ടിൽ വച്ചു 1988 ഫെബ്രുവരി 27–നു തന്റെ 27–ാമത്തെ വയസ്സിൽ മരണമടഞ്ഞു. ദൈവത്തിന്റെ വഴികൾ നിഗൂഢമാണല്ലോ – Man purposes and God disposes. ആകസ്മികമായുായ ഈ ആഘാതത്തിൽ നിന്നു കുടുംബം ഇനിയും ഉണർന്നു എഴുന്നേറ്റുവരുന്നതേയുള്ളൂ.

ഷൈനി നേഴ്സിംഗ് കഴിഞ്ഞു ഇപ്പോൾ ബോംബയിൽ ജോലി ചെയ്യുന്നു. ഷൈജാ ആരക്കുഴ ഗേൾസ് സ്ക്കൂളിലെ ഒരു അദ്ധ്യാപികയാണ്. ഷിൽസി ബി. എസ്. സി. പാസ്സായശേഷം ഇപ്പോൾ പോിച്ചേരിയിൽ ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു. ഷീലാ നേഴ്സിംഗ് പഠിച്ചുകൊിരിക്കുന്നു. ഇളയ കുട്ടികൾ സ്ക്കൂളിൽ പഠിക്കുന്നു. അങ്ങനെ ജോസിന്റെ വിധവയായ രാജമ്മയിൽ തന്റെ എല്ലാ മക്കളുടേയും വിവാഹക്കാര്യവും കുടുംബഭാരവും നിക്ഷിപ്തമായിരിക്കുകയാണ്.

## **മാതേയ്ക്കൽ** (തെക്കും മലയിൽ) **പത്രോസ് മാത്യു**

1910– ൽ മാതേയ്ക്കൽ പത്രോസ് മറിയം ദമ്പതികൾക്കു തങ്ങളുടെ എട്ടാമത്തെ മകൻ ജനിച്ചപ്പോൾ ആരും വിചാരിച്ചുകാണുകയില്ല കൊല്ലങ്ങളായി മാതേയ്ക്കൽ കുടുംബത്തിൽ നിലവിലിരുന്ന  ഒരു പാരമ്പര്യം ഈ കുഞ്ഞും നിലനിർത്തുമെന്നു. അതേപ്പറ്റി ചിന്തിച്ചിട്ടോ ചിന്തിക്കാതെയോ എന്നറിയില്ല കുഞ്ഞിനു മത്തായി എന്നു പേരിട്ടു. പത്രോസിന്റെ സഹോദരനായ (ഇരട്ടകളിൽ ഒന്നു)

പൗലോസിനും ഏതാ് ഇതേ പ്രായമുള്ള ഒരു മകനുായിരുന്നു. അവന്റേയും പേര് മത്തായി എന്നുതന്നെ. ഇവർ തമ്മിൽ ഏതാനും മാസങ്ങളുടെ മൂപ്പു വ്യത്യാസമേ ഉായിരുന്നുള്ളൂ. ഏതായാലും സമപ്രായക്കാരായ രു കുഞ്ഞു മത്തായിമാരും ഒരു ഞെട്ടിലെ രു പൂക്കൾ പോലെ വളർച്ചയിലും കളിയിലും സർവ്വോപരി പഠനത്തിലും ഒന്നുപോലെതന്നെ. രുപേരും അവരുടെ പ്രഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി ആലുവ സെന്റ് മേരീസ് ഹൈസ്ക്കൂളിൽ ചേർന്നു. ഇതിനിടയിൽ ഇരുവർക്കും ഒരു പുതിയ ആശയം കർമ്മലീത്ത ആശ്രമത്തിൽ ചേരണമെന്നു. ഈ ആശയം സ്വമേധയ ഉായതാണോ അതോ അന്നു കർമ്മലീത്താ സഭയിലുള്ള തങ്ങളുടെ കാരണവർ റവ. ഫാ. മാത്യു മാതേയ്ക്കൽ സി. എം. ഐ. നിർദ്ദേശിച്ചതാണോ എന്നു നിശ്ചയമില്ല. ഏതായാലും രുപേരും സന്യാസാർത്ഥികളായി (aspirants) വേഷമിട്ടു. സ്കൂൾ ഫൈനൽ കഴിഞ്ഞപ്പോൾ ഇതത്ര പറ്റിയതല്ല ഏന്നു തോന്നിയിട്ടായിരിക്കാം പൗലോസ് മാത്യു ഈ ആശയം പൂർണ്ണമായി ഉപേക്ഷിച്ചു. എന്നാൽ പത്രോസ് മാത്യു ആശ്രമജീവിതം വേന്നെു വച്ചെങ്കിലും വൈദികനാകണമെന്നുള്ള ആഗ്രഹവും നിശ്ചയവും കൈവിട്ടില്ല. അന്നത്തെ രൂപതാദ്ധ്യക്ഷൻ കത്തിൽ ആഗസ്തിനോസ് മെത്രാപ്പോലീത്തായെ സമീപിക്കയും അദ്ദേഹം കുഞ്ഞുമത്തായിയിൽ ഒളിഞ്ഞു കിടന്നിരുന്ന സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കിയിട്ടെന്നവണ്ണം കുഞ്ഞുമത്തായിയെ മൈനർ സെമിനാരി സ്വീകരിക്കുകയും ചെയ്തു. രു കൊല്ലത്തെ മൈനർ സെമിനാരി ജീവിതം പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ കുഞ്ഞുമത്തായിയുടെ പഠനസാമർത്ഥ്യവും വിനയഭാവവും ലീളിത്യവും പിതാവു നേരിട്ടു കറിയുകയും അതിന്റെ ഫലമായി കുഞ്ഞുമത്തായിയെ കാൻഡി സെമിനാരിയിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. അന്നു കാനഡിസെമിനാരിയിൽ പഠിക്കാൻ അവസരം കിട്ടുക എന്നു പറഞ്ഞാൽ ആ സെമിനാരിക്കാരൻ എല്ലാവർക്കും എല്ലാറ്റിനും വേപ്പെട്ടവൻ എന്നാണർത്ഥം. ഒരസുലഭനേട്ടമായിട്ടാണു അതിനെ കുഞ്ഞുമത്തായി കാൻഡി പൊന്തിഫിക്കൽ സെമിനാരിയിലെത്തി. സാധാരണ രീതിയിൽ കാൻഡി സെമിനാരിയിൽ ചേർന്നാൽ പഠനം പൂർത്തിയാക്കി പുരോഗിതനായേ മടങ്ങിപ്പോരാൻ സാധിക്കയുള്ളൂ.സ്വന്തം പിതാവോ മാതാവോ അത്യാസന്നനിലയിലാണു അല്ലെങ്കിൽ മരിച്ചുവെന്നറിഞ്ഞാൽ മാത്രമേ പതിവിനു വിപരീതമായി നാട്ടിൽ പോരാൻ പററുകയുള്ളൂ. ഈ വസ്തുതകൾ ശരിക്കുമറിയാമായിരുന്ന മാത്യു ശെമ്മാശ്ശൻ തന്റെ മാതാപിതാക്കളോടും സഹോദരങ്ങളോടും യാത്ര പറഞ്ഞു പിരിഞ്ഞ രംഗം നമുക്കൂഹിക്കാവുന്നതാണല്ലോ. കാൻഡിയിൽ തന്നെ സ്വീകരിക്കാൻ തയ്യാറായി അന്നവിടെ പഠിച്ചുകൊിരുന്ന പോത്തനാമൂഴിയിൽ മാത്യു ശെമ്മാശ്ശൻ (പിന്നീടു കോതമംഗലം പ്രഥമമെത്രാൻ), പരവര പീറ്റർ ശെമ്മാശ്ശൻ തുടങ്ങിയവരെ കപ്പോൾത്തന്നെ നമ്മുടെ മാത്യു ശെമ്മാശ്ശനു അല്പം ആശ്വാസമായി. തുടർന്നു അവർ തന്നോടു കാണിച്ചുപോന്ന സൗഹൃദവും സ്നേഹവും കുറച്ചു ദിവസങ്ങൾകൊ് തന്റെ വിഹരദുഃഖം മുഴു

വനും തുടച്ചുമാറ്റി. പോത്തനാമൂഴി മാത്യു ശെമ്മാശ്ശൻ തനിക്കു ഒരു പിതാവിനെപ്പോലെയും സഹോദരനെപ്പോലെയുമായിരുന്നുവെന്നു പിന്നീടു മത്തായി അച്ചൻ പറഞ്ഞു കേട്ടിട്ടു്. പോത്തനാമൂഴി ശെമ്മാശ്ശന്റെ ഈ പ്രത്യേക വാത്സല്യവും പരിഗണനയും അദ്ദേഹം കോതമംഗലം മെത്രാനായതിനുശേഷവും മാതേയ്ക്കൽ മത്തായി അച്ചനോടു പ്രകടമാക്കിയിരുന്നുവെന്നതു പരസ്യമായ ഒരു രഹസ്യം മാത്രമാണ്.

1929 മുതൽ 1936 –ൽ താൻ പുരോഗിതനാകുന്നതുവരെയുള്ള തന്റെ സെമിനാരി ജീവിതം മാതൃകാപരവും മറ്റുള്ളവർക്കു ഉത്തേജകവുമായിരുന്നുവെന്നു മത്തായിയച്ചന്റെ സഹപാഠികൾ പറഞ്ഞു കേട്ടിട്ടു്.1936 ആഗസ്റ്റ് 30–ാം തീയതി പൗരോഹിത്യം സ്വീകരിച്ചു നാട്ടിൽ തിരിച്ചെത്തിയ മത്തായി അച്ചനെ ആദ്യമായി എറണാകുളം കത്തീഡ്രൽ പള്ളിയിൽ അസ്തേന്തി ആയി നിയമിച്ചു. പിന്നീടു കുറച്ചുകാലം കല്ലൂർക്കാടു പള്ളിയിലും അസ്തേന്തി ആയിരുന്നു. അതിനുശേഷം അദ്ദേഹത്തെ കറുകുറ്റി പള്ളിയുടെ വികാരിയായി നിയമിച്ചു. കറുകുറ്റിയിൽ വികാരി ആയിരിക്കുമ്പോഴാണ് അദ്ദേഹം എടക്കുന്നിൽ ഒരു കുരിശുപള്ളി തുടങ്ങയത്. ദൈവത്തിന്റെ പരിപാവനയിൽ ആ കുരിശുപള്ളിയെ പിന്നീടു ഒരു വലിയ ദൈവാലയമാക്കിത്തീർക്കേ വിധത്തിൽ എടക്കുന്നു ഇടവക വളർന്നു എന്നു മാത്രമല്ല പിൽക്കാലങ്ങളിൽ എടക്കുന്നു നസ്രത്തു സന്യാസസഭയുടെ ജന്മഭൂമിയാകുകയും പ്രസ്തുത സഭയുടെ മാതൃഭവനത്തിന്റെയും അതിന്റെ മേൽനോട്ടത്തിൽ നിരവധി സാമൂഹ്യ പ്രേഷിതപ്രവർത്തനസ്ഥാപനങ്ങളുടെയും ആസ്ഥാനമാകുകയും ചെയ്തു. ബ. മത്തായിയച്ചനെ ഇന്നും ആ നാട്ടിലെ പ്രായമായവർ സ്മരിക്കുന്നു. കറുകുറ്റി വിട്ടതിനുശേഷം ബ. മത്തായി അച്ചൻ കുറുപ്പം പടി, മുതലക്കോടം, അങ്കമാലി എന്നീ ഇടവകകളിൽ വികാരിയായി സ്തുത്യഹമായ സേവനം അനുഷ്ഠിച്ചിട്ടു്. അക്കാലത്താണ് കുറുപ്പംപടിയിലും നെടുങ്ങപ്രയിലും ഓരോ പള്ളിയുടെ ആവശ്യം ജനങ്ങൾക്കു ബോധ്യമാക്കിക്കൊടുത്തത്. അങ്കമാലി വികാരി ആയിരിക്കുന്ന കാലത്താണ് കോതമംഗലം രൂപത രൂപംകൊള്ളുന്നത്. ഈ പുതിയ രൂപതയ്ക്കു ജന്മം നൽകുന്നതിനു രഹസ്യമായും പരസ്യമായും പരിശ്രമിച്ച ചുരുക്കം ചില വ്യക്തികളിൽ ഒരാളായിരുന്നു ബ. മത്തായി അച്ചൻ.

രൂപതാവിഭജനക്കാലത്തു മൂവാറ്റുപുഴ നിർമ്മലാകോളേജിന്റെ സ്ഥിതി അല്പം അങ്കലാപ്പിലായിരുന്നു എന്നു പറയേയിരിക്കുന്നു. ഈ ക്ഷീണം നികത്തിയെടുക്കുന്നതിനു നിയുക്തനായിരുന്നതു ബ. മത്തായി അച്ചനാണ്. കോളേജിന്റെ നിർമ്മാണച്ചുമതല മുഖ്യമായും മത്തായി അച്ചന്റെ ചുമലിലായിരുന്നു. പുതിയ കോതമംഗലം രുപതാദ്ധ്യക്ഷൻ പോത്തനാമൂഴി പിതാവും മത്തായി അച്ചനും കൂടി വീടുകൾ കയറിയിറങ്ങി പിരിവു നടത്തിയ ചിത്രം ഇന്നും മായാതെ ചിലരുടെ മനസ്സിലെങ്കിലുമുകാകും. നിർമ്മാണപ്രവർത്തനത്തോടൊപ്പം കോളേ

ജിലെ ആരംഭകാലക്ലാസ്സുകളിൽ അദ്ധ്യാപകനായും ബ. മത്തായി അച്ചൻ പ്രവർത്തിച്ചിട്ടു്.

കോളേജിന്റെ പ്രവർത്തനങ്ങൾ ഒരുവിധം ക്രമത്തിലായപ്പോൾ ബ. മത്തായി അച്ചനെ വീും രൂപതയുടെ ആദ്ധ്യാത്മികരംഗത്തേയ്ക്കു തിരിച്ചുവിട്ടു. പുതിയ രൂപതയെന്നനിലയിൽ ആ രംഗത്തും മത്തായി അച്ചനെ വളരെ ആവശ്യമാണെന്നു തോന്നിയതുകൊണ്ടു അങ്ങനെ ചെയ്യാൻ പിതാവു പ്രരിതനായതു. അങ്ങനെ ബ. മത്തായി അച്ചൻ കലയന്താനി, കരിമണ്ണൂർ, വാഴക്കുളം, കോതമംഗലം കത്തീഡ്രൽ, മൈലക്കൊമ്പ്, ആരക്കുഴ, അവസാനം ആനിക്കാടു എന്നീ ഇടവകകളിൽ അന്നാട്ടുകാർക്കു മറക്കാനാവത്തവിധം തന്റെ സേവനമുദ്ര പതിച്ചിട്ടു്. അദ്ദേഹത്തിന്റെ അവസാന സേവനരംഗമായ ആനക്കാട്ടെ റോഡരികിൽ അദ്ദേഹം പണികഴിപ്പിച്ച ആധുനിക രീതിയിലുള്ള കപ്പേള അദ്ദേഹത്തിന്റെ ഒരു സ്മാരകമായി നിലകൊള്ളുന്നു. അദ്ദേഹം മൺമറഞ്ഞെങ്കിലും ജോലി നോക്കിയിട്ടുള്ള രംഗങ്ങളിലെല്ലാം അവിടത്തെ ജനങ്ങളുടെ മനസ്സിൽ ഇന്നും അദ്ദേഹം ജീവിക്കുന്നു എന്നു പറഞ്ഞാൽ അതൊട്ടും അതിശയോക്തിയാകുകയില്ല. അസുഖവും വാർദ്ധക്യവും ഒരുപോലെ തന്നെ കടന്നാക്രമിച്ചപ്പോൾ, വിശ്രമജീവിതത്തിനായി രൂപതവക വാഴപ്പിള്ളിയിലുള്ള ശാന്തിഭവനിലേയ്ക്കു (വൃദ്ധവൈദിക മന്ദിരം) താമസം മാറ്റി. അവിടെ കുറച്ചു മാസങ്ങൾ ചികിത്സയിലും പ്രാർത്ഥനയിലും കഴിഞ്ഞുകൂടി. 1984 ആഗസ്റ്റ് 25–ാം തീയതി വെള്ളിയാഴ്ച രാവിലെ പതവുപോലെ ദിവ്യബലി അർപ്പിക്കുന്നതിനു കപ്പേളയിലെത്തി. ഒരുക്കമായിട്ടുള്ള ധ്യാനവും പ്രാർത്ഥനയും നടത്തികൊിരിക്കുന്നതിനിടയിൽ അദ്ദേഹം ഇരുന്നിരുന്ന കസേരയിൽ നിന്നും ഒരു വശത്തേയ്ക്കു ചായുന്നതുകു അടുത്തുായിരുന്ന സിസ്റ്റർ താങ്ങുകയും അവിടെ ഉായിരുന്നവരെല്ലാം കൂടി അദ്ദേഹത്തെ എടുത്തു പുറത്തു കിടത്തുകയും ചെയ്തു. അന്ത്യകൂദാശകൾ കൊടുക്കുന്നതിനോടൊപ്പം ആ നിർമ്മലാത്മാവു നിത്യസമ്മാനത്തിനായി ദിവ്യനാഥന്റെ പക്കലേയ്ക്കുയർന്നു. ജീവിതം പോലെ മരണം എന്ന ചൊല്ല് എത്ര അർത്ഥവത്താണ്. അനാർഭാട ജീവിതത്തിന്റെ ഉടമയായിരുന്ന ബ. മത്തായി അച്ചൻ, ആർഭാടരഹിതമായ മരണത്തിന്റേയും ഉടമയായിത്തീർന്നു. മൃതദേഹം സഹോദരനായ ചാക്കോയുടെ ഭവനത്തിലേയ്ക്കു കൊുപോയി. സഹപാഠിയല്ലെങ്കിലും സഹസെമിനാരിയനും സ്നേഹിതനുമായിരുന്ന കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി വീട്ടിലെത്തി മൃതദേഹം സന്ദർശിച്ചു പ്രാർത്ഥിച്ചു. പിറ്റേദിവസം കോതമംഗലം മെത്രാൻ മാർ ജോർജ് പുന്നക്കോട്ടിലിന്റെ പ്രധാന കാർമ്മികത്വത്തിൽ ആരക്കുഴ പള്ളിയിൽ സാംസ്ക്കാരശുശ്രൂഷയും നടത്തി. തദവസരത്തിൽ അഭിവന്ദ്യപിതാവു പറഞ്ഞ ഒരു കാര്യം ഇവിടെ സ്മർത്തവ്യമാണ്. ''ബ. മത്തായി അച്ചൻ ഒരു മാതൃകാവൈദികനായിരുന്നു. വിനയത്തിലും ലാളിത്യത്തിലും സർവ്വോപരി അധികാരവിധേയത്വത്തിലും അദ്ദേഹത്തെ വെല്ലാൻ

അധികം ആരുമുന്നെു തോന്നുന്നില്ല. 'തനിക്കുവേിയല്ല, എല്ലാം മറ്റുള്ള വർക്കും ദൈവമഹത്വത്തിനും വേി' ഇതായിരുന്നു അദ്ദേഹത്തിന്റെ ജീവിത ശൈലി. ഇതെല്ലാ വൈദികരും അംഗീകരിച്ചിരുന്നെങ്കിൽ.''

## **മാതേയ്ക്കൽ** (തെക്കും മലയിൽ) **പത്രോസ് വർക്കി**

പത്രോസിന്റെ ഇളയ പുത്രനായ വർക്കിയാണു തറവാട്ടിൽ താമസിക്കുന്നത്. വർക്കിയുടെ ഭാര്യ വടകര കണിയാമറ്റത്തിൽ ആഗസ്തി മകൾ അന്നമ്മയാണ്. ഇവർക്കു ഏട്ടു മക്കളാണുള്ളത്. ജോസ് (1938), പീറ്റർ (സണ്ണി 1941), മേരി (1947), ഫിലോമിന (1949), ത്രേസ്യ (1953), മരിയ ലൂസി (1955), ആനീസ് (1957), പയസ് (1959).

മേരിയും ത്രേസ്യയും കർമ്മലീത്താസന്യാസസഭയിൽ ചേർന്നു സി. ഫിദേലിസ് എന്നും സി. കുസുമം എന്നും യഥാക്രമം പേരുകൾ സ്വീകരിച്ചു. സി. ഫിദേലിസ് ഇപ്പോൾ സഭയുടെ കേന്ദ്രഭരണ സമിതിയിലെ ഒരംഗമാണ്. കൂടാതെ നവസന്യാസിനികളുടെ ഗുരുത്തിയും. സി. കുസുമം അദ്ധ്യാപകവൃത്തിയിൽ കഴിയുന്നു. ഫിലോമിനയെ വിവാഹം ചെയ്തിരിക്കുന്നതു കട്ടിനാൾ പാറേക്കാട്ടിലിന്റെ സഹോദരപൗത്രനായ പി.ജെ. തോമസാണ്. തോമസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എറണാകുളം ശാഖയിൽ ഓഫീസറാണ്. ഫിലോമിന ഇടപ്പള്ളി സെ. ജോർജ്ജസ് ഹൈസ്ക്കൂൾ അദ്ധ്യാപികയാണ്. വാഴക്കുളം ഓലിക്കൽ മെഡിക്കൽസിന്റെ ഉടമയായ ജോയി ഓലിക്കലാണ് ലൂസിയുടെ ഭർത്താവ്. മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് ഹൈസ്ക്കൂൾ അദ്ധ്യാപികയായ ആനീസിനെ വിവാഹം ചെയ്തിരിക്കുന്നതു മുതലക്കൊടം ഇടവക കൊച്ചുപറമ്പിൽ പൈലിയുടെ മകൻ ബേബിയാണ്. ബേബി ഫെഡറൽ ബാങ്ക് ഓഫീസറാണ്.

## **വർക്കി ജോസ്**

കലയന്താനി ഇടവക പള്ളിക്കമ്യാലിൽ വർക്കിയുടെ മകൾ സിസിലിയെയാണ് ജോസ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്കു രാണും നാലുപെണ്ണുമുൾപ്പെടെ ആറു മക്കളാണുള്ളത്. ജോർജ് (ജോബി 1963), മേരി അൽഫോൻസാ (ജസി 1964), സ്റ്റെല്ലാ മരിയ (1967), കൊച്ചുത്രേസ്യാ (മിനി 1969), വിൻസെന്റ് (1970), ലീന (1972). ജോസും കുടുംബവും ഇപ്പോൾ മലബാറിൽ തോട്ടുമുഖം എന്ന സ്ഥലത്താണു താമസിക്കുന്നത്. പുൽപ്പള്ളിയിൽ പുല്ലാന്താനിക്കൽ ജോസഫിന്റെ മകൾ റൂബിയെ വിവാഹം ചെയ്തു ജോബി മാതാപിതാക്കളെ സഹായിച്ചുകൊു അവരുടെ കൂടെത്തന്നെ താമസിക്കുന്നു. ജസ്സിയെ തോട്ടുമുഖം വാത്തോലിൽ ജോസഫിന്റെ മകൻ ജോസ് കല്യാണം കഴിച്ചു. സ്റ്റെല്ലായെ തിരുവാ

മ്പാടി കുമ്മായത്തൊട്ടിയിൽ ജോസ് വിവാഹം ചെയ്തു. വിൻസന്റ് ഡോൺ ബോസ്കോസഭയിൽ ചേർന്നു ഇപ്പോൾ കൽക്കട്ടയിലുള്ള അവരുടെ സെമിനാരിയിൽ പഠിക്കുന്നു. മറ്റു കുട്ടികളെല്ലാം കോളേജ് വിദ്യാർത്ഥികളാണ്.

## **വർക്കി പീറ്റർ** (സണ്ണി)

പീറ്ററിന്റെ ഭാര്യ വെള്ളിയാമറ്റം കോയിക്കാട്ടിൽ മാണിയുടെ മകൾ ഏലിയാമ്മയാണ്. ഇവർക്കു അഞ്ചുമക്കളു്. മരിയ ആനീസ് (സിനി 1970), ജോർജ് (സന്തോഷ് 1972), മേരി ട്രീസാ (സ്വപ്നാ 1973), ഡെൽഫീന (ഷീന 1975), എമ്മാനുവേൽ ജോസ് (ഷോൺ 1978). സിനി അങ്കമാലി ഹോംസയൻസ് കോളേജിലും സന്തോഷും സ്വപ്നയും മൂവാറ്റുപുഴ നിർമ്മലാകോളേജിലും മററു രുപേർ സ്ക്കൂളിലും പഠിക്കുന്നു. സണ്ണി വളരെ നാളുകളായി എൽ. ഐ. സി. ഏജൻറായി വർത്തിച്ചുവരുന്നു. കൂട്ടത്തിൽ കുടുംബകാര്യവും. ആരക്കുഴ സഹകരണസംഘത്തിലെ ഭരണസമിതി അംഗമാണ് സണ്ണി ഇപ്പോൾ.

## **വർക്കി പയസ്**

പത്രോസ് വർക്കിയുടെ ഇളയപുത്രനാണു പയസ്. വെള്ളിയാമറ്റം കോയിക്കാട്ടിൽ വർക്കിയുടെ മകൾ ഡാലിയാണു പയസ്സിന്റെ സഹധർമ്മിണി. ഇവർക്കുരു പെൺമക്കളാണുള്ളത്. പയസ്സും കുടുംബവും മാതാപിതാക്കളെ സഹായിച്ചുകൊു തറവാട്ടിൽ തന്നെ താമസിക്കുന്നു.

LM76

# തറവാട്ടുപേരിൽത്തന്നെ നിലനില്ക്കുന്ന മാതേയ്ക്കൽ കുടുംബം

## മാതേയ്ക്കൽ മാത്തുണ്ണി ചാക്കോ (1835)

മാത്തുണ്ണിയുടെ നാലു ആൺമക്കളിൽ ഏറ്റവും ഇളയവനായ ചാക്കോ തറവാട്ടിൽത്തന്നെ മാതാപിതാക്കന്മാരോടൊത്തു താമസിച്ചു. ചാക്കോ വിവാഹം ചെയ്തതു വാഴക്കുളം ഇടവക മഞ്ചേരിയിൽ മറിയത്തെയാണ്. ചാക്കോ മറിയം ദമ്പതികൾക്കു ആറു മക്കളുായിരുന്നു. ഏലീശ്വാ, ഐപ്പ് (1861), മറിയം (1865), വർക്കി (1870), ത്രേസ്യാ (1874), മാത്തു (1878).

മാത്തുണ്ണി ചാക്കോയുടെ മൂത്തമകൾ ഏലീശ്വായെ കുന്നപ്പിള്ളിൽ പ്രസിദ്ധനായ വർക്കി വൈദ്യൻ വിവാഹം ചെയ്തു. ഇവർക്കു ഒരു പുത്രിയുായി. അതോടെ എലീശ്വ മരിച്ചു. ആ മകളെ കുറുപ്പം മഠത്തിൽ കുര്യാക്കോ വിവാഹം ചെയ്തു. വർക്കി വൈദ്യൻ പുനർവിവാഹവും ചെയ്തു.

മാത്തുണ്ണി ചാക്കോയുടെ രാമത്തെ മകൾ മറിയത്തെ ബസ്ലഹം ഇടവക കൊച്ചുമുട്ടത്തു ചെറിയാൻ മകൻ മത്തായി വിവാഹം ചെയ്തു. ഇവർക്കു അഞ്ചു ആൺമക്കളും മൂന്നു പെൺ മക്കളുമാണുായത്. ദുമ്മിനി, തോമ, ഔസേപ്പ്, മത്തായി, ചാക്കോ, സ്കറിയ, അന്നമ്മ, ത്രേസ്യ, മറിയം. ദുമ്മിനിയുടെ പൗത്രനാണ് ബനഡിക്ടർ സഭാംഗമായ റവ. ഫാദർ അലോഷ്യസ് ഡൊമനിക്ക് ഒ. എസ്. ബി. ഇദ്ദേഹത്തിന്റെ സഹോദരനാണു ശോഭന ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ അദ്ധ്യാപകനായ ജോസ് ആന്റണി എം. എ., ബി. എഡ്. ദുമ്മിനിയുടെ പൗത്രിയാണു ഫ്രാൻസിസ്ക്കൻ സഭാംഗമായ സി. അൽഫോൻസാ മേരി എഫ്. സി. സി. മത്തായിയുടെ രാമത്തെ മകൻ തോമായുടെ പുത്രിയാണു സി. ബർണാർഡ് എസ്. ഡി. തോമായുടെ പൗത്രനാണു റവ. ഫാ. തോമസ് കൊച്ചുമുട്ടം സി. എം. ഐ. പൗത്രിമാരാണ് സി. അഗസ്തീനകൊച്ചുമുട്ടം (Sisters of charity, Calcutta), സി. മോളി (ഭോപാൽ), സി. ഒലീവിയ കൊച്ചുമുട്ടം (sisters of charity Calcutta), സി. ബർണ്ണാഡ് കൊച്ചുമുട്ടം എസ്. ഡി. മത്തായി ഔസേപ്പിന്റെ മക്കളാണു സി. ലൂസിയ എസ്. ഡിയും സി. ജസീന്ത എഫ്. സി. സി. യും. പൗത്രിമാരാണ് സി. ലില്ലി ത്രേസ്യാ എസ്. ഡി. നീറമ്പുഴ, സി. പ്രീത എസ്. ഡി. മത്തായി ചാക്കോയുടെ മക്കളാണു സി. മെല്ലോ എഫ്. സി. സി. പൗത്രിമാരാണ് സി. അൽഫോൻസ് സി. എം. സി. ആനിക്കാത്തടത്തിൽ, സി. റോസിലി സി. എം. സി. ആനിക്കാത്തട

ത്തിൽ, സി. റോസിലി എസ്. ഡി. പുളിക്കൽ, സി. മേരി എം. എസ്. ജെ. (പുളിക്കൽ), സി. ഷേർളി എഫ്. സി. സി. കൊച്ചുപാലിയത്തു. മത്തായി സ്ക്കറിയായുടെ മക്കളാണു സി. ലിസ്യൂ മേരി എഫ്. സി. സി. (കോതമംഗലം പ്രോവിൻസ് പ്രൊവിൻഷ്യൽ), സി. ഫ്ളവറ്റ് എഫ്. സി. സി. കൊച്ചുമുട്ടത്തു. മത്തായി മറിയം ദമ്പതികളുടെ പൗത്രന്മാരാണ് റവ. ഫാ. തോമസ് ചെറുകാട്ടു എം. എസ്. എഫും, റവ. ഫാ. ജേക്കബ് തേവർപാടവും. ഫാ. ജേക്കബ് കോതമംഗലം രൂപതയുടെ ആരംഭം മുതൽ 15 കൊല്ലക്കാലം രൂപതാപ്രോക്കുറേറ്ററായിരുന്നു. അസുഖം മൂലം ജോലിയിൽ നിന്നു വിരമിച്ചു രൂപതവക വൃദ്ധവൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്നതോടൊപ്പം അവിടത്തെ ഡയറക്ടറുമായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. മത്തായിയുടെ പൗത്രിമാരാണു സി. ഗ്രേയിസ് മരിയ എഫ്. സി. സി. ചെറുക്കാട്ട്, സി. പയസ്. മരിയ ചെറുക്കാട്ട്, സി. എമ്മാനുവൽ എസ്. ഡി. മയ്യാളത്തു, സി. ഒസ്റ്റിൻ സി. എസ്. എൻ. തേവർപാടത്തു എന്നിവർ.

മത്തുണ്ണി ചാക്കോയുടെ ഇളയപുത്രി ത്രേസ്യായെ വിവാഹം ചെയ്തതു കല്ലൂർക്കാടു ഇടവക പുല്പറമ്പിൽ മാത്തു മകൻ വർഗീസാണ്. ഈ ദമ്പതിക്കൾക്കു അഞ്ചു ആൺമക്കളും ആറു പെൺമക്കളുമാണുായിരുന്നത്. മറിയം, ഔസേപ്പ്, ഏലി, അന്നമ്മ, ചാക്കോ, ത്രേസ്യ, റവ. ഫാ. മർക്കോസ് സി. എം. ഐ., റവ. ഫാ. മാർസൽ സി. എം. ഐ., മോനി, ഡൊമിനിക്ക്, ഫിലോമിന.

ബ. മർക്കോസച്ചൻ 1985–ൽ ദിവംഗതനായി. സംസ്കൃതത്തിൽ മാസ്റ്റർ ബിരുദ്ധമെടുത്ത മാർസലച്ചൻ കുറെനാൾ തേവര കോളേജ് വൈസ് പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടു്. അതിനുശേഷം ഇറാക്കിൽ അവിടത്തെ പാത്രിയാർക്കീസിന്റെ പ്രത്യേകക്ഷണമനുസരിച്ചു പോകുകയും അവിടെ സെമിനാരി റെക്ടറായി കുറെനാൽ ജോലി നോക്കുകയും ചെയ്തു. സംസ്കൃതപണ്ഡിതനായ അദ്ദേഹം നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. ഇപ്പോൾ വാഴക്കുളം കർമ്മലീത്ത ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുന്നു. വർഗീസ് ത്രേസ്യാദമ്പതികളുടെ ഇളയ മകൾ കർമ്മലീത്താ സന്യാസിനീവഭാംഗമായിരുന്നു. സിസ്റ്റർ ദൊരേത്തി സി. എം. സി. ചെറുപ്പത്തിലേ മരിച്ചു.

വർഗീസ് ത്രേസ്യാ മകൾ മറിയത്തിന്റെ മക്കളാണു മാർത്താത്തുള്ള ഡി. എം. സന്യാസസഭാംഗമായ സി. മർസലീന ഡി. എം. പിച്ചാപ്പിള്ളിയും ഹോളി ഫാമിലി സഭാംഗമായ സി. റെമിയും, പോത്താനികാട് എച്ച്. എസ്. എ. ആയി റിട്ടയർ ചെയ്ത പൈലി ബി. എസ്. സി., ബി. എഡ് ഉം. പൊതുക്കാര്യപ്രസക്തനും ഏറെനാൾ പഞ്ചായത്തു പ്രസിഡൻറുമായിരുന്ന കുര്യാക്കോ പിച്ചാപ്പിള്ളിയും മറിയത്തിന്റെ മക്കളാണ്. കൊടുവേലി കർമ്മലീത്ത ആശ്രമാംഗമായ റവ. ഫാ. ജോൺ ആനിക്കോട്ടിലും ഭോപ്പാലിൽ സേവനമനുഷ്ഠിക്കുന്ന ബ്രദർ

ടിജി എസ്. വി. ഡി.യും ഹോളിഫാമിലി സഭാംഗമായ സി. വിമല പിച്ചാപ്പിള്ളിയും സി. സ്റ്റെല്ലാ മരിയ പിച്ചാപ്പിള്ളിയും മറിയത്തിന്റെ പൗത്രമാരാണു. വർഗീസ് ത്രേസ്യാമയുടെ മൂത്തപുത്രൻ ഔസേപ്പിന്റെ മക്കളാണു മാലിപ്പാറ സ്കൂൾ അദ്ധ്യാപികയായ സി. ഫിലോ സി. എം. സി., ബോംബയിൽ അദ്ധ്യാപകനായിരുന്ന തോമസ് എം. എ., ബി. എഡ്. എന്നിവർ. ഔസേപ്പിന്റെ പൗത്രനാണ് റോമിലും ഇംഗ്ലണ്ടിലും പോയി ഡി. ഡി. യും എം. ഐ. യും ബിരുദ്ധങ്ങൾ എടുത്ത് ഇപ്പോൾ മംഗലപ്പുഴ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്ന റവ. ഫാ. ജോർജ് പുൽപറമ്പിൽ (കാരക്കുന്നേൽ). സി. അലക്സ് എഫ്. സി. സി. യും സി. ലിറ്റിൽ മരിയ ഡി. എസ്. എസും. (ദീനജനസേവനസഭ) ഔസേപ്പിന്റെ പൗത്രിമാരാണ്.

കൊച്ചേലിയുടെ മക്കളാണു ഹോളിഫാമിലി സഭാംഗങ്ങളായ സി. റെറസി പോൾ ഏനാനിക്കലും സി. ബെന്നോ ഏനാനിക്കലും. സി. ബെന്നോ ഒരു നേഴ്സു കൂടിയാണ്. അന്നമ്മയുടെ പൗത്രിമാരാണു തിരുഹൃദയസഭയിലെ സി. മേഴ്സിയും ക്ലാരസഭയിലെ സി. റൂബിയും. വർഗീസ് ത്രേസ്യായുടെ രാമത്തെ മകൻ ചാക്കോ വെളിയച്ചാലിൽ താമസിക്കുന്നു. ചാക്കോയുടെ മക്കളാണു സെ. മർത്താസ് സഹോദരീസമൂഹത്തിലെ സി. എലീസിയൂസും സി. മെർലിയും. ത്രേസ്യായുടെ മക്കളാണു റവ. ഫാദർ ഓസ്റ്റിൻ സി. എം. ഐ. യും അപ്പസ്തോലിക്കു കാർമ്മലിലെ സി. മോണിറ്റയും വി. ഫ്രാൻസിസ് സെയിൽസിന്റെ സഭയിലെ സി. തെയോഫിനും.

## മാതേയ്ക്കൽ ചാക്കോ ഐപ്പ്

ചാക്കോയുടെ മൂത്ത മകനായ ഐപ്പ് വിവാഹം ചെയ്തിരിക്കുന്നതു ആരക്കുഴ ഇടവക കൊച്ചുപറമ്പിൽ അബ്രാഹത്തിന്റെ മകൾ മറിയത്തെയാണ്. വിവാഹാനന്തരം ഈ ദമ്പതികൾ തറവാട്ടിൽ നിന്നും പുലക്കുടിപ്പുരയിടത്തിലേയ്ക്കു മാറിത്താമസിച്ചു. ഇവർക്കു ഏലി, മറിയം, അന്ന എന്നീ മൂന്നു പുത്രിമാരും മാത്തു, അബ്രാഹം എന്നീ രു പുത്രന്മാരുമാണുായിരുന്നത്.

ഏലിയെ ബസ്ലേഹം ഇടവക കൊച്ചുമുട്ടത്തു ചെറിയാൻ സ്ക്കറിയ വിവാഹം ചെയ്തു. ഇവർക്കു മൂന്നു മക്കളുായിരുന്നു. ശൗരിയാർ, മറിയം, ജോസഫ്. മാത്തിരി എന്നു വിളിച്ചിരുന്ന മറിയത്തെ ബസ്ലേഹം ഇടവക തേവർപാടത്തു വർക്കി ചാക്കോയാണു വിവാഹം ചെയ്തിരിന്നതു. അവർക്കു ഏഴു മക്കളുു. മറയം, വർക്കി, ചാക്കോ, ജോസഫ്, ഏലി, ത്രേസ്യാ, തോമസ്. ഇവരിൽ വർക്കിയുടെ മകളാണു ആരാധനാസഭാംഗമായ സി. ആൻസി തേവർപാടം. സി. ആൻസി ആനിക്കാടു സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസായി ഇപ്പോൾ

